# വേദദർശനം

ശിഹാബുദ്ദീൻ ആരാമ്പ്രം

പ്രസാധനം

ഡയലോഗ് സെന്റർ, കേരള

വിതരണം

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# പ്രസാധകക്കുറിപ്പ്

**ഹൈ**ന്ദവ സമൂഹത്തിന്റെ വിശ്വാസാദർശങ്ങൾ ദൈവിക ദർശനത്തിന്റെ ചട്ടക്കൂട്ടിൽനിന്നു വളർന്നു വന്നതാണ്. അതിന്റെ മൂലശിലയാണ് ചതുർവേദങ്ങൾ. വേദ സന്ദേശത്തിന്റെ പ്രചാരണത്തിനു വേണ്ടിയാണ് ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും ഉടലെടുത്തത്. എന്നാൽ, ഇന്ന് അവ ഐകരൂപ്യമുള്ള ഒരു ദർശനത്തെയല്ല പ്രതിനിധാനം ചെയ്യുന്നത്. ദൈവ വിശ്വാസം വീക്ഷണ ഭിന്നത പുലർത്തുന്ന നാലു സിദ്ധാന്തങ്ങളായി വേർപിരിഞ്ഞിരിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ച ദർശനങ്ങളും വിരുദ്ധങ്ങളാണ്. വേദങ്ങളുടെ അടിസ്ഥാനാദർശം നിജപ്പെടുത്തുന്നതിൽ പണ്ഡിതന്മാർക്കിടയിൽ രൂപപ്പെട്ട അഭിപ്രായ ഭിന്നതയാണ് ഇതിന്റെ മുഖ്യ ഹേതു. ദൈവവിശ്വാസികളെ പൊതുവിലും ഹിന്ദുമതാനുയായികളെ വിശേഷിച്ചും ഈ വിഷയത്തിൽ ഉദ്ബുദ്ധരാക്കുന്ന കൃതികൾ മലയാളത്തിൽ വേണ്ടത്ര പ്രചാരം നേടിയിട്ടില്ല. ഹൈന്ദവ ദർശനത്തിലെ ഏറെ ചർച്ച ചെയ്യപ്പെട്ട ഏകദൈവ വിശ്വാസത്തെയും പുനർജന്മ സിദ്ധാന്തത്തെയും കുറിച്ച പഠനത്തിന്റെ ഫലമാണ് ഈ കൃതി.

നൂറ്റാണ്ടുകളിലൂടെ ഹിന്ദുമതത്തിലുണ്ടായ പരിവർത്തനങ്ങളെ ആത്മീയവും ചരിത്രപരവുമായ വീക്ഷണത്തിൽ ഇതിൽ അപഗ്രഥിക്കുന്നു. അവതാരവാദം, വിഗ്രഹാരാധന, ഏകദൈവവിശ്വാസം, പുനർജന്മ സിദ്ധാന്തം, പരലോക വിശ്വാസം, വേദദർശനം മുതലായ അധ്യായങ്ങളിലൂടെ സഹസ്രാബ്ദങ്ങൾക്കപ്പുറമുള്ള ദിവ്യസന്ദേശത്തിന്റെ ഇരുളടഞ്ഞ ഏടുകളിലേക്ക് ഈ പഠനം വെള്ളിവെളിച്ചം വീശുന്നു. ഹിന്ദുമത നവോത്ഥാനത്തിന് സ്തുത്യർഹമായ സംഭാവനകളർപ്പിച്ച പണ്ഡിതന്മാരുടെയും പരിഷ്കർത്താക്കളുടെയും കൃതികളെ അവലംബിച്ച് തയ്യാറാക്കിയ 'വേദ ദർശനം' വായനക്കാരിൽ താൽപര്യമുണർത്താതിരിക്കില്ല. പ്രമുഖ മനീഷിയായ ആചാര്യാ നരേന്ദ്രഭൂഷന്റെ അവതാരിക ഗ്രന്ഥത്തിന്റെ മാറ്റു കൂട്ടുന്നു.

**- പ്രസാധകർ**

''സംഗച്ഛധ്വം സംവദധ്വം സം വോ മനാംസി ജാനതാമ്
ദേവോ ഭാഗം യഥാ പൂർവേ സംജാനാനാ ഉപാസതേ
സമാനോ മന്ത്രഃ സമിതിഃ സമാനീ
സമാനം മനഃ സഹചിത്തമേഷാമ്
സമാനം മന്ത്രമഭിമന്ത്രയേ വഃ
സമാനേന വോ ഹവിഷാ ജൂഹോമി
സമാനീ വ ആകൂതിഃ സമാനാ ഹൃദയാനി വഃ
സമാനമനസ്തു വോ മനോ യഥാ വ സുസഹാ സതി.''

(ഋഗ്വേദം -10-190-2, 3, 4)

(അല്ലയോ മനുഷ്യരേ, നിങ്ങൾ എല്ലാവരും ഒന്നിപ്പിൻ, അന്യോന്യം സംവാദം നടത്തുവിൻ, നിങ്ങളുടെ മനസ്സ് ഒരേ അറിവ് ഉള്ളതാകട്ടെ. മുമ്പ് വിദ്വാൻമാർ ഐകമത്യത്തോടെ ധർമത്തിന്റെയും ഐശ്വര്യത്തിന്റെയും ഫലം അനുഭവിച്ചത് പോലെ നിങ്ങളും അനുഭവിപ്പിൻ. നിങ്ങളുടെ മന്ത്രം ഒന്നായിരിക്കട്ടെ. വിചാരം സമാനമായിരിക്കട്ടെ. ഒരേ പരമമായ ലക്ഷ്യം നിങ്ങളുടെ മുമ്പാകെ ഞാൻ സ്ഥാപിക്കുന്നു. ഒരേ യജ്ഞം നിങ്ങൾക്കായി ഞാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങളുടെ സങ്കല്പം സമാനമായിരിക്കട്ടെ. നിങ്ങളുടെ ഹൃദയം സമാനമായിരിക്കട്ടെ. നിങ്ങളുടെ മനസ്സ് ഒന്നായിരിക്കട്ടെ. ഇപ്രകാരം നിങ്ങളുടെ ശുഭമായ മിത്രത സദാ പുലരട്ടെ.)

## താളുകളിൽ

**ആമുഖം**

**അവതാരിക**

**1. അവതാരവാദം**

അവതാരപുരുഷന്മാർ

അവതരണം

**2. വിഗ്രഹാരാധന**

ദൈവ സങ്കല്പം

വിഗ്രഹാരാധന ഇല്ല

**3. ഏകദൈവ വിശ്വാസം**

ബഹുദൈവ വിശ്വാസം

ശരീര രഹിതൻ

ഏകദൈവ വിശ്വാസം അദ്വൈതമല്ല

**4. പുനർജന്മ സിദ്ധാന്തം**

വേദേതര ദർശനം

ഉപനിഷത് സിദ്ധാന്തം

യുക്തിരാഹിത്യം

**5. പരലോക വിശ്വാസം**

വേദങ്ങളിൽ

ഉപനിഷത്തുകളിൽ

ഭഗവദ്ഗീതയിൽ

പുരാണങ്ങളിൽ

**6. നരകം**

വേദങ്ങളിൽ

ഉപനിഷത്തുകളിൽ

ഭഗവദ്ഗീതയിൽ

പുരാണങ്ങളിൽ

**7. സ്വർഗം**

വേദങ്ങളിൽ

ഉപനിഷത്തുകളിൽ

ഭഗവദ്ഗീതയിൽ

പുരാണങ്ങളിൽ

**8. വേദദർശനം**

വേദ ഭാഷ

വേദ ലിപി

വേദ ശാഖകൾ

വേദ വ്യതിയാനം

വേദ നഷ്ടം

നഷ്ട കാരണം

വേദ വ്യാഖ്യാനം

നരാശംസ

**9. ഹിന്ദുമതത്തിന്റെ ആവിർഭാവം**

# ആമുഖം

*"ഹിരൺമയേന പാത്രേന*
*സത്യസ്യാപിഹിതം മുഖം*
*തത്ത്വം പൂഷന്നപാവൃണു*
*സത്യധർമായ ദൃഷ്ടയേ"*

– ഈശാവാസ്യോപനിഷത്ത്,15

*(സത്യത്തിന്റെ മുഖം പ്രകാശമാനമായ ഒരു മൂടികൊണ്ട് അടച്ചിരിക്കുന്നു. അല്ലയോ ലോക പോഷകനായ ദേവാ, ജീവിതം മുഴുവൻ സത്യത്തെ ഉപവസിച്ചുകൊണ്ടിരിക്കുന്ന എനിക്കു വേണ്ടി അങ്ങ് ആ മൂടിയെ മാറ്റിത്തന്നാലും.)*

ഹിന്ദുമതത്തെക്കുറിച്ച പഠനങ്ങൾ ഇന്ന് സാർവത്രികമാണ്. സംസ്കൃത ഭാഷയിൽ വിരചിതമായ ഏതാണ്ടെല്ലാ ഗ്രന്ഥങ്ങൾക്കും പരിഭാഷകൾ ലഭ്യമാണ്. അവയെ അധികരിച്ച പഠനങ്ങൾ പ്രാദേശിക ഭാഷകളിലടക്കം ധാരാളമായി പ്രസിദ്ധീകൃതമാണ്. ഹിന്ദുമത തത്ത്വങ്ങൾ മനസ്സിലാക്കാനുള്ള ഈ സൗകര്യം ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. നൂറ്റാണ്ടുകളോളം, ഹിന്ദുമതത്തിനകത്ത് രൂപംകൊണ്ട ചിന്തയെ അവയുടെ വൈവിധ്യവും വൈപുല്യവും ഉൾക്കൊണ്ട് വിശകലനം നടത്തുവാൻ സംസ്കൃത പണ്ഡിതൻമാർക്കേ അവസരമുണ്ടായിരുന്നുള്ളൂ.

ഭാരതീയ ദർശനത്തെയും ഹിന്ദുമതത്തിലെ ദൈവ സങ്കല്പത്തെയും പഠിക്കുവാൻ ഒരു പുരുഷായുസ്സ് ചെലവഴിച്ച വിദേശിയായ പണ്ഡിതനാണ് അൽബിറൂനി (973 – 1048) (അൽബിറൂനി കണ്ട ഇന്ത്യ, വിവ: എ.എം. മുഹിയുദ്ദീൻ ആലുവ, സാഹിത്യ അക്കാദമി, ന്യൂദൽഹി, 1970). അൽബിറൂനിയുടെ സാഹസികമായ അന്വേഷണം പലർക്കും ഹിന്ദുമതത്തെക്കുറിച്ച് പഠിക്കാൻ പ്രചോദനം നല്കി. ഭരണകൂടത്തിന്റെ സഹായത്തോടെയും അല്ലാതെയും അദ്ദേഹത്തിന്റെ കാലം മുതൽക്കേ ഹിന്ദുമതത്തെക്കുറിച്ച് അന്വേഷണങ്ങൾ നടന്നുകൊണ്ടിരുന്നു. മുസ്‌ലിം ഭരണാധികാരികളുടെ നിർദേശ പ്രകാരം ഈ രംഗത്ത് ഏറെ പുരോഗതിയുണ്ടായി. അറബി – പേർഷ്യൻ ഭാഷകളിൽ വേദങ്ങളുടെയും അനുബന്ധ ഗ്രന്ഥങ്ങളുടെയും വിവർത്തനങ്ങളും വിശദീകരണങ്ങളും പ്രചരിച്ചു. കാശ്മീർ ഭരണാധികാരിയായിരുന്ന സുൽത്താൻ സൈനുൽ ആബിദീനും മുഗൾ ചക്രവർത്തിമാരും ഈ രംഗത്ത് ശ്ലാഘനീയമായ സംരംഭങ്ങൾക്ക് തുടക്കമിട്ടു. സൈനുൽ ആബിദീൻ സ്ഥാപിച്ച 'ദാറുത്തർജമഃ' ഭാരതത്തിലെ ആദ്യത്തെ പഠന – ഗവേഷണ കേന്ദ്രമായാണറിയപ്പെടുന്നത്. മുഗൾ ഭരണാനന്തരം ഷാ അബ്ദുൽ അസീസ് ദഹ്‌ലവി (1746 – 1824), അക്ബർ ഷാ

നജീബ് ആബാദി (1857 - 1938), സയ്യിദ് സനാഉല്ലാ അമൃതസരി (1868 - 1948), മൗലാനാ അബുൽ കലാം ആസാദ് (1888 - 1958) തുടങ്ങിയ പ്രമുഖ പണ്ഡിതൻമാരും ഹിന്ദുമതത്തെക്കുറിച്ച് ആഴത്തിൽ പഠനം നടത്തി.

എന്നാൽ, ഹിന്ദുമതത്തെക്കുറിച്ച് അറബി - പേർഷ്യൻ - ഉർദു ഭാഷകളിൽ നടന്ന പഠനങ്ങൾ പാശ്ചാത്യരുടെ ആഗമനത്തോടെ നിലയ്ക്കുകയോ വിസ്മൃതമാവുകയോ ചെയ്തു. യൂറോപ്യൻ ഭാഷകളിലാണ് പിന്നീട് പഠനങ്ങളധികവും നടന്നത്. സംസ്കൃത ഭാഷയിൽ മാത്രമായിരുന്ന ഹിന്ദുമത ഗ്രന്ഥങ്ങൾ അവർ പുനഃക്രോഡീകരിച്ചു. ഹിന്ദുമത പണ്ഡിതൻമാർക്ക് പോലും അവഗണിക്കാൻ പറ്റാത്ത സാഹിത്യ സമ്പത്തായി അവ പ്രചാരം നേടി. ദൗർഭാഗ്യകരമെന്ന് പറയട്ടെ, പില്ക്കാലത്തുണ്ടായ ഹിന്ദുമത സാഹിത്യങ്ങളിൽ ഭൂരിഭാഗവും പാശ്ചാത്യൻ പണ്ഡിതൻമാർ ഉയർത്തിയ ചിന്താപ്രസ്ഥാനങ്ങളിൽ ഒതുങ്ങി. യാസ്കാചാര്യർ വേദത്തിന് നല്കിയ നിരുക്തഭാഷ്യവും മാധ്വാചാര്യരുടെ ദ്വൈതദർശനവും ഭാരതീയ പണ്ഡിതൻമാർ അർഹിക്കുന്ന പ്രാധാന്യത്തോടെ ചർച്ച ചെയ്യാതിരുന്നതിന് കാരണം പാശ്ചാത്യ പഠനങ്ങളുടെ തെറ്റായ സ്വാധീനമായിരുന്നു. അവരിൽ ഒരു വിഭാഗം ഇന്നും പാശ്ചാത്യരുടെ പാതയിലാണ്. തന്മൂലം പുരാതന സംസ്കാരങ്ങളുടെ മതവിശ്വാസവുമായി ഹിന്ദുമതത്തെ താരതമ്യം ചെയ്യുകയെന്നത് സങ്കീർണമായി. ഏകദൈവ വിശ്വാസാനുഷ്ഠാന ശാസനകളോടൊപ്പം ബഹുദൈവത്വവും അദ്വൈതവും 'വൈരുധ്യാധിഷ്ഠിത ദൈവവിശ്വാസം' പ്രചരിപ്പിക്കുകയാണ്. ശില മുതൽ എലി വരെയുള്ളവ വിഗ്രഹാരാധനാ ഗണത്തിൽപ്പെട്ട ദൈവങ്ങളായിരിക്കുന്നു. ഹിന്ദുമത പണ്ഡിതൻമാർ ഇതിനെ അംഗീകരിക്കുകയോ ഖണ്ഡിക്കാതിരിക്കുകയോ ചെയ്യുന്നുവെന്ന വസ്തുതയും പരിഗണിച്ചാൽ ഹിന്ദുമതം ദൈവിക ദർശനമാണോ എന്ന് സംശയിക്കേണ്ടിവരികയാണ്.

ഹിന്ദുമതത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വേദപ്രമാണങ്ങളുടെ വെളിച്ചത്തിൽ നിരൂപണം ചെയ്ത പണ്ഡിതൻമാരുണ്ട്. രാജാറാം മോഹൻ റോയി(1772 - 1833), ബ്രഹ്മ സമാജ പണ്ഡിതൻമാർ, ദയാനന്ദ സരസ്വതി(1824 - 1883), ആര്യസമാജ പണ്ഡിതൻമാർ, മഹാദേവ ഗോവിന്ദ റാണഡെ (1842 - 1901), പ്രാർഥനാ സമാജ പണ്ഡിതൻമാർ തുടങ്ങി ഒട്ടേറെ പേർ ഹിന്ദുമതത്തെ ഒരു ദൈവിക ദർശനമായി പരിചയപ്പെടുത്തി. പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ ഭാരതമാകെ ആഞ്ഞുവീശിയ ഹിന്ദുമത നവോത്ഥാനത്തിന്റെ ശില്പികൾ ഇവരായിരുന്നു. സർവേന്ത്യാ തലത്തിൽ ശക്തമായ മുന്നേറ്റം നടത്തിയ ഈ പരിഷ്കർത്താക്കളിൽ നിന്ന് ആവേശമുൾക്കൊണ്ട് രാജ്യമൊട്ടുക്കും നിരവധി സാംസ്കാരിക നവോത്ഥാന വേദികൾ രൂപംകൊണ്ടു. കേരളത്തിൽ ശ്രീനാരായണ ഗുരു (1854 - 1928), ബ്രഹ്മാനന്ദ സ്വാമി ശിവയോഗി (1852 - 1929), വാഗ്ഭടാനന്ദഗുരു (1887 - 1939) തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഉദാഹരണം.

വേദങ്ങളെ പ്രമാണമാക്കി ഉടലെടുത്ത പ്രവർത്തനങ്ങൾ യാഥാസ്ഥിതിക പണ്ഡിതൻമാരെ നിരാശരാക്കി. അവർ പഴയ വേദവിരുദ്ധ മതത്തെ മുറുകെ പിടിച്ചു. പുതിയ നവോത്ഥാനത്തെ സമൂഹത്തിൽ നിന്ന് അകറ്റിനിർത്തുവാനുള്ള ശ്രമത്തിൽ സജീവമായി. ജീവിക്കുന്ന അവതാരങ്ങളും സ്വർണ വിഗ്രഹങ്ങളും പ്രാചീനവും ആധുനികവുമായ അന്ധവിശ്വാസങ്ങളിലും മുഴുകി, ഇന്നത് വർഗീയതയിലും വംശീയതയിലും കാലൂന്നിയിരിക്കുകയാണ്. വേദവിരുദ്ധരുടെ തേരോട്ടത്തിൽ മണ്ണടിഞ്ഞ മതധർമത്തെ കണ്ടെത്താനും അവയുടെ സ്ഥാനത്ത് പുനർജനിച്ച പടുമുളകൾ പിഴുതെടുക്കാനും



ശ്രമിച്ച നവോത്ഥാന ശില്പികളുടെ ചിന്തകളും അന്വേഷണങ്ങളുമാണ് ഈ കൃതിയെഴുതാനുള്ള പ്രചോദനം. വേദങ്ങൾക്ക് പ്രഥമസ്ഥാനം നല്കിയ ഗ്രന്ഥങ്ങളിൽ സൂചിപ്പിക്കാത്ത ഒന്നും ചർച്ച ചെയ്തിട്ടില്ല. വേദങ്ങൾക്ക് നാലാം സ്ഥാനം നല്കിയ കൃതികളുടെ അഭിപ്രായം പരിഗണിച്ചിട്ടില്ല.

അവതാരവാദം, വിഗ്രഹാരാധന, അദ്വൈതം, പുനർജന്മ സിദ്ധാന്തം എന്നിവ വേദേതര ദർശനങ്ങളാണ്. ആധുനിക ഹിന്ദുമതം പ്രചരിപ്പിക്കുന്ന ഈ വിശ്വാസാചാരങ്ങളെക്കുറിച്ച് വേദങ്ങളിൽ പരാമർശങ്ങളില്ല. പല ദേവൻമാരെയും പരാമർശിക്കുന്നുവെങ്കിലും ഒരു സമയത്ത് ഒന്നിലധികം ദേവൻമാർക്ക് പരമപ്രാധാന്യം കല്പിച്ചിരുന്നില്ല. ആരംഭത്തിൽ സ്ഥാപകനായ ധാതാവ്, ആജ്ഞാപകനായ വിധാതാവ്, സർവ സ്രഷ്ടാവായ വിശ്വകർമാവ്, സൃഷ്ടികളുടെ ദൈവമായ പ്രജാപതി എന്നിങ്ങനെ അമൂർത്ത ദേവൻമാർ പ്രത്യക്ഷപ്പെട്ടു. പിന്നീട് ദൈവങ്ങളുടെ പ്രവാഹമായിരുന്നു. അചിരേണ അവ മൂർത്തികളായി.

വൈദികാനന്തര കാലമായപ്പോഴേക്കും പിശാചുക്കൾ, കുട്ടിച്ചാത്തൻ, മന്ത്രങ്ങൾ, ആഭിചാരം എന്നിവയിൽ ജനങ്ങൾ വിശ്വസിച്ചു. പിന്നീട് അവ മതഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചു. ഇത്തരം അന്ധവിശ്വാസങ്ങളുടെ ആഗമനത്തോടെ ഏകദൈവാരാധനയും പരലോക വിശ്വാസവും വിസ്മൃതമായി. അവയുടെ സ്ഥാനം ഉപരിസൂചിത സിദ്ധാന്തങ്ങൾക്കായി. ഇങ്ങനെ ഹൈന്ദവ സമൂഹത്തിൽ നൂറ്റാണ്ടുകളിലൂടെ വളർന്ന മനഃപരിവർത്തനങ്ങളെക്കുറിച്ച വിശകലനമാണ് 'വേദദർശനം.'

അവതാരവാദം, നവീനാശയങ്ങൾ പ്രചരിപ്പിക്കാനുള്ള അടിത്തറയാണ്. എത്ര ചെറിയതും മഹത്ത്വവൽക്കരിക്കാൻ ഈ വാദം സഹായിക്കുന്നു. സമൂഹത്തിലെ ഭരണപരമോ സാംസ്കാരികമോ ആയ രംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തവരെ അവരുടെ കാലശേഷം ദൈവമാക്കുന്നു. പുരോഹിതൻമാരും കവികളും ഭരണകൂടവും തങ്ങളുടെ താൽപര്യ സംരക്ഷകരായാണ് അവരെ വ്യാഖ്യാനിച്ച് ദൈവമാക്കുക. നാളുകൾ പിന്നിടുംതോറും അവരുടെ മഹത്ത്വം വർധിക്കും. ദിവ്യശക്തി ചോദ്യം ചെയ്യപ്പെടാതെ സ്വീകാര്യത നേടും. ആരംഭത്തിൽ പലരും മരണാനന്തരമാണ് അവതാരമായിരുന്നതെങ്കിൽ പിന്നീട് ജീവിതകാലത്ത് തന്നെ ആ മഹത്ത്വം ആർജിച്ചു. മതനവോത്ഥാനത്തിന്റെ വളർച്ചയിലും ചരിത്രത്തിലും ബ്രാഹ്മണ മേധാവിത്വത്തെ ശക്തിപ്പെടുത്തുന്നവരും അതിനെതിരെയുള്ള വിമർശനത്തെ പ്രതിരോധിക്കുന്നവരുമായി അവർ സ്ഥാനം നേടി. ആദിയിൽ കഥകളിലും കവിതയിലും നിറഞ്ഞുനിന്ന വ്യക്തിത്വങ്ങൾ ഇന്ന് ദൈവങ്ങളും മതസ്ഥാപകരുമാണ്. ഹിന്ദുമത ചരിത്രത്തിൽ സാമൂഹിക സമത്വത്തിനും ചൂഷണത്തിനുമെതിരിൽ ചന്ദ്രഹാസമിളക്കിയ അവതാരങ്ങളില്ല. അവർ പുരോഹിതൻമാരെയും ഭരണത്തെയും അനുഗ്രഹിക്കുന്നവരായിരുന്നു. എന്നിട്ടും മതനവോത്ഥാന ചരിത്രത്തിൽ അവതാരങ്ങൾക്ക് ഔന്നത്യം ലഭിച്ചത്, പൗരോഹിത്യത്തിന്റെ അനുഗ്രഹാശിസ്സുകളും സ്വാധീനവും കാരണമായാണ്. അവതാരവാദത്തെ, വേദദർശനത്തിൽ നിന്ന് സമൂഹത്തെ വേദവിരുദ്ധ ആശയത്തിലേക്ക് ആനയിച്ച പാതയായി കണക്കാക്കാം.

അവതാരങ്ങളിൽ അവസാനത്തേതായ കൽക്കി ഇതുവരെയും വന്നിട്ടില്ലെന്നാണ് വാദം. കാരണം, അവതാരവാദം എല്ലാ കാലത്തെയും ജനങ്ങളെ സ്വാധീനിക്കാൻ യുക്തമായ മാധ്യമമാണ്. ഏത് കാലത്തും ഹിന്ദുമതത്തിൽ അവതാരങ്ങൾ വരാം. സമൂഹം അത് കൽക്കിയാണെന്ന് കരുതണം. പുതിയ അവതാരത്തെ ദൈവമായി അംഗീകരിക്കണം.

അതിന്റെ ശാസനകളിലൂടെ പുരോഹിതൻമാർക്ക് അവരുടെ അഭീഷ്ടം പൂർത്തീകരിക്കാം. അതിന് വേണ്ടിയാണ് അവതാരവാദത്തിന്റെ വാതിൽ അടയ്ക്കാതിരുന്നതും അവിടെ കൽക്കിയെന്ന പേർ വെച്ചതും. എന്നാൽ, ഈ വിചിത്ര വാദത്തിൽ വഞ്ചിതരായ ചില മുസ്‌ലിം പണ്ഡിതൻമാർ, കൽക്കി ലോകാനുഗ്രഹിയായ മുഹമ്മദ് നബിയാണെന്ന് 'കണ്ടെത്തി'യിരിക്കുന്നു! ദൈവ വിശ്വാസത്തെക്കുറിച്ച പ്രവാചകന്റെ അധ്യാപനങ്ങൾ ഈ വിഷയത്തിലെങ്കിലും അവരും മറന്നുപോയെന്ന് വിനയപൂർവം ഉണർത്തട്ടെ.

അവതാരവാദത്തിന്റെ തുടർച്ചയെന്നോണം, വേദസന്ദേശത്തെയും ആർഷ പാരമ്പര്യത്തെയും വിസ്മരിപ്പിക്കാനും വഴിതിരിച്ചുവിടാനും കണ്ടെത്തിയ മാർഗമാണ് വിഗ്രഹാരാധന. പൊതുജനങ്ങളെ ആകർഷിക്കുന്നതാണ് അതിലെ പൂജാരീതികൾ. ഈശ്വര ധ്യാനത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തുന്ന ചിത്രങ്ങളാണ് വിഗ്രഹാരാധനാ വേളയിൽ ദൃഷ്ടിയിൽ നിന്നും മനസ്സിലേക്ക് പ്രവേശിക്കുക. വേദവിരുദ്ധമായ ഈ ആചാരത്തിന്റെ മറവിലാണ് ആധുനിക ഹിന്ദുമതം വളർന്നത്. കലഹങ്ങൾക്കും കൂട്ടക്കശാപ്പുകൾക്കുമിരയായ ബുദ്ധ - ജൈന മതങ്ങളെയും ഹിന്ദുമതത്തെയും നൂറ്റാണ്ടുകൾക്ക് ശേഷം ബന്ധിപ്പിച്ച കണ്ണിയായിരുന്നു ഇത്. ബുദ്ധ - ജൈനമതങ്ങളോട് മത്സരിക്കാൻ കഴിയാതിരുന്നപ്പോൾ ഹിന്ദുമതം അവരുടെ ആചാരങ്ങൾ ദത്തെടുത്തു. പുതിയ ആരാധനാ രീതികൾ ഹിന്ദുമതത്തിലെ ദൈവ വിശ്വാസത്തെ കീഴ്മേൽ മറിച്ചുകളയുകയുണ്ടായി. എന്നാൽ, അവതാരവാദവും വിഗ്രഹാരാധനയും ജനങ്ങളിൽ ചില ശങ്കകൾ സൃഷ്ടിച്ചതിലപ്പുറം ഏകദൈവ വിശ്വാസത്തെ വിസ്മരിപ്പിക്കുവാൻ മാത്രം ശക്തമായിരുന്നില്ല. ഏകദൈവ വിശ്വാസം, അവതാരവാദവും വിഗ്രഹാരാധനയുമായി പ്രത്യക്ഷത്തിൽതന്നെ വേർപിരിഞ്ഞ് നില്ക്കുന്നതിനാലാവാം അതുമായി സാമ്യത തോന്നിക്കുന്ന അദ്വൈതം ആവിഷ്കരിക്കേണ്ടിവന്നത്. ഏകദൈവ വിശ്വാസം അനുശാസിക്കുന്ന സൂക്തങ്ങളെ എളുപ്പത്തിൽ ദുർവ്യാഖ്യാനിക്കാനും തെറ്റിദ്ധരിപ്പിക്കാനും അദ്വൈതത്തിന് സാധിച്ചു. ഒരർഥത്തിൽ അദ്വൈതമാണ് വേദാനുശാസിതമായ ഏകദൈവ വിശ്വാസത്തെ ചൈതന്യ രഹിതമാക്കാൻ പുരോഹിതൻമാർക്ക് പ്രചോദനമായത്. അവതാരവാദവും വിഗ്രഹാരാധനയും പരാജയപ്പെട്ടിടത്ത് അദ്വൈതം മുന്നേറി. എങ്കിലും വേദങ്ങളിലെ ഏകദൈവ വിശ്വാസം പൂർണമായും തുടച്ചു മാറ്റാൻ പുരോഹിതൻമാർക്ക് കഴിഞ്ഞില്ല. ദൈവിക ദർശനത്തിന്റെ മഹത്ത്വംകൊണ്ടാണ് വേദങ്ങളിൽ നിന്ന് ആ രശ്മി ഇന്നും പ്രഭ ചൊരിയുന്നത്.

ഹിന്ദുമതത്തിൽ ദൈവവിശ്വാസം പോലെ പ്രാധാന്യമുള്ളതാണ് പരലോക വിശ്വാസവും. എന്നാൽ, മരണാനന്തര ജീവിതത്തെയും നരക - സ്വർഗങ്ങളെയും കുറിച്ച വേദദർശനമല്ല ഇന്ന് ഹിന്ദുമതത്തിലുള്ളത്; കർമപരമായ പുനർജന്മ സിദ്ധാന്തമാണ്. പരലോക വിശ്വാസത്തിനെതിരെ, നൂറ്റാണ്ടുകൾക്ക് മുമ്പേ ഉപനിഷദ് ചിന്തകൻമാർ വെല്ലുവിളിയുയർത്തി. വേദങ്ങളിലെ പരലോക വിശ്വാസത്തെ ഉപനിഷത്തുകൾ നിഷേധിക്കുകയും പകരം പുനർജന്മ സിദ്ധാന്തം ആവിഷ്കരിക്കുകയും ചെയ്തു. സൂക്ഷ്മ വിശകലനത്തിൽ പരലോക വിശ്വാസം, വിചാരണയുടെയും രക്ഷാ - ശിക്ഷകളുടെയും ഈശ്വരാരാധനയുടെയും ശക്തമായ ദൈവിക ബോധം നിലനിറുത്തുന്നു. മനുഷ്യനെ ഈശ്വരനുമായി അടുക്കാനും ജീവിത വ്യവഹാരങ്ങളിൽ സൂക്ഷ്മത പുലർത്താനും പ്രേരിപ്പിക്കുന്നു. എന്നാൽ, പുനർജന്മ സിദ്ധാന്തം മനുഷ്യനിൽ ദൈവഭയമോ സദാചാര നിരതനായിരിക്കാനുള്ള പ്രേരണയോ ചെലുത്തുന്നില്ല. വീണ്ടും ഈ ഭൂമിയിൽ മറ്റൊരു ജീവിയായി പിറക്കുമെന്ന ഭാവന കുറ്റവാളികളെ കുറഞ്ഞ തോതിലേ സ്വാധീനിക്കു



ന്നുള്ളൂ. സ്വർഗ - നരകങ്ങളിലെ രക്ഷാ - ശിക്ഷകളും അവ മനസ്സിൽ സൃഷ്ടിക്കുന്ന ഭയഭക്തിയും സൽകൃത്യങ്ങളിൽ മുഴുകാനുള്ള പ്രേരണയും പുനർജന്മ സിദ്ധാന്തത്തിന് നല്കാൻ കഴിഞ്ഞിട്ടില്ല. പുനർജന്മ സിദ്ധാന്തം, പരലോക ജീവിത ചിത്രണങ്ങളിലൂടെ സംജാതമാക്കുന്ന മാനസികാവസ്ഥയെക്കാളും, വിശ്വാസത്തിന്റെ ശക്തി കുറയ്ക്കുകയാണ്. അവതാരവാദവും വിഗ്രഹാരാധനയും അദ്വൈതവും സൃഷ്ടിച്ച ഫലങ്ങളിൽനിന്ന് ഏറെയൊന്നും ഭിന്നമല്ല പുനർജന്മ സിദ്ധാന്തത്തിന്റെയും നേട്ടങ്ങൾ. മനുഷ്യാരംഭം മുതൽ ഭൂമുഖത്ത് സ്വാധീനമുറപ്പിച്ച അതിശക്തവും മഹത്തരവുമായ പാരമ്പര്യത്തെ - ഈശ്വര വിശ്വാസത്തെ - മനുഷ്യമനസ്സിൽ നിന്നും അവരറിയാതെ ഉരുക്കിക്കളയുകയാണ് മേൽപ്പറഞ്ഞ ചിന്താരീതികൾ. നിസ്വാർഥരും സജ്ജനങ്ങളുമായ എണ്ണമറ്റ ഹിന്ദുമത വിശ്വാസികൾക്ക് തങ്ങളുടെ മനസ്സിന്റെ ശ്രീകോവിലിൽ നിന്ന് ഈശ്വരനെ ആരോ പടിയടച്ച് പുറത്തിരുത്തിയത് അറിയാൻ ഇന്നും കഴിഞ്ഞിട്ടില്ല.

വേദവ്യാഖ്യാനത്തിൽ വന്ന ക്രമക്കേടുകളും വേദഭാഗങ്ങൾ നഷ്ടപ്പെട്ടതും ഭാഷയിലും ലിപിയിലുമുണ്ടായ പരിവർത്തനങ്ങളും വേദമന്ത്രങ്ങളുടെ ശരിയായ ആശയം ഗ്രഹിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചു. ഈയവസരം ചൂഷണം ചെയ്ത്, വേദവാക്യങ്ങളെ പലരും ദുർവ്യാഖ്യാനിച്ചു. ഇവയാണ് പിന്നീട് ഹിന്ദുമതദർശനമായി പ്രചരിച്ചത്. അവ ഹിന്ദുക്കളുടെ മരണാനന്തര ജീവിതം ശുഭകരമാക്കുന്ന സന്ദേശമായിരുന്നില്ല നല്കിയത്.

പില്ക്കാലത്ത് കഥകളും പുരാണങ്ങളും നിരത്തി ഈ അവ്യക്തതകൾ സങ്കീർണമാക്കിയതല്ലാതെ പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞില്ല. ഉപനിഷദ് കർത്താക്കൾ ദൈവിക ദർശനത്തിന്റെ ചട്ടക്കൂടിൽ നിന്ന് സ്വതന്ത്രമാവാൻ പ്രയത്നിച്ചു. ഗണ്യമായ പരിവർത്തനങ്ങളോടെയാണ് വേദദർശനത്തെ അവർ അവതരിപ്പിച്ചത്. വേദങ്ങളെക്കാൾ വേദേതര ഗ്രന്ഥങ്ങൾക്ക് പ്രാധാന്യം കല്പിച്ചു. ഈ അഴിച്ചുപണി ഹിന്ദുമതത്തിന്റെ ശക്തി ക്ഷയിപ്പിച്ചു. ഇന്നത്തെ അഫ്ഗാനിസ്താൻ, പാകിസ്താൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ, കംബോഡിയ എന്നിവിടങ്ങളിൽ നിന്ന് ഹിന്ദുമതം പിൻവാങ്ങി. അവിടത്തെ വേദാനുയായികളായ ഹിന്ദുക്കൾ പുത്തൻ ഹിന്ദുമതവുമായി വേർപിരിഞ്ഞു. ദൈവിക പ്രോക്തമായ ചതുർവേദങ്ങളുടെ സന്ദേശത്തിൽനിന്ന് ഭിന്നമായ വിശ്വാസാചാരങ്ങൾ അംഗീകരിക്കാൻ വിസമ്മതിച്ചു. വേദങ്ങളുടെ ചൈതന്യം പുതിയ ഹിന്ദുമതത്തിൽ പ്രതിഫലിക്കാതിരുന്നപ്പോൾ വേദവിരുദ്ധമല്ലാത്ത സൻമാർഗം അവർ ആശ്ലേഷിച്ചു. ഇന്ത്യയിലും ഒരു വലിയ വിഭാഗം ജനങ്ങൾക്കിടയിൽ വേദവിരുദ്ധമായ ഹിന്ദുമതത്തിന് വേരോട്ടം കിട്ടിയില്ല. കേരളത്തിൽ, സ്വന്തം സാമ്രാജ്യം മറ്റുള്ളവർക്ക് ദാനം ചെയ്ത് ചേരമൻ പെരുമാൾ മഹാരാജാവ് വേദവിരുദ്ധമായ ഹിന്ദുമതം ഉപേക്ഷിച്ച് മക്കയിലേക്ക് യാത്രയായത് ഉദാഹരണം. ചരിത്രത്തിന്റെ ഗതിമാറ്റുന്ന അത്തരം മനം മാറ്റങ്ങൾ ഉണ്ടാകുന്നത്, ദൈവിക സന്ദേശങ്ങളെ സാക്ഷാത്കരിക്കാത്ത തത്ത്വങ്ങൾ വേദാനുയായികളുടെ മനസ്സിൽ വേരൂന്നാത്തതിനാലാണ്. എന്നാൽ, ഏകദൈവ വിശ്വാസത്തോട് പരാജയപ്പെട്ട വേദാന്തികൾ ചരിത്രത്തിലെ രത്നശോഭ വിതറിയ അത്തരം സംഭവങ്ങളെ മുസ്‌ലിം ഭരണാധികാരികളുടെ കൈയേറ്റമായി മാത്രം ചിത്രീകരിച്ച് സായൂജ്യമടയുകയാണ്.

വേദവെളിച്ചത്തിൽ ജീവിതം ക്രമപ്പെടുത്താൻ വ്രതമെടുത്തവരെ പോലും വഴിതെറ്റിച്ച സംഭവങ്ങൾ ഹിന്ദുമത ചരിത്രത്തിൽ കാണാൻ കഴിയും. ബ്രഹ്മസമാജത്തിന്റെ ദ്വിതീ

യാചാര്യനും മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ പിതാവുമായ മഹർഷി ദേവേന്ദ്രനാഥ ടാഗോറി(1817 - 1905)ന്റെ ജീവിതം ഹിന്ദുമതത്തിന്റെ ആത്മാവ് വഴിമാറിയതിന്റെ നിഴലുകളാണ്. 14 - ാമത്തെ വയസ്സിൽ ഒരു രാത്രി അദ്ദേഹം നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്ക് നോക്കുകയായിരുന്നു. പ്രപഞ്ചത്തിന്റെ അതുല്യമായ സൃഷ്ടി മാഹാത്മ്യം കണ്ട് അദ്ദേഹം അദ്ഭുതപ്പെട്ടു. മംഗല്യപ്പന്തൽ പോലെ പ്രശോഭിക്കുന്ന താരനിബിഡമായ ആകാശം, ഒരു മൂർത്തിയുടെ കൈപ്പണിയാകാൻ ഇടയില്ലെന്ന് മനസ്സ് മന്ത്രിച്ചു. ദേവീ - ദേവ വിഗ്രഹപൂജയോട് ഇളംപ്രായത്തിലേ അദ്ദേഹം വിടപറഞ്ഞു; ഏകദൈവ വിശ്വാസിയും ബ്രഹ്മസമാജ പ്രവർത്തകനുമായി. തന്റെ സഹോദരന്മാരെയും ബന്ധുക്കളെയും സ്നേഹിതൻമാരെയും ഏകദൈവാരാധനയ്ക്ക് വേണ്ടി അദ്ദേഹം പ്രേരിപ്പിച്ചു. ഒരു ദിവസം വീട്ടിൽ ദുർഗാപൂജ നടത്തുമ്പോൾ ദേവേന്ദ്രനാഥും അനുയായികളും വീട്ടിലെ ഒരൊഴിഞ്ഞ മുറിയിൽ ഏകനായ ദൈവത്തോട് പ്രാർഥിക്കുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

വേദ തത്ത്വങ്ങൾ ഈശ്വരനാൽ വെളിവായ പ്രമാദരഹിതമായ വിജ്ഞാനമാണെന്ന് ദേവേന്ദ്രനാഥ ടാഗോറിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ബ്രഹ്മസമാജത്തിന്റെ വീക്ഷണവും രാജാറാം മോഹൻറായിയുടെ അധ്യാപനവും അതായിരുന്നു. എന്നാൽ, പില്ക്കാലത്തെ ബ്രഹ്മസമാജാംഗങ്ങളായ അക്ഷയകുമാർ ദത്ത, രാമ്തനുലാഹിരി, രാജഗോപാൽ ഘോഷ് തുടങ്ങിയവർ ഈ വിശ്വാസത്തെ ചോദ്യം ചെയ്തു. ബ്രഹ്മസമാജത്തിന്റെ പോഷക വേദിയായ തത്ത്വബോധിനീ സഭയുടെ യോഗങ്ങളിലും അതിന്റെ മുഖപത്രത്തിലും വിവാദങ്ങൾക്ക് തിരികൊളുത്തി: ബ്രഹ്മസമാജം ഒരു പുതിയ മതമാണ്. ദൈവികമായ പഴഞ്ചൻ തത്ത്വശാസ്ത്ര(വേദം)മല്ല അതിനുവേണ്ടി ഹാജരാക്കേണ്ടത് എന്നായിരുന്നു അവരുടെ വാദം. ചില സാമൂഹിക വിശ്വാസങ്ങളെസ്സംബന്ധിച്ച് ഇത് ശരിയാണെങ്കിലും മതവിശ്വാസത്തെസ്സംബന്ധിച്ച ഈ സങ്കല്പം തികച്ചും അബദ്ധമാണ്. വേദങ്ങളെക്കുറിച്ച് വളരെക്കാലം മുറുകെപ്പിടിച്ചിരുന്ന സിദ്ധാന്തത്തെ ഉപേക്ഷിക്കുവാൻ ദേവേന്ദ്രനാഥിനെപ്പോലുള്ള ഒരു സത്യാർഥിക്ക് കഴിയുമായിരുന്നില്ല.

രാജാറാം മോഹൻറായിയുടെ കാലം മുതൽ സ്വീകരിച്ചുവന്ന, വേദങ്ങൾക്ക് പ്രഥമ സ്ഥാനം എന്ന ആദ്യ നിലപാട് മാറ്റുവാനുള്ള സമ്മർദം മുറുകി. അണികൾക്കിടയിൽ വളർന്ന ആശയക്കുഴപ്പം ദേവേന്ദ്രനാഥിനെ ദുഃഖിപ്പിച്ചു. എതിരാളികളുടെ പക്ഷം സ്വീകരിക്കാൻ അദ്ദേഹം നിർബന്ധിതനായി. പ്രസ്ഥാനത്തോടുള്ള പ്രതിബദ്ധത കാരണം ജീവിതകാലം മുഴുവൻ താൻ വിശ്വസിച്ചിരുന്നവയിൽ നിന്ന് പിൻമാറുവാൻ തയ്യാറായത് ഹൃദയഭേദകമായിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ നാരായണൻ ചൗധരി എഴുതുന്നു: *"അവരുടെ അഭിലാഷങ്ങളെ മാനിച്ച് വേദങ്ങളെസ്സംബന്ധിച്ച തന്റെ നിലപാട് പുനഃപരിശോധന ചെയ്യാൻ അദ്ദേഹം തയ്യാറായി. പക്ഷേ, അത് അദ്ദേഹത്തിന് ഒട്ടും എളുപ്പമുള്ള ജോലിയായിരുന്നില്ല. ഭദ്രമായ അടിസ്ഥാനമെന്ന് അദ്ദേഹം വിശ്വസിച്ച വേദങ്ങളെ ആധാരമാക്കിയാണ് അദ്ദേഹത്തിന്റെ മതപരമായ തത്ത്വചിന്തകൾ പടുത്തുയർത്തിയിരുന്നത്. തന്റെ തത്ത്വശാസ്ത്രത്തിന്റെ ഘടനയെ ആകെ മാറ്റിമറിക്കേണ്ട കാര്യമുണ്ടോ എന്ന കാര്യം പരിഗണിക്കുന്നതിന് മുമ്പ് നിഷ്കൃഷ്ടവും ശ്രമകരവുമായ ഒരന്വേഷണം നടത്തേണ്ടതുണ്ടായിരുന്നു."* (വിവ. ബി. ഹൃദയകുമാരി, മഹർഷി ദേവേന്ദ്രനാഥ ടാഗോർ, പേ. 51, സാഹിത്യ അക്കാദമി, ന്യൂദൽഹി 1983).

തികച്ചും വ്യത്യസ്തമായ വീക്ഷണക്കാരായിരുന്നു അക്ഷയകുമാറും ദേവന്ദ്രനാഥും. ഈശ്വര വിശ്വാസിയായിരുന്നുവെങ്കിലും ഉള്ളിന്റെയുള്ളിൽ അക്ഷയകുമാർ യുക്തിവാ



ദിയായിരുന്നു. അദ്ദേഹത്തിന്റെ കടുത്ത വിമർശനങ്ങളിൽ നിന്നും ബ്രഹ്മസമാജത്തെ രക്ഷിക്കുവാൻ ഉപനിഷത്തുകൾക്ക് പ്രഥമ പരിഗണന നല്കുകയാണ് അഭികാമ്യമെന്ന് കരുതി, ദേവേന്ദ്രനാഥ് അവയെക്കുറിച്ച് പഠനമാരംഭിച്ചു. ഉപനിഷത്തുകളെക്കുറിച്ചും ബ്രഹ്മസൂത്രത്തെക്കുറിച്ചും ശങ്കരാചാര്യർ നടത്തിയ പഠനങ്ങൾ അദ്ദേഹത്തെ അസംതൃപ്തനാക്കി. ബൃഹദാരണ്യകോപനിഷത്തിലെ 'സോഹമസ്മി'ക്കും ഛന്ദോഗ്യോപനിഷത്തിലെ 'തത്ത്വമസി'ക്കും ശങ്കരാചാര്യർ നല്കിയ വ്യാഖ്യാനം വായിച്ചപ്പോൾ യഥാർഥ ഹൈന്ദവ ദർശനം അതിന്റെ അടിസ്ഥാനങ്ങളിൽനിന്ന് വ്യതിചലിച്ചതായി ദേവേന്ദ്രനാഥ ടാഗോറിന് ബോധ്യമായി. നാരായണൻ ചൗധരി തന്നെ പറയട്ടെ: *"ബ്രഹ്മധർമത്തിന്റെ അടിസ്ഥാനം ആരാധിതനും ആരാധകനും തമ്മിലുള്ള ബന്ധമാണ്. ഇതിനു പകരം ഈശ്വരനെയും ഭക്തനെയും തുല്യരായി കാണുന്ന ഒരു ബന്ധത്തിൽ ആരാധകന്റെ അഹന്ത അതിലാളനയേറ്റ് ക്രമാതീതമായി വളരുന്നു; അതോടെ ബ്രഹ്മത്തിന്റെ ഘടന തകരുന്നു. ആത്മകഥയിൽ ഈ വിഷയത്തെപ്പറ്റി ദേവേന്ദ്രനാഥ് പറയുന്നു: 'ഞാൻ ബ്രഹ്മമാണ്' - ഈ വിധമുള്ള ആത്മപ്രശംസ വളരെയേറെ തിന്മയുടെ മൂല കാരണമാണ്. ഈ വിധമുള്ള വാക്കുകൾ ഉച്ചരിക്കുന്നത് നിർത്തണം. മനുഷ്യൻ ദൗർബല്യങ്ങൾ, വിരഹങ്ങൾ, പാപങ്ങൾ, ദുഃഖങ്ങൾ എന്നിവയിൽ കുരുങ്ങിക്കിടക്കുമ്പോൾ, ലൗകികമായ നൂറു മമതകളിൽ ബന്ധിതനായിരിക്കുമ്പോൾ താൻ എന്നെന്നേക്കും സ്വതന്ത്രനാണെന്ന് സങ്കല്പിക്കുന്നത് അദ്ഭുതകരം തന്നെ. ജീവനും ബ്രഹ്മവും തുല്യമാണെന്ന് പഠിപ്പിച്ച് ശങ്കരൻ ഇന്ത്യയുടെ തല തിരിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ മാന്ത്രിക ശക്തിയിൽ ബദ്ധരായി സന്യാസിമാർ മാത്രമല്ല ഗൃഹസ്ഥൻമാർ പോലും 'സോഹം' - ഞാൻ ഈശ്വരനാണ് - എന്ന അബദ്ധം ഉരുവിടുകയാണ് (അധ്യായം - 28)."* (മഹർഷി ദേവന്ദ്രനാഥ് ടാഗോർ, പേ. 55, 56.)

വേദദർശനമായിരുന്നു ബ്രഹ്മസമാജത്തിന്റെ ആദർശം. എന്നാൽ മറ്റുള്ളവരുടെ സമ്മർദത്താൽ, ദേവന്ദ്രനാഥ ടാഗോറും പ്രഥമസ്ഥാനത്തു നിന്ന് വേദത്തെ മാറ്റി. പകരം 'ബ്രഹ്മധർമ'മെന്ന പേരിൽ ഗ്രന്ഥം രചിച്ച് ബ്രഹ്മസമാജത്തിന്റെ പ്രാമാണിക രേഖയാക്കി. വേദങ്ങളുടെ അഭ്യുന്നതിക്ക് ഒരു പ്രസ്ഥാനം തുടങ്ങുകയും ജീവിതം വേദദർശനങ്ങളുടെ സംസ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്ത മഹാനായിരുന്നു ദേവേന്ദ്രനാഥ ടാഗോർ. അദ്ദേഹത്തിന് പോലും ലക്ഷ്യത്തിലെത്താൻ കഴിയാത്തവിധം ദൈവികദർശനങ്ങളിൽ നിന്ന് ഹിന്ദുമതം അകറ്റപ്പെട്ടു.

സുദീർഘമായ ഒരു കാലത്തിന്റെയും സംസ്കാര സമ്പന്നമായ ഒരു സമൂഹത്തിന്റെയും മതദർശനത്തിലേക്കും ചരിത്രത്തിലേക്കുമുള്ള തിരിഞ്ഞുനോട്ടമാണിത്. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമുള്ള ഒരു ശ്രമം. ഇതിൽ ന്യൂനതകളുണ്ടെങ്കിൽ മാന്യ വായനക്കാർ ചൂണ്ടിക്കാട്ടുമെന്ന് പ്രതീക്ഷിക്കുന്നു. വൈദികം, ആര്യം, ആർഷം, ശൈവം, വൈഷ്ണവം എന്നിങ്ങനെയുള്ള നിരവധി ചിന്താധാരകളെ മൊത്തത്തിൽ ഹിന്ദുമതമായി പരിചയപ്പെടുത്തിയത് ഇന്ന് അവയെല്ലാം ആ പേരിൽ അറിയപ്പെടുന്നതിനാലാണ്. വാല്യങ്ങളുള്ള ബൃഹദ്ഗ്രന്ഥത്തിൽ ക്രോഡീകരിക്കാനുള്ള വിഷയങ്ങളാണ് ഇതിൽ സംഗ്രഹിച്ചത്. വിശദീകരണങ്ങളും ചർച്ചയും അർഹിക്കുന്ന ഈ രചന ആർക്കെങ്കിലും വെളിച്ചം പകർന്നാൽ ഗ്രന്ഥകാരൻ സംതൃപ്തനായി.

പരിമിതമായ സൗകര്യങ്ങളുപയോഗിച്ച് ആകാവുന്നത്ര വസ്തുനിഷ്ഠമായി പഠനം നടത്താൻ ശ്രമിച്ചിട്ടുണ്ട്. 1989 - ൽ തുടങ്ങിയ ഈ ശ്രമത്തിന് സഹായങ്ങളും സൗകര്യവും

നല്കിയവർ നിരവധിയാണ്. കാലിക്കറ്റ് യൂനിവേഴ്സിറ്റി, കോഴിക്കോട്ടെ ദേശപോഷിണി വായനശാല, ദഅ്‌വാ കോളജ് എന്നിവിടങ്ങളിലെ ലൈബ്രേറിയൻമാരെ പ്രത്യേകം സ്മരിക്കുന്നു. അഖിലേന്ത്യാ വൈദിക് മിഷൻ ജനറൽ സെക്രട്ടറിയും ഗ്രന്ഥകാരനും പ്രമുഖ ഹിന്ദുമത പണ്ഡിതനുമായ ആചാര്യ നരേന്ദ്രഭൂഷണോട് അളവറ്റ നന്ദിയുണ്ട്. ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്ത് പ്രതി പരിശോധിക്കുകയും സാരസമ്പന്നമായ അവതാരികയും വിലപ്പെട്ട നിർദേശങ്ങളും തന്ന് കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലും അദ്ദേഹം സഹകരിച്ചു. യുവ സംസ്കൃത പണ്ഡിതനും എഴുത്തുകാരനുമായ എം.ആർ. രാജേഷിന്റെ സേവനം വിസ്മരിക്കാനാവില്ല. ഇതിന്റെ രചനയ്ക്കുപയോഗിച്ച പല അപൂർവ കൃതികളും വിലയേറിയ അഭിപ്രായങ്ങളും നല്കിയ അദ്ദേഹത്തോടുള്ള സീമാതീതമായ നന്ദി എങ്ങനെയാണ് രേഖപ്പെടുത്തുക? വാണിദാസ് എളയാവൂര്, സുധീർ പറൂർ, പ്രബോധനം പത്രാധിപർ ടി.കെ. ഉബൈദ്, എം.പി.കെ. മുഹമ്മദ്, സുഹൃത്തുക്കളായ പി.എ.എം. ഹനീഫ്, എൻ.എം. ഹുസൈൻ എന്നിവരെയും പ്രത്യേകം സ്മരിക്കുന്നു. ആദരണീയരായ ടി. ആരിഫലി, ഖാജാ ശിഹാബുദ്ദീൻ എന്നിവരുടെ നിരന്തരമായ പ്രേരണയും ഇതിന്റെ പൂർത്തീകരണത്തിന് സഹായകമായിട്ടുണ്ട്. പ്രസാധനം ഏറ്റെടുത്ത കോഴിക്കോട്ടെ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിനോടും ഡയറക്ടർ ജ. ശൈഖ് മുഹമ്മദ് കാരകുന്നിനോടും അകൈതവമായ നന്ദി.

ഇതിലെ വിശകലനങ്ങളെക്കുറിച്ച വസ്തുനിഷ്ഠമായ വിമർശനങ്ങളെ തുറന്ന മനസ്സോടെ സ്വാഗതം ചെയ്യുന്നു. വരും നൂറ്റാണ്ടിനെ വരവേൽക്കാനും അതിന്റെ മുന്നിൽ നടക്കാനും 'വേദദർശന' ത്തിന് കഴിയട്ടെ എന്ന പ്രാർഥനയോടെ ഈ കൃതി വായനക്കാർക്ക് സമർപ്പിക്കുന്നു.

– **ശിഹാബുദ്ദീൻ ആരാമ്പ്രം**

ആരാമ്പ്രം
1-10-1998

## അവതാരിക

ഹിന്ദുമത സിദ്ധാന്തങ്ങളെ സംബന്ധിച്ച് ഒൻപത് ലേഖനങ്ങൾ ശ്രീ. ശിഹാബുദ്ദീൻ ആരാമ്പ്രം എഴുതിയതിന് ഒരു അവതാരിക വേണമെന്നും പുസ്തകമാക്കുമ്പോൾ അതിൽ ചേർക്കാനാണെന്നും അദ്ദേഹം എനിക്കെഴുതി. അവധാനതയോടെ മാത്രമേ ഇതെഴുതാൻ കഴിയുകയുള്ളൂ എന്നു മറുപടിയും കൊടുത്തു. സ്വയംകൃതമായ തിരക്കിനിടയിൽ ഈ അവതാരിക എഴുതുന്നത് കുറേനാൾ വൈകിച്ചു. ലേഖനങ്ങൾ കിട്ടിയിട്ട് ഇപ്പോൾ മൂന്നു മാസമെങ്കിലും കഴിഞ്ഞിരിക്കണം.

ഒന്നാം ലേഖനം അവതാരവാദത്തെക്കുറിച്ചാണ്. അവതാരവാദം ഭക്തികാല പ്രസ്ഥാനത്തിന്റെ സംഭാവനയാണ്; മൗലികമായി വൈദികമല്ല. ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാർ അവതാരങ്ങളല്ല; ത്രിമൂർത്തികളാണ്. സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെ മൂർത്തഭാവങ്ങളെന്നർഥം. ഇവയെ മാനവശരീരം നല്കി പൂജിക്കുന്നതാണ് ഇന്നത്തെ ഹൈന്ദവ ആരാധനാ രീതി. ഇതിന് വൈദികമായ അടിത്തറയൊന്നുമില്ല. വാഗ്ഭടാനന്ദ ഗുരുദേവന്റെയും ദയാനന്ദ മഹർഷിയുടെയും അഭിപ്രായങ്ങൾ ലേഖകൻ പകർത്തുന്നത് ശ്രദ്ധേയമാണ്.

വാഗ്ഭടാനന്ദ ഗുരുദേവന്റെ പല അഭിപ്രായങ്ങളും വളരെ അവധാനതയോടെ വേണം തള്ളുകയോ കൊള്ളുകയോ ചെയ്യുന്നത്. വൈദിക ദേവതകളെ ഐതിഹാസിക തലത്തിലേക്കു കൊണ്ടുവരാൻ പാടില്ലാത്ത

താണ്. അവ വെറും സങ്കല്പങ്ങൾ മാത്രമാണ്. ശിവൻ അഗ്നിയുടെ പ്രതീകമാണ്; വിഷ്ണു ആധിദൈവികാർഥത്തിൽ സൂര്യനും. ബ്രഹ്മാവ് വായുവിന്റെ പ്രതീകമാണ്. ഇവരുടെ പേരുകൾ പില്ക്കാലത്ത് മനുഷ്യർക്കും മറ്റും നല്കിയിട്ടുണ്ട്. അല്ലാതെ മനുഷ്യരുടെ ചരിത്രമൊന്നും വേദങ്ങളിലില്ല. അനിത്യ ഇതിഹാസം വേദത്തിലില്ല; നിത്യേതിഹാസങ്ങളേ ഉള്ളൂ. ഉഴാത്ത ഭൂമിയിൽ എത്ര മഴപെയ്താലും അഹല്യ (ഉഴാത്ത ഭൂമിശില പോലെ) യായി കിടക്കുകയേ ഉള്ളൂ എന്ന നിത്യേതിഹാസമാണ് വേദത്തിലുള്ളത്. സമർഥനായ രാജാവിനു മാത്രമേ ഊഷരഭൂമിയെ ഉർവരയാക്കാൻ കഴിയൂ എന്നു സ്ഥാപിക്കേണ്ടിടത്ത് ഈ കഥയിൽ ശ്രീരാമനെ കൊണ്ടുവന്ന് അഹല്യാമോക്ഷം നടത്തുമ്പോൾ അവിടെ അദ്ഭുതകൃത്യമൊന്നും നടക്കുന്നില്ല. പക്ഷേ, നാം ധരിക്കുന്നത് കല്ലായി കിടന്ന ഒരുത്തിക്ക് മോക്ഷം കിട്ടിയെന്നാണ്. അവതാരവാദത്തെ സംബന്ധിച്ച ആദ്യലേഖനം കുറേക്കൂടി ആഴത്തിലുള്ള ഒരു പഠനമാക്കാമായിരുന്നു. പല സൈദ്ധാന്തിക സമസ്യകളും ചർച്ചയ്ക്കെടുക്കാവുന്നതായിരുന്നു.

രണ്ടാം ലേഖനം വിഗ്രഹാരാധനയാണ്. ജൈനമതക്കാരാണ് ഇത് ആവിഷ്കരിച്ചത്. വൈദികധർമത്തിൽ കല്പമെന്ന വേദാംഗത്തെ അധികരിച്ച 26 യജ്ഞങ്ങളുടെ അനുഷ്ഠാനമേ ഉണ്ടായിരുന്നുള്ളൂ. ജൈന- ബുദ്ധമതങ്ങൾ ഹിന്ദുമതത്തിന്റെ ഉപോത്പന്നങ്ങൾ തന്നെയാണ്. ആസ്തികരല്ല അവരെന്നേയുള്ളൂ. ശൈവരും വൈഷ്ണവരും തമ്മിലുള്ളത്രയും അകൽച്ച, ഇരുകൂട്ടർക്കും ജൈന-ബൗദ്ധന്മാരോടില്ല. ഒരിക്കലും രക്തച്ചൊരിച്ചിലിലൂടെ മതംമാറ്റമോ മതപ്രചാരണമോ നടത്തിയിട്ടുമില്ല. വാദപ്രതിവാദങ്ങൾ സാധാരണയായിരുന്നു. തോല്ക്കുന്നവർ ജയിക്കുന്നവരുടെ പക്ഷത്തു ചേരും. ഇതായിരുന്നു നടപ്പ്. വിഗ്രഹാരാധന ചെയ്യുന്നവർക്ക് അതൊരുതരം ലഹരിയായി പരിണമിക്കും. എ.ഡി. എട്ടാം നൂറ്റാണ്ടിൽ ജീവിച്ച അഭിനവ ശങ്കരനാണ് ഹൈന്ദവ വിഗ്രഹങ്ങളുടെ ആവിഷ്കാരകൻ. പിന്നീട് അതിന് ഒട്ടധികം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അഭിനവ ശങ്കരൻ വാദത്തിൽ തോല്പിച്ച ജൈനർ വൈഷ്ണവരും, ജൈന വിഹാരങ്ങൾ വിഷ്ണുക്ഷേത്രങ്ങളും, ബൗദ്ധർ ശൈവരും, ബൗദ്ധവിഹാരങ്ങൾ ശിവമന്ദിരങ്ങളുമായി രൂപാന്തരം പ്രാപിച്ചതാകാൻ എല്ലാ സാധ്യതയുമുണ്ട്.

ആദികാലത്തെ ബ്രാഹ്മണർ മാംസഭുക്കുകളായിരുന്നെന്ന പ്രസ്താവം കെ. ദാമോദരനെ ഉദ്ധരിച്ചുകൊണ്ട് നടത്തുന്നത് ശരിയല്ല. ഏറ്റവും ക്ഷുദ്രമായ കൃതിയാണ് അദ്ദേഹത്തിന്റെ 'ഇന്ത്യയുടെ ആത്മാവ്'. അതിന്റെ നവീന രൂപമായിരിക്കണം ഭാരതീയ ചിന്ത. നിറയെ അസംബന്ധങ്ങളാണ് അതിലുള്ളത്.



ഏകദൈവ വിശ്വാസം എന്ന അടുത്ത ലേഖനത്തെപ്പറ്റി ഇവിടെ ഒന്നും കുറിക്കുന്നില്ല. ഈശ്വരൻ ഒന്നേയുള്ളൂ, ഗുണ കർമ സ്വഭാവങ്ങളനുസരിച്ച് പല പേരിൽ അറിയപ്പെടുന്നു എന്നതാണ് ഏകേശ്വരവാദത്തിന്റെ അടിസ്ഥാനം. ഓം എന്ന മുഖ്യനാമമുള്ള ബ്രഹ്മമാണത്. മറ്റെല്ലാ പേരുകളും ഓരോ ഗുണത്തെയോ (സർവവ്യാപി) ഒരോ കർമത്തെയോ (സ്രഷ്ടാവ്) സ്വഭാവത്തെയോ (നിത്യൻ) പ്രതിനിധാനം ചെയ്യുന്നതാണ്. അദ്വൈതത്തിന് രണ്ടല്ലാത്തത് എന്നേ അർഥമുള്ളൂ. അതിനാലത് ഈശ്വരപര്യായമാണ്. ദേവസംജ്ഞയ്ക്കും വിവിധാർഥങ്ങളുണ്ട്. തിളങ്ങുന്നതും വിളങ്ങുന്നതും ദേവനാണ്. ഈ അർഥത്തിൽ അമ്മയും അച്ഛനും ഗുരുവും തീയും ദേവന്മാരാണ്; ഈശ്വരന്മാരല്ല. ഒരു ഈശ്വര പര്യായമാണ് ദേവൻ.

നാലാമത്തേത് പുനർജന്മ സിദ്ധാന്തമാണ്. ഇതിനെപ്പറ്റി സാമാന്യം ബൃഹത്തായ ഒരു പുസ്തകം ഈ ലേഖകൻ എഴുതിയത് നിത്യഭാരതി ബുക്സ് പ്രസാധനം ചെയ്തിട്ടുണ്ട്. ഒന്നുമാത്രം എഴുതട്ടെ. പുനർജന്മ സിദ്ധാന്തം വേദങ്ങളിലുണ്ട്. എനിക്ക് കൺകൾ, ഇന്ദ്രിയങ്ങൾ, ശരീരങ്ങൾ എന്നിവ വീണ്ടും വീണ്ടും തന്ന് ഉദിച്ചുയരുന്ന സൂര്യനെ തുടർജന്മങ്ങളിൽ കാണാനനുവദിക്കണേ എന്ന പ്രാർഥനയുണ്ട് വേദങ്ങളിൽ. നവീനമല്ല പുനർജന്മ സിദ്ധാന്തം എന്നർഥം.

അഞ്ചും ആറും ഏഴും ലേഖനങ്ങൾ പരലോക വിശ്വാസം, നരകം, സ്വർഗം എന്നിവയാണ്. പരലോകവിശ്വാസം അവൈദികമാണ്. സ്വർഗം, നരകം എന്നിവ നമ്മുടെ കർമങ്ങൾ കൊണ്ട് ഇഹലോകത്തുതന്നെ നിർമിക്കുന്നവയാണ്. ഭാഗവതാദി പുരാണങ്ങളിൽ നരകവർണന കാണാം. അവ വെറും കവിഭാവന മാത്രമാണ്. സ്വർഗവും അതുപോലെ ഭാവനയാണ്. സ്ഥലവിശേഷങ്ങളല്ലിവ. പുനർജന്മ സിദ്ധാന്തം ഇവയെ നിരാകരിക്കുന്നു. ആത്മാവിന് ജന്മം, പ്രേത്യഭാവം, മുക്തി എന്നീ മൂന്നവസ്ഥകളേ ഉള്ളൂ. ജന്മം കഴിഞ്ഞ് മൃത്യുവിനു ശേഷം, അടുത്ത ജന്മം സ്വീകരിക്കുന്നതിനിടയിലെ അവസ്ഥയാണ് പ്രേത്യഭാവം. അപ്പോൾ ആത്മാവ് ഈശ്വരീയ നിയമത്തിന് അധീതനാകുന്നു. അടുത്ത ജന്മം എടുക്കുന്നതിന്

മുൻജന്മങ്ങളിലെ കർമങ്ങളുടെ സംസ്കാരം ആത്മാവിന്റെ കൂടെയുള്ള കാരണശരീരത്തിൽ ഈശ്വരീയമായി കുടിയിരുത്തപ്പെടുന്നു. ഇതാണ് ഓരോ വ്യക്തിയും വ്യത്യസ്തത പുലർത്തുന്നതിനു കാരണം. മരണാനന്തരം ചെയ്യുന്ന ശ്രാദ്ധതർപ്പണങ്ങൾ നിരർഥക്രിയകളാണെന്നു പറയാൻ കാരണം ഈ പ്രേത്യഭാവമാണ്. പ്രേത്യഭാവത്തിനു ശേഷം കർമങ്ങൾക്കനുരൂപമായ പുതുജന്മം ലഭിക്കുന്നു. ഇത് നരകതുല്യമോ സ്വർഗതുല്യമോ ആയിരിക്കും. ഇതാണ് ഈ വിഷയങ്ങളെ സംബന്ധിച്ച വൈദിക സിദ്ധാന്തം ചുരുക്കത്തിൽ.

എട്ടാമത്തെ ലേഖനം വേദദർശനമാണ്. അതിനെപ്പറ്റി ഇവിടെ വിസ്തരിച്ചെഴുതാനാവില്ല. ഒരു കാര്യം മാത്രം ചൂണ്ടിക്കാട്ടട്ടെ. വേദവ്യാഖ്യാനം എന്ന ഉപശീർഷകത്തിനു മുൻപ് എഴുതിയിട്ടുള്ള ഖണ്ഡികയുടെ അവസാനം ''അവിടെ വച്ച് അഗ്നിക്കിരയാക്കപ്പെട്ടതിൽ വേദങ്ങളുടെ മർമപ്രധാനമായ അധ്യാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടാവാം'' എന്ന നിഗമനം ശരിയല്ല. അഗ്നിക്കിരയാക്കപ്പെട്ടവ മുഴുവൻ യജ്ഞാചാര്യനായ ബ്രഹ്മൻ വായിച്ചു കേട്ടിട്ടുണ്ടാകും. അവൈദികമോ വേദവിരുദ്ധമോ ആയവയെല്ലാം യജ്ഞശാലയിൽ അഗ്നിക്കിരയാക്കും. മറ്റുള്ളവ തിരിച്ചുനല്കും. പ്രാചീന കാലത്തെ സെൻസറിങ് ആയിരുന്നു ഇത്. അമൂല്യമായതൊന്നും നഷ്ടപ്പെടുത്തുന്ന സ്വഭാവം ബ്രഹ്മന്- ചതുർവേദജ്ഞന്- ഉണ്ടായിരിക്കുകയില്ല. ഉണ്ടായാൽ ആ സ്ഥാനത്തേക്ക് അയാൾ അർഹനല്ല. അതുപോലെ നാരാശംസിക്ക് വേദവ്യാഖ്യാനം എന്നും അർഥമുണ്ട്. ബ്രാഹ്മണ ഗ്രന്ഥങ്ങളുടെ പര്യായപദവുമാണത്.

അവസാന ലേഖനമാണ് 'ഹിന്ദുമതത്തിന്റെ ആവിർഭാവം'. വേദങ്ങൾ മാത്രമാണ് ഈശ്വരീയം, മറ്റെല്ലാം (ഉപനിഷത്തുകൾ സഹിതം) മനുഷ്യകൃതമാണെന്ന കാഴ്ചപ്പാട് തീർത്തും ആർഷമാണ്.

പൊതുവേ നോക്കുമ്പോൾ, ഇതര ധർമാവലംബിയായ ലേഖകന്റെ പരിശ്രമം അനുമോദനാർഹമാണ്. ചില സ്ഖലിതങ്ങൾ സംഭവിച്ചിട്ടില്ലെന്ന് ഇതിനർഥമില്ല. അതു സ്വാഭാവികമാണുതാനും. ലേഖകന് വിജയം ആശംസിച്ചുകൊണ്ട് ഈ അവതാരിക ഉപസംഹരിക്കട്ടെ.

**-നരേന്ദ്ര ഭൂഷൺ**

ദയാനന്ദ ഭവനം,
ചെങ്ങന്നൂർ,
28.6.'98.

# 1

# അവതാരവാദം

ആധുനിക ഹൈന്ദവ ദർശനത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് അവതാരം. ധർമത്തിന് ലോപം സംഭവിക്കുമ്പോൾ ദൈവം ശരീരം ധരിക്കുന്നു എന്നാണ് ഇതിലെ മുഖ്യസങ്കല്പം. ശ്രീകൃഷ്ണനും ശ്രീരാമനുമെല്ലാം അവതാര പരമ്പരയിലെ പ്രമുഖരാണ്. വേദങ്ങളിലോ ആദ്യകാലത്തെ ഹൈന്ദവ ധർമശാസനകളിലോ അവതാര സങ്കല്പത്തെക്കുറിച്ച സൂചന ലഭ്യമല്ല. വേദത്തിലെ ''അജ ഏക പാത്''(ജനിക്കാത്ത ഏക രക്ഷകൻ) യജുർവേദം (34-53), ''അകായം''(ശരീരരഹിതൻ) യജുർവേദം (40-8) എന്നീ വിശേഷണങ്ങൾ അവതാരവാദവുമായി ഒരിക്കലും പൊരുത്തപ്പെടാത്തവയാണ്. പ്രമുഖ വേദപണ്ഡിതനും ഹിന്ദുമത പരിഷ്കർത്താവുമായ വാഗ്ഭടാനന്ദ ഗുരു അവതാര പുരുഷന്മാരെ പരിചയപ്പെടുത്തുന്നു:

*''വൈഷ്ണവ മതത്തെ പ്രബലമായി പ്രചരിപ്പിച്ചവരെ വിഷ്ണുവിന്റെ അവതാര പുരുഷന്മാരാക്കിയും ശൈവ മതത്തിനു പ്രാബല്യം വരുത്തിയവരെ ശിവന്റെ പുത്രന്മാരാക്കിയും വർണിക്കുകയാണ് പ്രായേണ ചെയ്തു കാണുന്നത്. ശ്രീരാമനും ശ്രീകൃഷ്ണനും മറ്റും അവതാര പുരുഷന്മാരായതും ഗണപതിയും സുബ്രഹ്മണ്യനും ശിവസുതൻമാരായതും ഈ വഴിയിൽ കൂടിയാകുന്നു.''* (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, പേ. 752, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1988)

വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിലാണ് അവതാര സങ്കല്പം ആവിർഭവിച്ചത്. അതിനു മുമ്പ് ഹിന്ദുമതത്തിൽ അവതാരത്തെക്കുറിച്ച് പറയുന്നില്ല. ഒടുവിൽ ബുദ്ധനെയും വിഷ്ണുവിന്റെ അവതാരമാക്കി. ക്രിസ്ത്വബ്ദം പതിനൊന്നാം ശതകത്തിൽ 'ദശാവതാരചരിതം' എന്ന കൃതിയിൽ ക്ഷേമേന്ദ്രനാണ് ആദ്യമായി വിഷ്ണുവിന്റെ അവതാരമായി ബുദ്ധനെ വർണിച്ചത്. കൂടാതെ ജയദേവ കവിയും 'ഗീതഗോവിന്ദ'ത്തിൽ ബുദ്ധനെ വിഷ്ണുവിന്റെ അവതാരമായി ചിത്രീകരിച്ചു. പന്ത്രണ്ടാം ശതകമായപ്പോഴേക്കും ഇതിന് വമ്പിച്ച പ്രചാരം ലഭിച്ചു. [1]

ബുദ്ധമത ചരിത്രം പരിശോധിച്ചാൽ, ബുദ്ധന്മാർ ശൈവ- വൈഷ്ണവ മതക്കാരിൽ നിന്ന് ക്രൂരമായ പീഡനങ്ങൾ അനുഭവിച്ചതായിക്കാണാം. ബുദ്ധവിഹാരങ്ങൾ ഹിന്ദുക്ഷേത്രങ്ങളാക്കി മാറ്റിയതും ബുദ്ധന്മാരെ ഹിന്ദുമതത്തിൽ ലയിപ്പിക്കാൻ നട

ത്തിയ പോരാട്ടങ്ങളും തുടർന്നുണ്ടായ നിർബന്ധ മതപരിവർത്തനങ്ങളുമെല്ലാം ഹിന്ദുമത നവോത്ഥാനത്തിന്റെ നിണം വഴിയുന്ന ചരിത്രങ്ങളാണ്. പക്ഷേ, അതേ ബുദ്ധമത സ്ഥാപകനാണ് പില്ക്കാലത്ത് മർദക വംശത്തിന്റെ ആരാധ്യ പദവിയിൽ പ്രതിഷ്ഠിക്കപ്പെട്ടത്. ഹിന്ദുമതത്തിലെ അവതാര രൂപീകരണങ്ങളുടെ സ്വഭാവമാണിത്.

ദൈവം അവതാരം കൊള്ളുന്നു എന്നാൽ ആകാരം പ്രാപിക്കുന്നു എന്നാണർഥം. ആകാരമുള്ളതെല്ലാം നശ്വരങ്ങളാണ്. ഹൈന്ദവ വിശ്വാസപ്രകാരം, ദൈവത്തിന്റെ രണ്ട് പ്രധാന അവതാരങ്ങളാണ് ശിവനും വിഷ്ണുവും. ഇവയെ കൂടാതെ ബ്രഹ്മാവിനെയും ദൈവത്തിന്റെ അവതാരമായി ഗണിക്കുന്നു. അവതാരങ്ങളുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള പഠനത്തിൽ നിന്നാണ് അവതാര വാദത്തിന്റെ യാഥാർഥ്യം വ്യക്തമാവുക. ഹൈന്ദവ നവോത്ഥാന ചരിത്രത്തിൽ ശോഭിച്ചുനില്ക്കുന്ന ഈ 'ദൈവ'ങ്ങളെക്കുറിച്ച് വാഗ്ഭടാനന്ദ ഗുരു പറയുന്നു: ''*പണ്ട് ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നും മറ്റും ചില മനുഷ്യർ ഉണ്ടായിരുന്നു. അവരെല്ലാം മതവാദികളും ബുദ്ധമത പ്രചാരത്തോടുകൂടെ ഉടഞ്ഞു തകർന്നു പോയ പൗരോഹിത്യ പ്രഭവക്കോട്ടയുടെ പുനരുദ്ധാരണത്തിന്നായി കയ്യുമുയർത്തി ചാടിപ്പുറപ്പെട്ട വീരവീരന്മാരും ആയിരുന്നു.*'' (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, പേ. 751)

ഹിന്ദുമത വിശ്വാസികൾ ദൈവത്തിന്റെ അവതാരമെന്ന് വിശ്വസിക്കുന്നവരെക്കുറിച്ച പരാമർശമാണിത്. ഹൈന്ദവ ധർമത്തിന്റെ പതനകാലത്ത് അതിന്റെ അഭ്യുന്നതിക്ക് വേണ്ടി പ്രവർത്തിച്ചവരായിരുന്നു അവതാര പുരുഷന്മാർ. ഈ നവോത്ഥാന നായകൻമാരോടുള്ള ആദരവ് നിമിത്തം പില്ക്കാലത്ത് അവരെ ദൈവമാക്കുകയാണുണ്ടായത്. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവർ യഥാർഥ മനുഷ്യരായിരുന്നുവെന്നും ദൈവത്തിന്റെ അവതാരമായിരുന്നില്ലെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.

ഹൈന്ദവ നവോത്ഥാന നായകനും വേദപണ്ഡിതനുമായ സ്വാമി ദയാനന്ദ സരസ്വതി അവതാരവാദത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. ഈശ്വരൻ അവതാരം സ്വീകരിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് അദ്ദേഹം നല്കിയ മറുപടി യുക്തിഭദ്രമാണ്: ''(ഈശ്വരന് അവതാരം) *ഇല്ല. എന്തെന്നാൽ 'അജ ഏക പാത്' (34-53), 'സ പര്യഗാച്ഛുക്രമകായം' (40-8) എന്ന് തുടങ്ങിയുള്ള യജുർവേദ വചനങ്ങളിൽ നിന്ന് പരമേശ്വരൻ ജന്മം കൊള്ളുന്നില്ലെന്ന് മനസ്സിലാകുന്നുണ്ട്.*

''*പ്രശ്നം: യദായദാഹി ധർമസ്യ*
*ഗ്ലാനിർഭവതി ഭാരത*
*അഭ്യുത്ഥാനമധർമസ്യ*
*തദാത്മനം സൃജാമ്യഹം* (ഭഗവദ്ഗീത, അ. 4, ശ്ലോ. 7)

*ധർമത്തിന് ലോപം വരുമ്പോഴെല്ലാം ഞാൻ ശരീരം ധരിക്കുന്നു എന്ന് ശ്രീകൃഷ്ണൻ പറയുന്നുണ്ടല്ലോ?*

*ഉത്തരം: വേദവിരുദ്ധമായതു കൊണ്ട് ഇത് പ്രമാണമാകുന്നില്ല.*'' (സത്യാർഥ പ്രകാശം, പേ. 304, കേരള ആര്യസമാജമിഷൻ, കോഴിക്കോട്, 1933)

വേദവിരുദ്ധമായ സിദ്ധാന്തമാണ് അവതാരവാദമെന്നും ഹൈന്ദവ സമൂഹം ഉൾക്കൊണ്ട ഈ വിശ്വാസം തെറ്റാണെന്നും വ്യക്തമാക്കുകയാണ് ദയാനന്ദ സരസ്വതി. ഈശ്വരൻ അവതാരമെടുക്കുന്നു എന്നവാദം വേദത്തെക്കുറിച്ച അജ്ഞതയാണ്. സാമ്പ്രദായികൻമാരുടെ പരമ്പരാഗതമായ കഥകളിൽ അന്ധമായ വിശ്വാസം പുലർത്തിയതും പ്രമാണശൂന്യമായ വാക്കുകൾക്ക് വിലകല്പിച്ചതും മൂലമാണ് ഈ



അബദ്ധ ധാരണ വ്യാപിച്ചത്.

ചില അവതാരങ്ങളുടെ പ്രത്യേകത കംസൻ, രാവണൻ മുതലായവരെ സംഹരിക്കലാണ്. ഇത്തരം അന്ധവിശ്വാസങ്ങളോട് ശക്തമായ ഭാഷയിലാണ് സ്വാമി ദയാനന്ദ സരസ്വതി പ്രതികരിക്കുന്നത്. ദൈവം ശരീരം പ്രാപിക്കാതെയാണ് പ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നടത്തുന്നത്. ആ സ്രഷ്ടാവിന്റെ മുമ്പിൽ കംസൻ, രാവണൻ മുതലായവർ നിസ്സാര ജീവികളോട് പോലും സാദൃശ്യപ്പെടുത്താവുന്നവരല്ല. ഇച്ഛിക്കുന്ന ക്ഷണത്തിൽത്തന്നെ ഏത് ജീവിയെയും വധിക്കാൻ ഈശ്വരന്ന് കഴിയും. ആ മഹാശക്തൻ ഒരു ജന്തുവിനെയോ മനുഷ്യനെയോ കൊല്ലാൻ ജനന-മരണങ്ങളുള്ളവനായിത്തീരുന്നു എന്ന് പറയുന്നവരെ, വിഡ്ഢികളോടല്ലാതെ മറ്റാരോടാണ് ഉപമിക്കാൻ സാധിക്കുക?[2] ഉള്ള സ്ഥലത്ത് നിന്ന് ഇല്ലാത്ത സ്ഥലത്തേക്കുള്ള പ്രയാണമാണ് അവതാരം. അപ്പോൾ ഒരു സ്ഥലത്ത് ഉണ്ടായിരുന്നെന്നും മറ്റൊരു സ്ഥലത്തേക്ക് മാറിയതു നിമിത്തം ഇല്ലാതിരുന്നിടത്ത് വന്നു ചേർന്നു എന്നുമാണ് മനസ്സിലാവുന്നത്. ഇത് ദൈവം എല്ലായിടത്തും ഉണ്ടെന്ന വിശ്വാസത്തിന്റെ ഖണ്ഡനമാണ്. കൂടാതെ പരമേശ്വരൻ സർവ ശക്തനെന്ന വിശ്വാസത്തെ ലംഘിക്കുകയും ചെയ്യുന്നു.

സൂക്ഷ്മ വിശകലനത്തിൽ, വേദങ്ങൾ ഉയർത്തിപ്പിടിക്കുന്ന ദൈവ വിശ്വാസത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്ന വികല ദൈവിക ദർശനമാണ് അവതാരവാദമെന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രമുഖ വേദ പണ്ഡിതനായ ആചാര്യ നരേന്ദ്ര ഭൂഷൺ അവതാരവാദത്തിന്റെ ദോഷവശം ചൂണ്ടിക്കാണിക്കുന്നു:

''*അവതരണം ജനന-മരണങ്ങൾക്കും വൃദ്ധി-ക്ഷയങ്ങൾക്കും ശരീരധാരണത്തിനും സുഖ-ദുഃഖങ്ങൾക്കും വിധേയമാണ്. ഇത് യജു (40- 8)ലെ വിശേഷണങ്ങൾക്ക് വിരുദ്ധമാകയാൽ വേദവിരുദ്ധവും തദ്വാരാ ആസ്തികർക്ക് ത്യാജ്യവുമായി ഭവിക്കുന്നു. 'നാസ്തികാഃ വേദനിന്ദകഃ' എന്നാണല്ലോ സ്മൃതി. അവതാരവാദം അംഗീകരിക്കുമ്പോൾ വേദനിന്ദ ചെയ്യുകയും ഈശ്വരൻ ജനന-മരണാദികൾക്കു വശംവദനാണെന്ന് സമ്മതിക്കുകയും ചെയ്യേണ്ടതായിവരും. ഇത് കടുത്ത സിദ്ധാന്തഹാനിയാണ്.*'' (വിഗ്രഹാരാധന- പേ: 51, 52. വൈദിക സാഹിത്യ പരിഷത്ത്- ചെങ്ങന്നൂർ- 1984)

ഈ പ്രസ്താവനകളെല്ലാം അവതാരവാദത്തിന്റെ സാധുതയെ തീർത്തും തകർത്തിരിക്കുകയാണ്. ഹിന്ദുമതത്തിന്റെ അടിസ്ഥാനങ്ങളിൽ ഇല്ലാത്തതും ഹൈന്ദവ ധർമത്തിലെ ഈശ്വര സങ്കല്പത്തിന് നിരക്കാത്തതുമായ ഇത്തരം വാദങ്ങൾ ഹിന്ദുമതത്തെ വികലമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇത് തലമുറകളിലൂടെ നടത്തിയ കൈകടത്തലുകളാണ്. അതിലേക്കുള്ള ഒരടയാളം മാത്രമാണ് ''യുഗങ്ങൾ തോറും ശിഷ്ടജനങ്ങളെ പരിപാലിക്കാനും ദുഷ്ടരെ നിഗ്രഹിക്കാനും ഞാൻ ജന്മമെടുക്കു''മെന്ന ഗീതാവാക്യം.

'അജ ഏക പാത്', 'അകായം' എന്നീ വിശേഷണങ്ങളിലൂടെ പരമേശ്വരൻ ജനന-മരണമില്ലാത്തവനും ശരീരധാരണം ചെയ്യാത്തവനുമാണെന്ന് വ്യക്തമാവുന്നു. യുക്തി കൊണ്ട് നോക്കിയാലും ദൈവാവതാര വാദം ദൈവ ശാസ്ത്രത്തിന് നിരക്കുന്നതല്ല. സർവ പാലകനും അപരിച്ഛിന്നനും സുഖ-ദുഃഖാദി ഗുണങ്ങളൊന്നുമില്ലാത്തവനുമായ പരമേശ്വരൻ മനുഷ്യന്റെ ലൈംഗിക പ്രക്രിയയിലൂടെ രൂപപ്പെടുന്നതെങ്ങനെ? അത്തരമൊരു ശക്തി അവതരിച്ചുവെന്ന് പറയുന്നത് വന്ധ്യാപുത്രൻ വിവാഹം ചെയ്തു അവന്നു പുത്രൻ പിറന്നു എന്ന് വാദിക്കുന്നത് പോലെയാണ്.[3]

## അവതാര പുരുഷന്മാർ

അവതാര പുരുഷന്മാരുടെ തനതായ വ്യക്തിത്വവും ജീവിതരീതികളും പഠനവിധേയമാക്കുമ്പോൾ, അവതാര സങ്കല്പത്തിന്റെ അടിസ്ഥാന രാഹിത്യം കൂടുതൽ തെളിഞ്ഞുവരും. അവതാര പുരുഷന്മാരിൽ പ്രഥമ ഗണനീയരായ ശിവനും വിഷ്ണുവുമെല്ലാം കേവലം മനുഷ്യരായിരുന്നു. ഹൈന്ദവധർമ്മ സംരക്ഷണത്തിനിറങ്ങിയ സാധാരണ മനുഷ്യർ. ശിവൻ, ആദ്യഭാര്യ മരിച്ചതിന് ശേഷം പാർവതി എന്ന മലയത്തിപ്പെണ്ണിനെ വിവാഹം ചെയ്തു. പുത്ര-കളത്രാദികളോടെ ജീവിച്ച്, മരിച്ചുപോയ ഒരാളാണ് ശിവൻ. ശിവനെയും വിഷ്ണുവിനെയും വാഗ്ഭടാനന്ദ ഗുരുസ്വാമികൾ പരിചയപ്പെടുത്തുന്നത് കാണുക:

*''ഭിക്ഷാശിയായി സഞ്ചരിച്ചിരുന്നത് കൊണ്ടും സർപ്പ വശീകരണത്തിൽ സാരസ്യം കാട്ടിയിരുന്നത് കൊണ്ടും 'നങ്ങ' എന്ന കുറവസ്ത്രീയുടെ പിതാവായിരുന്നു എന്നറിയപ്പെടുന്നത് കൊണ്ടും മറ്റും 'ശിവൻ' ഒരു കുറവനായിരുന്നു എന്നൂഹിക്കുവാൻ വഴിയുണ്ട്. ഏതായാലും ശിവന്റെ നൈവേദ്യത്തെ ഇന്നും ബ്രാഹ്മണജാതിക്കാർ ഭക്ഷിക്കാത്തതു കൊണ്ട് അദ്ദേഹം താഴ്ത്തപ്പെട്ട ഒരു ജാതിയിൽ ഉൾപ്പെട്ട ഒരാളായിരിക്കണമെന്നതു തീർച്ചതന്നെ. 'ബ്രഹ്മാവിന്റെ കഴുത്തറുത്ത പാതകം നിമിത്തമാണ് ബ്രാഹ്മണജാതിക്കാർ ശിവനൈവേദ്യം ഭക്ഷിക്കാത്തത്' എന്നു പറയുന്നത് സ്വീകാര്യമല്ല. അങ്ങനെയാണെങ്കിൽ അനേകായിരം ജനങ്ങളുടെ ഗളനാളം മുറിച്ച് ജനാർദനൻ എന്ന പേര് സമ്പാദിച്ചതിന് പുറമേ മാതൃഹത്യാ മഹാപാതകവും കൂടി ചെയ്ത വിഷ്ണുവിന്റെ നൈവേദ്യം മേൽജാതിക്കാർ ആഹരിക്കുന്നതെങ്ങനെ?''* (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, പേ. 751)

അദ്ദേഹം തുടരുന്നു: *''വിഷ്ണുവും ശിവനും തങ്ങളുടെ മതപ്രചാരണത്തിനായി കരവാളം, ഗദ, ശൂലം മുതലായവയെ നിഷ്കരുണം പ്രയോഗിച്ചു. അതിന്റെ ഫലമായി അവരുടെ മതം ഇന്ത്യയിൽ പ്രബലപ്പെട്ടു. വിഷ്ണു വികുണ്ഠ എന്ന സ്ത്രീയുടെ മകനും വൈകുണ്ഠനെന്നു പ്രസിദ്ധനുമാകുന്നു. അദ്ദേഹം ആര്യവർഗത്തിൽപ്പെട്ട ഒരുവനായിരുന്നു എന്ന് വിശ്വസിക്കുന്നതിന് വിരോധമില്ല.''* (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, പേ. 751)

ശിവന്റെയും വിഷ്ണുവിന്റെയും വ്യക്തിത്വത്തിലേക്കാണ് ഈ വരികളും അധ്യായത്തിന്റെ ആദ്യം ഉദ്ധരിച്ചവയും സൂചന നല്കുന്നത്. അവയിൽ നിന്നും വ്യക്തമാകുന്ന കാര്യങ്ങൾ താഴെ പറയാം.

ഒന്ന്: ശിവനും വിഷ്ണുവും ഹിന്ദുമത പരിഷ്കർത്താക്കളായിരുന്നു. ബുദ്ധമതത്തിന്റെ പ്രചാരണത്തോടെ ശക്തിക്ഷയം ബാധിച്ച ഹൈന്ദവ ധർമത്തെ പുനരുജ്ജീവിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിരുന്നു.

രണ്ട്: ശിവൻ സാധാരണ മനുഷ്യനായിരുന്നു. ആദ്യഭാര്യ മരിച്ചതിന് ശേഷം പാർവതി എന്ന മലയത്തിപ്പെണ്ണിനെ വിവാഹം ചെയ്തു.[4] 'നങ്ങ' എന്ന കുറവസ്ത്രീയുടെ പിതാവാണ്. മറ്റൊരവതാരമായ ബ്രഹ്മാവിനെ വധിച്ചു. താണജാതിയിൽപ്പെട്ടവനാണ്. ശിവൻ ദൈവാവതാരമാണെന്ന് ബ്രാഹ്മണർ വാദിക്കുന്നുണ്ടെങ്കിലും ശിവനൈവേദ്യം അവർ ഭക്ഷിക്കുന്നില്ല. കരവാളം, ഗദ, ശൂലം മുതലായ ആയുധങ്ങൾ ഉപയോഗിച്ചാണ് മതപ്രചാരണം നടത്തിയത്.

മൂന്ന്: വികുണ്ഠ എന്ന സ്ത്രീയുടെ മകനാണ് വിഷ്ണു. അനേകായിരങ്ങളുടെ കഴുത്തറുത്ത അദ്ദേഹം ജനാർദനൻ എന്ന പേരിൽ അറിയപ്പെടുന്നു. സ്വന്തം മാതാവിനെയും വധിച്ചു. കരവാളം, ഗദ, ശൂലം മുതലായ ആയുധങ്ങൾ ഉപയോഗിച്ചാണ് മതപ്രചാരണം നടത്തിയത്. ശിവനെക്കാൾ ഉയർന്ന ജാതിയിൽ പെട്ടവനാണ്.



നാല്: ആയുധപ്രയോഗം മൂലമാണ് ഇന്ത്യയിൽ ശൈവമതവും വൈഷ്ണവ മത (ഹിന്ദുമതം)വും പ്രചരിച്ചതും ശക്തിപ്പെട്ടതും.

ഹിന്ദുമത വിശ്വാസികൾ ദൈവത്തിന്റെ അവതാരങ്ങളും ആരാധ്യരുമായി ഗണിക്കുന്നവർ ആരായിരുന്നുവെന്ന് വ്യക്തമാക്കിത്തരികയാണ് വാഗ്ഭടാനന്ദ ഗുരു. ദൈവത്തിന്റെ അവതാരമായി വിശേഷിപ്പിക്കുന്ന ശിവനും വിഷ്ണുവും ധർമബദ്ധരായിരുന്നതായി കാണുന്നില്ല. എങ്കിലും അവരുടെ പ്രവർത്തനം മുഖേന പില്ക്കാലത്ത് ഹിന്ദുമതം ശക്തിപ്പെട്ടപ്പോൾ ജനം അവരെ ബഹുമാനിക്കുകയും കാലാന്തരത്തിൽ ദൈവത്തിന്റെ അവതാരമായി വാഴ്ത്തുകയും ചെയ്തു.

### അവതരണം

ചരിത്രത്തിൽ പ്രതാപികളായിരുന്നവർക്കാണ് കവികളും ഭക്തന്മാരും അവതാരപദവി നല്കിയത്. ഹൈന്ദവ ധർമശാസ്ത്രജ്ഞന്മാർ, ലോകത്ത് കാര്യമായിട്ടെന്തെങ്കിലും പ്രവർത്തിച്ചവരെയെല്ലാം പില്ക്കാലത്ത് അവതാരമാക്കിയിട്ടുണ്ട്. ഭരണാധികാരികളെ സേവകന്മാരും കവികളും അനുമോദിക്കുക പതിവായിരുന്നു. പൊതുജനങ്ങൾക്കിടയിൽ രാജകീർത്തി വർധിപ്പിക്കുന്നതിനും രാജശാസനകൾ ചോദ്യം ചെ യ്യാതെ അനുസരിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. ഇത്തരം പ്രശംസകളിലൂടെ പൊതുജനങ്ങൾക്കിടയിൽ രാജാവിന്റെയും രാജവംശത്തിന്റെയും മഹത്ത്വം കൂടുന്നതിനനുസരിച്ച്, പ്രശംസകൻമാരുടെ ജീവിത നിലവാരവും സുരക്ഷിതത്വവും ഉയരും.

രാജാവിനെ മഹത്ത്വവൽക്കരിക്കുന്നതിൽ പ്രശംസകന്മാർക്കിടയിൽ മത്സരം പോലും സംജാതമാവും. (തന്മൂലം ഒരേ രാജാവിന്റെ വ്യത്യസ്തമായ കഥകൾ പ്രചരിച്ചിട്ടുണ്ട്.) ഇത്തരം സ്തുതിപാഠകർ രാജാവിനെയും രാജവംശത്തെയും സൂര്യനിലേക്കും ചന്ദ്രനിലേക്കും ഉയർത്തും. പിന്നീട് രാജാവിനെ ദൈവത്തിന്റെ സമശീർഷനും അവതാരവുമാക്കും. അയോധ്യ വാണിരുന്ന ശ്രീരാമൻ ഉദാഹരണം. ഈ രൂപത്തിൽ അവതാരവാദം രൂപപ്പെടുത്തുന്നതിനെ കുറിച്ച് ആചാര്യ നരേന്ദ്രഭൂഷൺ രേഖപ്പെടുത്തുന്നു:

*''പ്രാചീന ഭാരതീയ രാജാക്കന്മാർ 'വിഷ്ണു'വിന്റെ അംശാവതാരങ്ങളോ ദാസൻമാരോ ആയിരുന്നെന്ന പ്രസ്താവം പുരാണേതിഹാസങ്ങളിൽ ദൃശ്യമാണ്. രാജാവ് വിരാജിക്കുന്നവനാണ്. അതായത് സ്വന്തം രാജ്യത്തിൽ സർവത്ര വ്യാപിച്ച് പ്രവർത്തിക്കുന്നവനാണെന്നർഥം. സൂര്യൻ വളരെ ദൂരെ സ്ഥിതിചെയ്യുന്നെങ്കിലും സ്വന്തം പ്രകാശത്തെ സർവത്ര വ്യാപിപ്പിക്കുന്നുണ്ട്. ഇതുപോലെ രാജാവെന്ന വ്യക്തി ഒരു സ്ഥലത്ത് വസിക്കുന്നെങ്കിലും ഭരണപരവും രാജകീയവുമായ നിയമങ്ങൾ ആ ഭരണാധിപന്റെ രാഷ്ട്രത്തിലെങ്ങും വ്യാപിച്ച് വിരാജിക്കുന്നു. ആ നിയമങ്ങളാണ് രാജാവിനെ അഥവാ രാജാധിപനെ വിഷ്ണുവിന്റെ അംശാവതാരമായി ചിത്രീകരിക്കുന്നതിന് നിദാനമായത്. രാഷ്ട്രത്തിന്റെ ഭരണഘടനയും ഭരണ പരമായ നിയമങ്ങളും ഭരണാധികാരിയുടെ മുഖ്യ ആയുധമാണ്. ദുഷ്ടനിഗ്രഹം മുഖേന ശിഷ്ടരക്ഷണം നിർവഹിച്ച് വിഷ്ണുവിനെ അനുഗമിക്കുന്ന ഭരണാധികാരി യോഗ്യനായി ഭവിക്കുന്നു. ചതുർഭുജനായ വിഷ്ണുവിന്റെ ചക്രം ഭൗതികാർഥത്തിൽ ഭരണാധികാരിയുടെ നിയമപാലനത്തിന്റെയും അരാജകത്വമില്ലായ്മയുടെയും പ്രതീകമാകുന്നു.''* (ദേവതക

ളുടെ വൈദിക സങ്കല്പം, ഭാഗം 2, പേ. 72, 73, നിത്യഭാരതി ബുക്സ്, ചെങ്ങന്നൂർ, 1990)

ഈ പ്രസ്താവനകളിൽ നിന്നും അവതാര സങ്കല്പം ഹൈന്ദവ ധർമത്തിന്റെ അടിസ്ഥാന സിദ്ധാന്തമല്ലെന്ന് വ്യക്തമാവുന്നു. അത്, പില്ക്കാല സൃഷ്ടിയാണ്. പ്രധാനപ്പെട്ട രാജാക്കന്മാരെ കവികളും മറ്റും ദൈവത്തിന്റെ പദവി നല്കി വർണിച്ചതോ പുകഴ്ത്തിയതോ ആണ്. ഹൈന്ദവ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ, ശതപഥ ബ്രാഹ്മണമാണ് ദൈവത്തെ അവതാരമായി വിവരിച്ച ആദ്യത്തെ പ്രാമാണിക ഗ്രന്ഥം. അതിലൂടെ ദൈവികാവതാരത്തിന്റെ സൈദ്ധാന്തിക വശങ്ങൾ ആരംഭിച്ചത് ബ്രാഹ്മണാധിപത്യത്തിനെതിരെ ഒറ്റപ്പെട്ട ശബ്ദങ്ങൾ ഉയർന്ന കാലത്തായിരുന്നു. അവയെ ഇല്ലാതാക്കുവാനും ഭാവിയിൽ അത്തരം ഭീഷണികൾ തുടച്ച് നീക്കുന്നതിനും വേണ്ടി ബ്രാഹ്മണ മേധാവിത്വത്തെ അനുഗ്രഹിക്കുന്ന ദൈവങ്ങളെ അവർ അവതരിപ്പിച്ചു. ജൈനമതത്തെ അനുകരിച്ചുകൊണ്ടാണ് ഹൈന്ദവരും ഈ രീതി അവലംബിച്ചത്. ജൈനമതത്തിൽ തീർഥങ്കരൻമാരുടെ പൂർണകായ പ്രതിമകളായിരുന്നു ആരാധിക്കാൻ പ്രതിഷ്ഠിച്ചിരുന്നത്. എന്നാൽ, അവതാരവാദികളായ വൈഷ്ണവർ (ഹൈന്ദവർ) ജൈനമതത്തിലെ നഗ്നരായ പ്രതിമകൾക്ക് പകരം ഗൃഹസ്ഥാശ്രമസ്ഥരായ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും പത്നീസമേതമുള്ള മദിരോത്സവങ്ങളാണ് ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കാൻ കണ്ടെത്തിയത്. അതിനുശേഷം, ജൈനമതത്തിന് സമാന്തരമായി ഹിന്ദുമതം വളർന്നു.[5]

ഈശ്വരന്റെ സകല ശക്തിയും മേളിച്ച മനുഷ്യരുടെയും അർധമനുഷ്യരുടെയും അദ്ഭുതകൃത്യങ്ങളാണ് അവതാരവാദത്തിന്റെ ആകർഷണീയത. ഹിന്ദുമതത്തിൽ, അവാന്തര വിഭാഗങ്ങളായി വന്നവർക്കെല്ലാം മഹത്ത്വവൽക്കരണത്തിന്നുള്ള വേദിയായിരുന്നു ഇത്. ശൈവ-വൈഷ്ണവ മതങ്ങളുടെയും ഉപവിഭാഗങ്ങളുടെയും നേതൃത്വം വഹിച്ചവർ അവതാരങ്ങളായത് അങ്ങനെയാണ്. വീരതയും സാഹസികതയും മുറ്റിയ പ്രവർത്തന ഫലമായി അവരുടെ കാലത്ത് ഹിന്ദുമതം ശക്തിപ്രാപിച്ചിട്ടുണ്ടാവാം. പില്ക്കാലത്ത്, അനുയായികൾ നേതാക്കന്മാരെ അവതാരമാക്കി. അവരുടെ വാക്കും പ്രവൃത്തിയും ദൈവികവൽക്കരിച്ചു. പിന്നീടത് ദിവ്യഗ്രന്ഥങ്ങളായി. ശിവൻ, വിഷ്ണു, ബ്രഹ്മാവ് തുടങ്ങിയവർ അവതാരമായത് പഠിക്കുമ്പോഴാണ് ഹിന്ദുമതത്തെ മുന്നോട്ട് നയിച്ച ഘടകങ്ങൾ എന്തായിരുന്നുവെന്ന് മനസ്സിലാവുക. പക്ഷേ, ചരിത്രത്തിന്റെ ഈ മറുവശം നൂറ്റാണ്ടുകളായി അവഗണിക്കപ്പെടുകയാണ്.

## കുറിപ്പുകൾ

1. വിവേകാനന്ദൻ, ശ്രീനാരായണ ദർശനവും മാനവ മുന്നേറ്റവും, പേ. 280, 281, നാഷനൽ ബുക്സ്റ്റാൾ, കോട്ടയം.
2. സത്യാർഥ പ്രകാശം, പേ. 305.
3. സത്യാർഥ പ്രകാശം, പേ. 305.
4. വാഗ്ഭടാനന്ദന്റെ സമ്പൂർണകൃതികൾ, പേ. 359.
5. വിഗ്രഹാരാധന, പേ. 50.

# 2

# വിഗ്രഹാരാധന

ബഹുദൈവത്വ ദർശനങ്ങളുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് വിഗ്രഹാരാധന. ദൈവമെന്ന് സങ്കല്പിച്ച് ഏതെങ്കിലും വസ്തുവിനെയോ പ്രത്യേകം നിർമിച്ച ശിലാ-ശില്പങ്ങളെയോ പൂജിക്കുന്ന സമ്പ്രദായമാണിത്. ഹിന്ദുക്കളും അഹിന്ദുക്കളും ഹിന്ദുമതത്തിന്റെ അടിസ്ഥാന പ്രമാണമെന്ന നിലയിലാണ് വിഗ്രഹാരാധനയെ ഗണിക്കുന്നത്. എന്നാൽ, വിഗ്രഹാരാധനയിൽ വിശ്വസിക്കുന്നതോ അത് നടത്തുന്നതോ ഹൈന്ദവ ധർമത്തിന്റെ ചൈതന്യത്തിന് നിരക്കുന്നതല്ല.

ജൈന-ബുദ്ധ മതങ്ങളെ ഹൈന്ദവതയിൽ ലയിപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളിൽ നിന്നാണ് ഹിന്ദുമതത്തിൽ വിഗ്രഹാരാധനയുടെ തുടക്കം. അതിന്റെ ഭാഗമായി, ശക്തിക്ഷയം സംഭവിച്ച ഹിന്ദുമതത്തെ പ്രബലമാക്കുവാൻ, ബുദ്ധ-ജൈന മതങ്ങൾക്കെതിരെ വ്യാപകമായ പ്രചാരണങ്ങൾ നടത്തി. ബുദ്ധ-ജൈനമതങ്ങളുടെ പാരമ്പര്യങ്ങളെ അനുകരിച്ച് രാജ്യത്തുടനീളം ശിവന്റെയോ വിഷ്ണുവിന്റെയോ പ്രതിഷ്ഠകളോട് കൂടിയ ഹിന്ദുക്ഷേത്രങ്ങളും മഠങ്ങളും മതപാഠശാലകളും സ്ഥാപിച്ചു. പല സ്ഥലങ്ങളിലും ബുദ്ധ-ജൈന വിഹാരങ്ങൾ ബലാൽക്കാരം ഹിന്ദുക്ഷേത്രങ്ങളാക്കി മാറ്റി. ബുദ്ധ-ജൈന വിഭാഗങ്ങൾ ശൈവ-വൈഷ്ണവ മതക്കാരുടെ മർദനങ്ങൾക്കിരയായി. പീഡനങ്ങൾ സഹിക്കവയ്യാതെ പലരും മതംമാറാൻ നിർബന്ധിതരായി.[1]

ഇവ കൂടാതെ, വിഗ്രഹാരാധന പോലുള്ള പൂജാരീതികൾ ഹൈന്ദവധർമവാദികൾ ആകർഷണീയമായി നടപ്പിൽ വരുത്തി. ശംഖ്വിളി, മണിമുഴക്കൽ, ചെണ്ടമേളം എന്നിവയും ഹിന്ദുക്കൾ തങ്ങളുടെ ആരാധനാ ചടങ്ങുകളാക്കി. ഹിന്ദുമതം സ്വീകരിച്ചവരെ അതിൽ പിടിച്ചു നിർത്തുവാൻ ഇത്തരം വിനോദങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. പുറത്തുള്ളവരെ ആകർഷിക്കുന്നതിന് വേണ്ടി സഭ്യേതരമായ പലതും പ്രോത്സാഹിപ്പിക്കപ്പെട്ടു. ജൈന വിഗ്രഹത്തിനു സമാനമായ വിഗ്രഹങ്ങൾക്ക് ഹിന്ദുമത വിശ്വാസികളെ ജൈനമതത്തിൽ ചേരുന്നത് തടയാനായില്ല. അതിനാൽ, ഹിന്ദുമതാചാര്യന്മാർ വിശ്വാസികൾക്കു മുമ്പിൽ സമർപ്പിച്ച വിഗ്രഹങ്ങൾക്ക് ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. ഹിന്ദുക്കളെ സ്വമതത്തിൽ ഉറപ്പിച്ചു നിർത്തുവാനും അഹിന്ദുക്കളെ ആകർഷിക്കുവാനും പറ്റുന്ന രീതിയിലായിരുന്നു ദൈവങ്ങളുടെ രൂപകല്പന.

ആര്യസമാജ സ്ഥാപകനായ ദയാനന്ദ സരസ്വതി ദൈവങ്ങൾക്ക് ആചാര്യന്മാർ നല്കിയ രൂപഭാവങ്ങളെക്കുറിച്ച് എഴുതുന്നു: *''ജൈനന്മാർക്ക് വിരോധമായി പ്രവർത്തിക്കുന്നത് അവരു(ഹൈന്ദവർ)ടെയും അവർക്ക് വിരോധമായി പ്രവർത്തിക്കുന്നത് ജൈനന്മാരുടെയും പ്രധാന കർത്തവ്യമായിരുന്നു. ജൈനന്മാരുടെ വിഗ്രഹങ്ങൾ നഗ്നരും ധ്യാനത്തിലിരിക്കുന്നവരുമായ വിരക്ത ജനങ്ങളെപ്പോലെയാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. അതിനു നേരെ വിപരീതമായി വൈഷ്ണവർ* (ഹൈന്ദവർ) *തങ്ങളുടെ വിഗ്രഹങ്ങളെ ഇഷ്ടം പോലെ ശൃംഗാരവിലാസവതികളായ അംഗനാജനങ്ങളോടു കൂടിയവരും വിഷയാനന്ദോപഭോഗത്തിൽ അത്യാസക്തരുമായ പുരുഷന്മാരുടെ ആകൃതിയിൽ നില്ക്കുന്നതായിട്ടോ ഇരിക്കുന്നതായിട്ടോ ആണ് നിർമിച്ചിട്ടുള്ളത്.''* (സത്യാർത്ഥ പ്രകാശം, പേ. 510, കേരള ആര്യസമാജ മിഷ്യൻ കോഴിക്കോട്, 1933)

ഹൈന്ദവ ആചാര്യൻമാരെ വിഗ്രഹാരാധന നടപ്പിലാക്കാൻ നിർബന്ധിതരാക്കിയത്, ഹിന്ദുമതാനുയായികൾ ബുദ്ധ-ജൈന മതങ്ങളിൽ ചേരുന്നത് തടയുവാൻ വേണ്ടിയായിരുന്നു. ബുദ്ധ-ജൈന മതങ്ങളുടെ നവോത്ഥാന കാലത്ത് ആളുകളെ ഹൈന്ദവ വിശ്വാസത്തിൽ ഉറപ്പിച്ച് നിർത്തിയത്, നഗ്നരായ വിഗ്രഹങ്ങളെ-ശൃംഗാരലോലരും മോഹിനികളുമായ സ്ത്രീകളുടെയും ഭോഗോത്സുകരായ പുരുഷന്മാരുടെയും പ്രതിമകൾ-പ്രതിഷ്ഠിച്ചായിരുന്നു. നഗ്ന പ്രതിമകളോടുള്ള വൈകാരികതയാണ് ബുദ്ധ-ജൈന മതത്തിലേക്ക് ആളുകളെ ആകർഷിക്കുന്നതെന്നായിരുന്നു ഹൈന്ദവാചാര്യന്മാരുടെ നിഗമനം. അതുകൊണ്ടാണ് അതേ ആരാധനാ രീതി ഹിന്ദുമതത്തിൽ നടപ്പിൽ വരുത്തിയത്. ഇത്തരം മത്സരങ്ങൾ ക്രമേണ ഹിന്ദുമതത്തിൽ വിഗ്രഹാരാധന വളർത്തുകയായിരുന്നു.

ഹിന്ദുമതത്തിലെ വിഗ്രഹാരാധനയുടെ വളർച്ച വിഗ്രഹപ്രതിഷ്ഠയുടെയും സ്വയംഭൂവാകലിന്റെയും ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒട്ടുമിക്ക വിഗ്രഹങ്ങളും സ്വയംഭൂവാണ്. സ്വയം ഭൂവാകുന്ന വിഗ്രഹങ്ങൾ കണ്ടെത്തിയ സ്ഥലത്തോ അതിനു സമീപത്തോ പ്രതിഷ്ഠിച്ച് ആരാധനാ കേന്ദ്രങ്ങൾ പണിയുന്നു. ഇത്തരം പ്രതിഷ്ഠകൾക്കും ക്ഷേത്ര നിർമാണത്തിനും വേണ്ടി വിശ്വാസികൾ എന്തും ചെയ്യാൻ തയ്യാറാകുന്നു. അതിന് വേണ്ടിയുള്ള തർക്കങ്ങളും വഴക്കും പൊതുജനങ്ങളിൽ വിഗ്രഹാരാധനയോട് വീറും വാശിയും പൗരോഹിത്യ ഭക്തിയും വളർത്തുന്നു. എന്നാൽ, ഇത്തരം വിഗ്രഹങ്ങളെ പുരോഹിതന്മാർ കണ്ടെത്തുന്നതിന്റെയും സ്വയംഭൂവാകുന്നതിന്റെയും കഥ, ഹിന്ദുമത പരിഷ്കർത്താവായ ദയാനന്ദ സരസ്വതി പറയുന്നു: *''വ്യാസൻ മുതലായ അനേകം മഹർഷിമാരുടെ പേരും പറഞ്ഞ് അസംഭവ്യങ്ങളായ കഥകൾ കെട്ടിച്ചമച്ച് അവർ തങ്ങളുടെ ഇഷ്ടം പോലെ ഗ്രന്ഥങ്ങൾ രചിക്കുകയും അവയ്ക്കു പുരാണങ്ങളെന്ന് പേരിട്ട് അവയിലുള്ള കഥകൾ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തുതുടങ്ങി. പിന്നീട് അവർ താഴെ പറയും പ്രകാരമുള്ള പല മായാപ്രയോഗങ്ങളും ചെയ്തുതുടങ്ങി. കരിങ്കല്ല് കൊണ്ട് വിഗ്രഹങ്ങൾ പണിചെയ്യിച്ച് അവയെ മലകളിലോ കാടുകളിലോ മറ്റോ എങ്ങാനും ഒരിടത്ത് ഗൂഢമായി നിക്ഷേപിക്കുകയോ മണ്ണിൽ കുഴിച്ചിടുകയോ ചെയ്തതിന്റെ ശേഷം തങ്ങളുടെ ശിഷ്യന്മാരോട് ഇങ്ങനെ വെളിവായി പറഞ്ഞിരുന്നു: 'ഇന്നലെ രാത്രി സ്വപ്നത്തിൽ മഹാദേവൻ, പാർവതി, രാധാകൃഷ്ണൻ, സീതാരാമൻ അല്ലെങ്കിൽ ലക്ഷ്മീനാരായണൻ, അഥവാ ഭൈരവ ഹനുമാനാദികൾ എന്നോട് പറഞ്ഞു: ഞങ്ങൾ ഇന്ന സ്ഥലങ്ങളിലാണിരിക്കുന്നത്. അവിടെ നിന്നു ഞങ്ങളെ കൊണ്ടുവന്ന് അമ്പലങ്ങളിൽ പ്രതിഷ്ഠിക്കുക. നിങ്ങൾ തന്നെ ഞങ്ങളുടെ പൂജകന്മാരായി തീരുന്ന*



*തായാൽ നിങ്ങൾ മനസ്സുകൊണ്ടഭിലഷിക്കുന്ന ഫലങ്ങളെയെല്ലാം ഞങ്ങൾ നല്കുന്നതാണ്.' അജ്ഞാനാന്ധന്മാരും ധനാഢ്യന്മാരുമായിട്ടുള്ള ജനങ്ങൾ പോപ്പൻമാരുടെ ഈ നേരമ്പോക്ക് കേട്ട് അത് സത്യമാണെന്നുതന്നെ വിചാരിക്കുകയും അവരോട് ആ വിഗ്രഹങ്ങൾ എവിടെയാണിരിക്കുന്നത് എന്ന് ചോദിക്കുകയും ചെയ്തിരുന്നു. അപ്പോൾ പോപ്പന്മാർ, ഇന്ന മലയിൽ അല്ലെങ്കിൽ കാട്ടിൽ ആണിരിക്കുന്നത്, എന്റെ കൂടെ വന്നാൽ കാണിച്ചു തന്നേക്കാം എന്ന് മറുപടി പറഞ്ഞിരുന്നു. അതു കേട്ട് ആ അജ്ഞാനാന്ധന്മാർ ആ ധൂർത്തന്റെ ഒരുമിച്ച് പോവുകയും അവിടെ ചെന്നുനോക്കി ആശ്ചര്യപ്പെട്ടുകൊണ്ട് ആ പോപ്പന്റെ കാൽക്കൽ വീണ് ഇങ്ങനെ പറയുകയും ചെയ്തിരുന്നു: 'ഇവിടത്തെ നേരെ ഈ ദേവതയ്ക്ക് അളവറ്റ കാരുണ്യമുണ്ട്. അതുകൊണ്ട് ഇവിടന്ന് തന്നെ ഈ വിഗ്രഹം എടുത്തുകൊണ്ടു വരിക. ഞങ്ങൾ ഒരമ്പലം പണിയിച്ചു തരാം. ഈ മൂർത്തിയെ അതിൽ സ്ഥാപിച്ച് ഇവിടന്നുതന്നെ പൂജ ചെയ്യുക. ഞങ്ങളും ഈ ഉഗ്രമൂർത്തിയുടെ ദർശന സ്പർശനങ്ങളെക്കൊണ്ട് ഞങ്ങളുടെ മനോവാഞ്ഛിതങ്ങളെ നേടിക്കൊള്ളാം.' ഇപ്രകാരം ഒരുവൻ കപടം പ്രയോഗിച്ചപ്പോൾ അതുകൊണ്ട് പോപ്പന്മാരെല്ലാവരും അവരവരുടെ അഹവൃത്തി(ഉപജീവനം)ക്കായി വ്യാജം പ്രവർത്തിച്ചു. വിഗ്രഹങ്ങളെ സ്ഥാപിച്ചു.''* (സത്യാർത്ഥ പ്രകാശം, പേ. 510, 511)

എണ്ണമറ്റ ദൈവങ്ങളെയും ആരാധനാലയം നിറയെ വിഗ്രഹങ്ങളെയും പ്രതിഷ്ഠിച്ചാരാധിച്ച് വരുന്ന ഹൈന്ദവ സമൂഹം ആ അവസ്ഥയിലെത്തിയ ചരിത്രമാണ് ദയാനന്ദ സരസ്വതി വിശകലനം ചെയ്തത്. സ്വന്തം കാര്യലാഭത്തിനു വേണ്ടി വൈദിക ധർമത്തെ വില്പന നടത്തിയ പുരോഹിതൻമാരും പൂജാരികളുമാണ് വിഗ്രഹാരാധനയുടെ സ്രഷ്ടാക്കൾ. ബുദ്ധ-ജൈന മതങ്ങളിലെ അനാചാരങ്ങളെ അന്ധമായി അനുകരിക്കുകയും അവരുടെ ദുർവൃത്തികളെ കൂടുതൽ തുറന്ന് അവതരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് സനാതന ഹൈന്ദവ ധർമം ഇന്നത്തെ ഹിന്ദുമതമായി മാറിയത്. ബുദ്ധമതത്തിൽ, മതാചാര്യന്മാരോടുള്ള ഭക്തിയിൽ നിന്നുടലെടുത്തതായിരുന്നു വിഗ്രഹാരാധന. വിഹാരങ്ങളിൽ മതപഠനത്തിന് വന്നിരുന്ന വിദ്യാർഥികൾക്ക് ബൗദ്ധ ദാർശനികരെ സ്മരിക്കുവാൻ വേണ്ടി അവരുടെ സ്തൂപങ്ങൾ സ്ഥാപിച്ചിരുന്നു. ബുദ്ധശിഷ്യന്മാരായിരുന്ന ആനന്ദൻ, രാഹുലൻ, സാരിപുത്രൻ എന്നിവരുടെ സിദ്ധാന്തങ്ങൾ പഠിക്കുമ്പോൾ അവരുടെ സ്തൂപങ്ങൾക്ക് മുമ്പിൽ ഏകാഗ്രരായി നിന്ന് അതത് മഹർഷിമാരുടെ സിദ്ധാന്തങ്ങൾ സ്മരിക്കണം. ചൈനീസ് ബുദ്ധമത സന്യാസിയും സഞ്ചാരിയുമായിരുന്ന ഫാഹിയാന്റെ കാലത്ത് ഇത്തരം സ്തൂപങ്ങൾ ധാരാളമുണ്ടായിരുന്നു. സ്തൂപങ്ങൾക്ക് മുമ്പിൽ ധ്യാനിച്ച് നില്ക്കുന്ന നിരവധി ഭിക്ഷുക്കളെ അദ്ദേഹം കണ്ടു. ഫാഹിയാന്ന് ശേഷം വന്ന ഹ്യൂയാൻസാങിന്റെ കാലത്ത് വിഹാരങ്ങളിൽ സ്തൂപങ്ങൾക്ക് പകരം വിഗ്രഹങ്ങളായിരുന്നു. ബുദ്ധമത വിഹാരങ്ങളിലെ വിഗ്രഹാരാധനാ രീതി ബുദ്ധമത വിദ്വേഷികളായ ഹിന്ദുക്കളും പകർത്തി. അവർ പുരാണങ്ങളിലെ നായകന്മാരുടെയും നായികമാരുടെയും വിഗ്രഹങ്ങളാണ് ക്ഷേത്രങ്ങളിൽ കുടിയിരുത്തിയത്.[2] വിഗ്രഹാരാധന വേദദർശനത്തിന്റെ ഭാഗമായിരുന്നില്ലെന്ന് വ്യക്തം. വേദങ്ങളുടെ മേൽവിലാസത്തിൽ ഹൈന്ദവ വിശ്വാസികൾക്കിടയിൽ അടിച്ചേല്പിച്ച ഈ ആരാധന വേദാനുയായികളെ അവരുടെ അടിസ്ഥാനങ്ങളിൽ നിന്നും ബഹുദൂരം അകറ്റി.

## ദൈവ സങ്കല്പം

വിഗ്രഹങ്ങളിൽ ദൈവത്തെ സങ്കല്പിക്കുന്നത് ദൈവ ഭക്തിയാകുന്നില്ല. ഒരു വസ്തു

വിൽ ആ വസ്തുവിനെയല്ലാതെ മറ്റൊന്നിനെ സങ്കല്പിക്കുന്നത് യുക്തമല്ല. ചില വസ്തുക്കളിൽ മറ്റു ചിലതിന്റെ സാദൃശ്യം അനുഭവപ്പെടാമെങ്കിലും അത് യഥാർഥ വസ്തുവിന് പകരമാവില്ല. മണൽത്തരിയിൽ പഞ്ചസാരയെ വിഭാവന ചെയ്യാമെങ്കിലും യാഥാർഥ്യവുമായി അത് ഒരിക്കലും പൊരുത്തപ്പെടുന്നില്ല. വിഗ്രഹങ്ങളിൽ ദൈവത്തെ സങ്കല്പിക്കുന്നത് ഇതിനെക്കാളും എത്രയോ നിരർഥകമാണ്.

സർവവ്യാപിയായ പരമേശ്വരനെ ഏതെങ്കിലും ഒരു വസ്തുവിൽ മാത്രം സങ്കല്പിക്കുന്നത് ദൈവവിശ്വാസത്തോടുള്ള ധിക്കാരമാണ്. ലോകമാകെ പരിപാലിക്കുന്ന സാർവഭൗമനെ വിഗ്രഹത്തിലോ ശിലയിലോ ഒതുക്കിനിർത്തുന്നതിനെതിരെ ഹൈന്ദവ നവോത്ഥാന നായകന്റെ പ്രതികരണം എത്ര ശക്തമാണ്: *''പരമേശ്വരൻ സർവവ്യാപിയായിരിക്കേ ഒരു വസ്തുവിൽ മാത്രം പരമേശ്വരനെ ഭാവനകൊണ്ട് സങ്കല്പിക്കുകയും മറ്റൊരിടത്തും അവ്വണ്ണം സങ്കല്പിക്കാതിരിക്കുകയും ചെയ്യുന്നത്, ചക്രവർത്തിയായ ഒരുവനെ അവന്റെ സമസ്ത സാമ്രാജ്യത്തിൽ നിന്നും പൃഥക്കരിച്ചു ചെറിയൊരു കുടിലിന്റെ സ്വാമിയായി വിചാരിക്കുന്നത് പോലെയാണ്. അത് ഒരു സർവഭൗമന് എത്ര വലിയ അപമാനമാണെന്ന് ആലോചിച്ചു നോക്കുക.''* (ദയാനന്ദ സരസ്വതി, സത്യാർഥ പ്രകാശം, പേ. 515, )

സർവലോക പരിപാലകനായ ഈശ്വരനെ ഒരു വസ്തുവിൽ സങ്കല്പിക്കുകയും അതിനെ ആരാധിക്കുകയും ചെയ്യുന്നത് ഹൈന്ദവ ധർമത്തിന്റെ ഭാഗമല്ല. ഹിന്ദുമത വിശ്വാസികൾക്കിടയിൽ നിലനില്ക്കുന്ന വിഗ്രഹാരാധന വേദങ്ങൾ ഉദ്ഘോഷിക്കുന്ന ദൈവ സങ്കല്പത്തെ വികലമാക്കുന്നതാണ്. മാത്രമല്ല, ദൈവവിശ്വാസിക്ക് വിഗ്രഹത്തിന്റെ മുമ്പിൽ നിന്ന് മടങ്ങിയാൽ ഈശ്വര സ്മരണ നഷ്ടപ്പെടും. ഏകാന്ത സ്ഥലത്തുചെന്ന് മോഷണം, വ്യഭിചാരം മുതലായ ദുഷ്കൃത്യങ്ങൾ പ്രവർത്തിക്കാനും അധർമങ്ങളുമായി സമരസപ്പെടാനും വിഗ്രഹാരാധനാരീതി വഴിയൊരുക്കുമെന്ന് ദയാനന്ദ സരസ്വതിയെപ്പോലുള്ളവർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[3]

## വിഗ്രഹാരാധന ഇല്ല

വിഗ്രഹാരാധന ഹൈന്ദവ ധർമത്തിന്റെ ഭാഗമായിരുന്നില്ല. ഹൈന്ദവ ധർമത്തിന്റെ ആധാര ശിലയായ ഋഗ്വേദം വിഗ്രഹാരാധനയെ പരാമർശിക്കുന്നില്ല. അതിൽ നിന്നുതന്നെ വേദകാലത്തിനു ശേഷമാണ് വിഗ്രഹാരാധനയുടെ തുടക്കമെന്ന് വ്യക്തമാകുന്നു. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ബുദ്ധിവികാസം സിദ്ധിച്ചിട്ടില്ലാത്ത മനുഷ്യർക്ക് വേണ്ടിയാണ് വിഗ്രഹാരാധന ആരംഭിച്ചത്.[4]

ആരണ്യകങ്ങളിലോ ഉപനിഷത്തുകളിലോ ക്ഷേത്ര നിർമിതി, ക്ഷേത്രാരാധന, വിഗ്രഹാരാധന എന്നിവയെപ്പറ്റി പരാമർശിക്കുന്നില്ല. യജ്ഞരീതികൾ വിശദീകരിക്കുന്ന ബ്രാഹ്മണങ്ങളിലെങ്കിലും വിഗ്രഹാരാധനയെപ്പറ്റി ചർച്ച ചെയ്യേണ്ടതായിരുന്നു. യജ്ഞശാല പടുത്തുയർത്തുന്നതിന് നിർമിക്കേണ്ട ഇഷ്ടികകളുടെ ആകൃതി, വലുപ്പം, എണ്ണം മുതലായവ പ്രതിപാദിക്കുന്നിടത്ത് ക്ഷേത്രഗണിതം, ശില്പവിദ്യ, അങ്കഗണിതം എന്നിവയുടെ സമന്വയം ദൃശ്യമാണ്. വിഗ്രഹാരാധന നിലവിലുണ്ടായിരുന്നുവെങ്കിൽ യജ്ഞശാലയിൽ ഏതെങ്കിലും വിഗ്രഹം പ്രതിഷ്ഠിക്കുന്നതിനുള്ള വിധിയും ഉണ്ടാകുമായിരുന്നു. ബ്രാഹ്മണ ഗ്രന്ഥങ്ങളിൽ പോലും വിഗ്രഹ പ്രതിഷ്ഠയെക്കുറിച്ച പരാമർശം ഇല്ല എന്നത് വിഗ്രഹാരാധന പില്ക്കാലത്ത് കൂട്ടിച്ചേർത്തതാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. സുപ്രസിദ്ധ പണ്ഡിതനും ഗവേഷകനുമായ



ആചാര്യ നരേന്ദ്രഭൂഷൺ എഴുതുന്നു: *''വിഗ്രഹത്തിന് ശരീരം, കലഹം, ആകൃതി, ഭാഗം, വ്യാപ്തി എന്നീ അർഥങ്ങളും മൂർത്തിക്ക് ശരീരം, രൂപം, വസ്തു, ശിവൻ, പ്രതിമ, കാഠിന്യം എന്നീ അർഥങ്ങളുമാണ് നിഘണ്ടുക്കളിൽ കാണുന്നത്. ഈ സന്ദർഭത്തിന് യോജിച്ച സമാനാർഥങ്ങൾ രണ്ടിലും ഉണ്ട്. ശരീരം, ആകൃതി (രൂപം) എന്നിവ സമാനങ്ങളാണ്. ഈശ്വരന്റെ പ്രതിമയില്ല എന്ന വേദവാക്യം ചില അനുമാന പ്രമാണങ്ങളിലേക്ക് നമ്മെ നയിക്കുന്നു. പ്രതിമ ശരീരത്തിന്റെ ആകൃതിയിൽ നിർമ്മിച്ച രൂപമാണ്. ഈശ്വരന് പ്രതിമയില്ലെങ്കിൽ രൂപം, ആകൃതി, ശരീരം എന്നിവയില്ലെന്നും അവ നിർമിക്കാനാവുകയില്ലെന്നും അനുമാനിക്കണം. അപ്പോൾ സിദ്ധിക്കുന്ന മറ്റൊരു സിദ്ധാന്തമാണ് രൂപം, ആകൃതി, ശരീരം എന്നിവയിലുള്ളതൊന്നും ഈശ്വരനല്ല എന്നത്. ഇങ്ങനെ അനുലോമ- പ്രതിലോമ വീക്ഷണങ്ങളിൽ നമുക്ക് ലഭിക്കുന്ന അറിവ് ഈശ്വരന് വിഗ്രഹമില്ലെന്നും വിഗ്രഹവും മൂർത്തിയും ഈശ്വരനല്ലെന്നുമാണ്.''* (ആചാര്യ, നരേന്ദ്രഭൂഷൺ, വിഗ്രഹാരാധന, പേ. 40, വൈദിക സാഹിത്യ പരിഷത്ത്, ചെങ്ങന്നൂർ, 1984)

ഉപനിഷത്തുക്കളിൽ, വിഗ്രഹസാമീപ്യത്തിലൂടെയുള്ള ദൈവാരാധനയെയും ഈശ്വരസാമീപ്യത്തെയും നിരാകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നതായി കാണാം. ശ്വേതാശ്വതരോപനിഷത്തിലെ നാലാം അധ്യായത്തിൽ 19, 20 വാക്യങ്ങൾ കാണുക.

*''നൈനമൂർദ്ധ്വം നതിര്യഞ്ചം*
*ന മധ്യേ പരിജഗ്രഭത്*
*ന തസ്യ പ്രതിമാ അസ്തി*
*യസ്യനാമ മഹദ്യശഃ.'' (4-19)*

*(ആ പരമാത്മാവിനെ ഒരു മനുഷ്യന്നും മുകളിൽ നിന്നോ താഴേ നിന്നോ മധ്യത്തിൽ നിന്നോ ഇവിടെയോ അവിടെയോ നിന്നോ ഗ്രഹിക്കാൻ സാധ്യമല്ല. എന്തെന്നാൽ, അവൻ അഗ്രാഹ്യനാണ്. മഹദ്യശശസ്സ് എന്ന നാമത്തോടുകൂടിയ ആ പരാപര ബ്രഹ്മത്തിന് സദൃശമായി ഒന്നുമില്ല.)*

*''ന സംദൃശേ തിഷ്ഠതി രൂപമസ്യ*
*ന ചക്ഷുഷാ പശ്യതി കശ്ചനൈനം*
*ഹൃദാ ഹൃദിസ്ഥം മനസായ ഏന*
*മേവം വിദുര മൃതാസ്തേ ഭവന്തി.'' (4-20)*

*(ഈ പരമാത്മാവിന്റെ രൂപം ദൃഷ്ടിക്കു വിഷയമല്ല. ഈ പരമാത്മാവിനെ മാംസചക്ഷുസ്സുകൊണ്ട് ആർക്കും കാണുവാൻ സാധ്യമല്ല. സാധകൻമാർ ഹൃദയസ്ഥിതനും അന്തര്യാമിയുമായ പരമാത്മാവിനെ, ഭക്തിയോടുകൂടിയ ഹൃദയത്തോടും നിർമല മനസ്സോടും, ഇപ്രകാരം അറിയുന്നവർ അമരൻമാരായി ഭവിക്കുന്നു)*[5]

പരാപര ബ്രഹ്മത്തിന് സദൃശമായി ഒന്നുമില്ലെന്നും പരമാത്മാവിന്റെ രൂപം ദൃഷ്ടിക്ക് വിഷയമല്ലെന്നും വ്യക്തമായി പറഞ്ഞിരിക്കുകയാണിവിടെ. പരമാത്മാവിന്റെ രൂപം ദൃഷ്ടിക്ക് വിഷയമല്ലെന്ന ഉപനിഷത് വചനത്തിൽ നിന്നും പരമാത്മാവ് അഗോചരനാണെന്ന് ഗ്രാഹ്യമാകുന്നു. ആരുടെയും ദൃഷ്ടിക്ക് വിഷയീഭവിക്കാത്ത ഒന്നിന്റെ പ്രതീകം ദൃശ്യ വസ്തുക്കളിൽ നിർമിക്കുക സാധ്യമല്ല. അതിനാൽ, അദൃശ്യനായ ദൈവത്തെ വിഗ്രഹങ്ങളിൽ രൂപകല്പന നടത്തുന്നത് ഒരിക്കലും സത്യസന്ധമാവുകയില്ല. അതോടെ വിഗ്രഹാരാധനയുടെ ഉദ്ദേശ്യം പോലും അയഥാർഥമാവുന്നു.

വിഗ്രഹാരാധന ഹൈന്ദവ ധർമത്തിന്റെ അടിസ്ഥാനാശയങ്ങളിൽനിന്ന് രൂപപ്പെട്ടതല്ലെന്ന് മുകളിലുദ്ധരിച്ച പ്രമാണങ്ങൾ വ്യക്തമാക്കുന്നു. വേദപണ്ഡിതനും ഭാരതീയ

ദാർശനികനുമായ ഡോ. എസ്. രാധാകൃഷ്ണൻ, വിഗ്രഹാരാധന ഭാരതീയദർശനത്തിന്റെ പടിപ്പുരയ്ക്ക് പുറത്താണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹം എഴുതുന്നു: *''വൈദിക മതത്തിൽ വിഗ്രഹാരാധന ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല. അന്ന് ദേവതകൾക്ക് ക്ഷേത്രങ്ങൾ ഉണ്ടായിരുന്നില്ല. ഇടനിലക്കാർ ആരുമില്ലാതെ നേരിട്ടുതന്നെ മനുഷ്യർ ദേവതകളുമായി ഇടപെട്ടുപോന്നു. ആരാധകരുടെ സുഹൃത്തുക്കളായാണ് ദേവതകളെ കരുതിവന്നത്. പിതാവായ ദ്യോവ്, മാതാവായ ഭൂമി, ഭ്രാതാവായ അഗ്നി എന്നിവ വെറും വാക്യശൈലികൾ മാത്രമായിരുന്നില്ല. മനുഷ്യരും ദേവതകളും തമ്മിൽ അത്യന്തം അടുത്ത വൈയക്തിക ബന്ധം നിലവിലിരുന്നു. ജീവിതത്തിലാകെ മതത്തിന് ആധിപത്യം ഉണ്ടായിരുന്നതായി തോന്നുന്നു. ഈശ്വരനിൽ മനുഷ്യൻ പൂർണമായും ആശ്രയിച്ചുവന്നു. നിത്യജീവിതത്തിലെ സാധാരണ ആവശ്യങ്ങൾക്കു കൂടി ആളുകൾ ഈശ്വരനോട് പ്രാർഥിച്ചുവന്നു.''* (വിവ. ടി.നാരായണൻ നമ്പീശൻ, ഭാരതീയദർശനം, പേ. 86, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1975)

വിഗ്രഹാരാധന പ്രചരിക്കുന്നതിന് മുമ്പുള്ള ഹിന്ദുമത വിശ്വാസികളുടെ ആരാധനാരീതിയാണ് ഡോ. രാധാകൃഷ്ണന്റെ വാക്കുകൾ. അവ താഴെ പറയുന്ന രീതിയിൽ ക്രമപ്പെടുത്താം:

ഒന്ന്: പുരാതന കാലത്ത് ഹിന്ദുമതത്തിൽ വിഗ്രഹാരാധന ഉണ്ടായിരുന്നില്ല. ആരാധന നടത്തുമ്പോൾ ദൈവത്തെ സങ്കല്പിക്കാൻ വേണ്ടിയുള്ള ശ്രദ്ധാകേന്ദ്രമാണ് വിഗ്രഹം എന്ന വാദം പില്ക്കാലത്ത് ഉടലെടുത്തതാണ്.

രണ്ട്: ക്ഷേത്രങ്ങളോ ഇടനിലക്കാരോ വിഗ്രഹ സാമീപ്യമോ ഇല്ലാതെ നേരിട്ടായിരുന്നു അവർ ഈശ്വരാരാധന നടത്തിയിരുന്നത്.

മൂന്ന്: ഈശ്വരനിൽ പൂർണമായും ആശ്രയിച്ചിരുന്ന അവർ ജീവിതത്തിന്റെ എല്ലാ മേഖലകളിലും മതത്തിന് ആധിപത്യം നല്കി. നിത്യ ജീവിതത്തിലെ ചെറിയ ആവശ്യങ്ങൾക്ക് പോലും ഈശ്വരനോട് പ്രാർഥിച്ചിരുന്നു.

ആദ്യകാലത്തു പ്രചുരമായിരുന്ന ഈ യഥാർഥ ഹൈന്ദവ ആശയങ്ങൾ ഇന്നത്തെ ഹിന്ദുക്കളിലോ ഹൈന്ദവ ഗ്രന്ഥങ്ങളിലോ പ്രതിഫലിക്കുന്നില്ല. വിവിധ കാലത്തുണ്ടായ പരിഷ്കരണ പ്രവണതകളെ അതിജീവിക്കാൻ ഹിന്ദുമതം അതിന്റെ മൗലികാശയങ്ങളെപ്പോലും ബലികഴിച്ചു. മധ്യകാലത്തെ ഹിന്ദുമത പ്രമാണങ്ങൾ, അന്നത്തെ ജനസ്വാധീനമുള്ള ബുദ്ധ-ജൈന മതങ്ങളിലെ പല സിദ്ധാന്തങ്ങളും ദത്തെടുത്തു. പ്രമുഖ ഗവേഷകനായ കെ. ദാമോദരൻ എഴുതുന്നു: *''ആദ്യകാലത്തെ ബ്രാഹ്മണർ മാംസം ഭക്ഷിക്കുക പതിവായിരുന്നു. പശുമാംസം പോലും അവർ ഭക്ഷിച്ചിരുന്നു എന്നാണ് ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ മധ്യകാലത്തെ ബ്രാഹ്മണർ, ഇന്ത്യയിലെ മിക്ക സ്ഥലങ്ങളിലും ബുദ്ധ-ജൈന സിദ്ധാന്തങ്ങളുടെ സ്വാധീനം കാരണം സസ്യഭുക്കുകളായി മാറി. വർണാശ്രമ വ്യവസ്ഥയുടെ ആരംഭകാലത്ത് വിഗ്രഹാരാധനക്ക് സ്ഥാനമുണ്ടായിരുന്നില്ല. ഹിന്ദുമതത്തിലെ വിഗ്രഹാരാധന ബൗദ്ധന്മാരിൽനിന്ന് സ്വീകരിച്ചതാണ്. വർണാശ്രമ വ്യവസ്ഥയുടെ കാലത്ത് നിലവിലില്ലാതിരുന്ന ക്ഷേത്രങ്ങൾ ബുദ്ധവിഹാരങ്ങളുമായുള്ള മത്സരത്തിലൂടെയാണ് വർധിച്ചുവന്നത്. ഹിന്ദുമതോത്സവങ്ങൾ, ആർഭാടത്തിന്റെ കാര്യത്തിൽ ബുദ്ധമതഘോഷയാത്രകളെയും ഉത്സവങ്ങളെയും കവച്ചുവച്ചു. അശോകന്റെ കാലം മുതൽക്കുതന്നെ ബൗദ്ധൻമാർക്കിടയിൽ പുണ്യസ്ഥലങ്ങളിലേക്കുള്ള തീർഥാടനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. ഹിന്ദുക്കളും അത് അനുകരിച്ചു. ഇന്ത്യയിലെ മിക്ക ഭാഗങ്ങളിലും ഹിന്ദുക്കളുടെ തീർഥാടന കേന്ദ്രങ്ങൾ വ്യാപിച്ചു. പല സ്ഥലങ്ങളിലും വലിയ വലിയ ക്ഷേത്രങ്ങൾ ഉയർന്നുവന്നു.''* (ഭാരതീയ ചിന്ത, പേ. 276, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992)



ബുദ്ധ-ജൈന ദർശനങ്ങളെ പരാജയപ്പെടുത്താൻ ഹിന്ദുക്കൾ പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. ആ പരിഷ്കാരങ്ങളിൽ യഥാർഥ ഹിന്ദുമതം കടപുഴകുകയായിരുന്നു. ജൈനന്മാർ തീർഥങ്കരന്മാരുടെ വിഗ്രഹങ്ങളുണ്ടാക്കി പൂജിക്കുന്നതിനെ മറികടക്കാൻ ഹൈന്ദവ ചിന്തകൻമാർ കണ്ടെത്തിയത് ദേവതകളെ ദൈവങ്ങളാക്കുകയെന്നതായിരുന്നു.

ഇത് ബഹുദൈവാരാധനയിലേക്കാണ് അവരെ നയിച്ചത്. ബഹുദൈവ വിശ്വാസത്തിന് സമൂഹത്തിൽ സ്വീകാര്യത ലഭിച്ചതോടെ വിഗ്രഹാരാധന ഹിന്ദുമതത്തിന്റെ അവിഭാജ്യ ഘടകമായിത്തീർന്നു. ഇന്ന് വിഗ്രഹാരാധനയും ബഹുദൈവ വിശ്വാസവും പ്രചരിപ്പിച്ച ജൈനമതാനുയായികളുടെ അംഗസംഖ്യ ക്ഷയിച്ചിരിക്കുന്നു. പക്ഷേ, അവർ പ്രചരിപ്പിച്ച വിഗ്രഹാരാധനയും ബഹുദൈവ വിശ്വാസവും ക്ഷയിക്കാതെ ഹിന്ദുമതത്തിൽ നിലനില്ക്കുന്നു. തീർത്ഥങ്കരന്മാരുടെ സ്ഥാനം വൈദിക ദേവതകൾ കൈയടക്കിയെന്ന വ്യത്യാസം മാത്രം.[6]

വിഗ്രഹാരാധനയുടെ പ്രചാരത്തോടെ ഹിന്ദുമതം പൂർണമായും പുതിയ മതമായി. ക്ഷേത്രങ്ങളോ ഇടനിലക്കാരോ വിഗ്രഹസാമീപ്യമോ ഇല്ലാതെ ഈശ്വരാരാധന നടത്തിയവർ പുതിയമതത്തിൽ ലയിക്കാൻ നിർബന്ധിതരായി. അവരുടെ ഭക്തിസാന്ദ്രമായ ആരാധന വികാരോത്തേജിതമായ പ്രതിമകളിലേക്ക് വഴുതിവീണു. പുതിയ ആരാധനാ സമ്പ്രദായം, ഹിന്ദുമതത്തിന്റെ മുഖച്ഛായ മാറ്റി. വേദദർശനത്തെ തള്ളാനും വേദവിരുദ്ധാശയങ്ങളെ സ്വീകരിക്കാനും വിഗ്രഹാരാധന ഒരു മധ്യവർത്തിയായി. ഒരു കാലഘട്ടത്തിന്റെ വെളിച്ചം കെടുത്തുന്നതിലും ഒരു ജനതയുടെ ആത്മീയ ചൈതന്യം ഹനിക്കുന്നതിലും അത് നിശ്ശബ്ദ സാക്ഷിയായി. ഹൈന്ദവ മേധാവിത്വത്തിന്റെ കാവൽക്കാരനായി രാഷ്ട്രത്തെയും സമൂഹത്തെയും പിളർത്തി, വിഗ്രഹാരാധന ഇന്നും അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

## കുറിപ്പുകൾ

1. കെ. ദാമോദരൻ, ഭാരതീയ ചിന്ത, പേ. 325, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992.
2. ഉമയനല്ലൂർ ബാലകൃഷ്ണപിള്ള, ഇന്ത്യയിലെ പ്രാചീന വിദ്യാഭ്യാസം, പേ. 123, 124, നാഷനൽ ബുക്സ്റ്റാൾ, കോട്ടയം, 1961.
3. സത്യാർഥ പ്രകാശം, പേ. 512.
4. ഡോ. എസ്. രാധാകൃഷ്ണൻ, വിവ. പി.എം. കുമാരൻ നായർ, ഭാരതത്തിന്റെ ആത്മാവ്, പേ. 26, പി.കെ. ബ്രദേഴ്സ്, കോഴിക്കോട്, 1974.
5. വിവ. കെ. ഭാസ്കരൻ നായർ, ഉപനിഷദ് ദീപ്തി വാല്യം 2, പേ. 117, 118, കെ.ആർ.കെ പ്രിന്റേഴ്സ് പൊങ്ങുമൂട്, 1987.
6. വിഗ്രഹാരാധന, പേ. 39.

3

# ഏകദൈവ വിശ്വാസം

**ഹി**ന്ദുമതം അടിസ്ഥാനപരമായി ഏകദൈവികതയിലധിഷ്ഠിതമാണ്. പുരോഹിതന്മാരുടെ വ്യാഖ്യാനങ്ങളിലൂടെയാണ് ഹിന്ദുമതത്തിൽ ബഹുദൈവത്വം കടന്നുകൂടിയതെന്ന് കരുതേണ്ടിയിരിക്കുന്നു. എങ്കിലും ഏകദൈവികതയെ സാക്ഷ്യപ്പെടുത്തുന്ന ചില പ്രമാണങ്ങൾ ഹൈന്ദവ വേദങ്ങളിൽ ഇപ്പോഴും അവശേഷിക്കുന്നുണ്ട്.

1.*''ഇന്ദ്രം മിത്രം വരുണമഗ്നി മാഹു*
*രഥോ ദിവ്യസ്സസുപർണോ ഗരുത്മാൻ*
*ഏകം സദ്വിപ്രാ ബഹുധാവദന്ത്യ*
*ഗ്നിയമം മാതരിശ്വന മാഹുഃ.''* (ഋഗ്വേദം 2-3-22)

*(ഈ ആദിത്യനെ ഇന്ദ്രനെന്നു പറയുന്നു, മിത്രനെന്നു പറയുന്നു, അഗ്നിയെന്നു പറയുന്നു. പിന്നെ ദ്യോവിലുണ്ടായ സുപതനായ ഗരുഡനെന്നും പറയുന്നു. വാസ്തവമായത് ഒന്നേയുള്ളൂ. ദേവതാ തത്ത്വവിത്തുക്കളായ മേധാവികൾ പലതായി പറയുന്നു; അഗ്നിയായും യമനായും വായുവായും.)*[1]

2.*''ഹിരണ്യ ഗർഭഃ സമവർത്തതാഗ്രേ*
*ഭൂതസ്യജാതഃ പതിരേക അസീത്*
*സദാധാര പൃഥിവിം ദ്യാമു തേമാം*
*കസ്മൈ ദേവായ ഹവിഷാവിധേമ.''* (ഋഗ്വേദം 10-121-1)

*(പ്രകാശ സ്വരൂപിയും സൂര്യാദിയായ പ്രകാശിക്കുന്ന പദാർഥങ്ങളെ സൃഷ്ടിച്ചു വഹിക്കുന്നവനും ഉത്പന്നമായ മുഴുവൻ ജഗത്തിന്റെ പ്രസിദ്ധനായ രക്ഷകനും ആയ ഏക ബ്രഹ്മം ഉണ്ട്. ജഗത്തുണ്ടാവും മുമ്പ് [അവൻ] വെളിപ്പെട്ടു. ആ ഹിരണ്യ ഗർഭൻ ഈ ഭൂമിയെയും ദ്യോവിനെയും വഹിക്കുന്നു. സുഖസ്വരൂപിയായ ആ പരമാത്മാവിനെ സ്വീകരിക്കത്തക്കതായ പൂർണമായ ഉപാസനകൊണ്ട് ഞങ്ങൾ ഭജിക്കുന്നു.)*

3.*''വിശ്വ തശ്ച ക്ഷുരുത വിശ്വതോ മുഖോ വിശ്വതോ*



*ബാഹുരുത വിശ്വത സ്പാത്*
*സംബാഹു ഭ്യാം ധമതിസം പതത്രൈർ*
*ദ്യാവ്യാ ഭൂമി ജനയന്ദേവ ഏകഃ.''* (യജുർവേദം - 17-19)

*ആരുടെ കൺകളാണോ സർവത്ര വ്യാപിച്ചിട്ടുള്ളത്, എങ്ങും ആരുടെ മുഖമാണോ ഉള്ളത്, എങ്ങും ആരുടെ കൈകളാണോ കാര്യങ്ങൾ നിർവഹിക്കുന്നത്, ആരുടെ പാദങ്ങളാണോ എങ്ങും നിലകൊള്ളുന്നത്, അവൻ എല്ലാറ്റിനെയും കാലുകളാലും കൈകളാലും നടത്തുന്നു- നയിക്കുന്നു. ഇപ്രകാരമുള്ള ഏക ദേവനാണ് വാനലോകത്തെയും പൃഥ്വിയെയും സൃഷ്ടിച്ചിരിക്കുന്നത്.)*[2]

മുകളിലുദ്ധരിച്ച വേദവാക്യങ്ങൾ ഉൾക്കൊള്ളുന്നത് ഏകദൈവ ദർശനമാണ്. ഇന്ദ്രൻ, മിത്രൻ, അഗ്നി, ഗരുഡൻ, യമൻ, വായു എന്നീ പേരുകളിലെല്ലാം വിശ്രുതനായത് ഒരേ ഒരു ഈശ്വരനാണെന്ന് ഒന്നാം സൂക്തം വ്യക്തമാക്കുന്നു. വ്യത്യസ്ത പേരുകൾ പറയുന്നത് ഈശ്വരൻ നിഗൂഢമായത് നിമിത്തമാണെന്നുള്ള സൂചനപോലും ഇല്ല. മറിച്ച്, ജ്ഞാനികളാണ് ഈശ്വരനെ പല പേരിലും അഭിസംബോധന ചെയ്തതെന്ന് വിശദമാക്കുക കൂടിയാണ്.

രണ്ടാമത്തേതിൽ, ദൈവത്തിന്റെ ശ്രേഷ്ഠത എടുത്തുപറഞ്ഞ ശേഷം, ആ ഏക ബ്രഹ്മത്തെ മഹത്ത്വപ്പെടുത്തുന്നു. മൂന്നാമത്തേതിൽ ആകാശഭൂമികളുടെ സ്രഷ്ടാവും അവയുടെ രക്ഷകനും ഏക ദൈവമാണെന്ന് ഊന്നിപ്പറയുന്നു.

വേദദർശനങ്ങളിലെ ഈശ്വര സങ്കല്പത്തെക്കുറിച്ച് പഠനം നടത്തിയ പലരും ഏകദൈവ സിദ്ധാന്തമാണ് വേദങ്ങൾ സമർപ്പിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രമുഖ പണ്ഡിതനായ നാരായണ ഭട്ടതിരി എഴുതുന്നു:

1. *'ഏകം സദ്വിപ്രാ ബഹുധാവ ദന്തി.'*

*സത്തായ ഒന്നിനെ വിദ്വാൻമാർ പല വാക്കുകൾ കൊണ്ടും പറയുന്നുവെന്ന് താൽപര്യം.*

2. *'ഏകം സന്തം ബഹുധാ കല്പയന്തി'*

*സത്തായ ഒന്നിനെ അറിവുള്ളവർ പല പ്രകാരത്തിൽ കല്പിക്കുന്നുവെന്ന് താൽപര്യം.*

3. *'യോ ദേവാ നാം നാമധാ ഏക ഏവ'*

*ദേവന്മാരുടെ നാമങ്ങളെ ധരിച്ചിട്ടുള്ള വ്യക്തി ഒന്നു തന്നെയാകുന്നു.*

*ഈ മൂന്നു മന്ത്രങ്ങൾ കൊണ്ട് വേദങ്ങളിൽ ഈശ്വര നാനാത്വമില്ലെന്ന് സ്പഷ്ടമാകുന്നു. വേദം, ബ്രാഹ്മണം, യാസ്കൻ മുതലായവരുടെ ഉദ്ധരണങ്ങൾ വഴിയായി ഈശ്വര നാനാത്വമില്ലെന്ന് കാണിക്കാൻ ഇനിയും വളരെയുണ്ട്.''* (വേദാർഥവിചാരം, പേ. 28, 29. മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1984)

വി. കെ. നാരായണ ഭട്ടതിരി, വേദങ്ങളിൽ ഏകദൈവവിശ്വാസത്തെക്കുറിച്ച് സൂചനകൾ ഉണ്ടെന്നുമാത്രമല്ല പറഞ്ഞത്. അദ്ദേഹം മറ്റൊരിടത്ത് എഴുതുന്നു: *''ഏകത്വത്തെ പുരസ്കരിച്ചിട്ടുള്ള പ്രസ്ഥാനം, ത്രിത്വത്തോടു കൂടിയ പ്രസ്ഥാനം. ഇങ്ങനെ രണ്ട് പ്രസ്ഥാനങ്ങൾ വേദങ്ങളിലുണ്ട്. അന്യവേദങ്ങളുടെ സഹായത്തോടുകൂടാത്ത അഥർവണ വേദപ്രസ്ഥാനമാണ് ആദ്യത്തേത്. ആ പ്രസ്ഥാനം ഇന്നു ഭാരതവർഷത്തിൽ നാമാവശേഷമായിരിക്കുന്നു. നാലാം വേദക്കാർ എന്നു പറയപ്പെടുന്ന മുഹമ്മദീയർ മുതലായവരുടെ പ്രസ്ഥാനം അഥർവണ വേദത്തിന്റെ പ്രസ്ഥാനഭേദമാണെന്നു*

*ചില ചിന്താശീലന്മാർ വിചാരിക്കുന്നു.''* (വേദാർഥ വിചാരം, പേ. 32, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1984)

ഈ പ്രസ്താവനയിൽ വി. കെ. നാരായണ ഭട്ടതിരി വേദത്തിലെ ഏകത്വത്തെ പുരസ്കരിച്ചുള്ള പ്രസ്ഥാനംകൊണ്ട് ഉദ്ദേശിച്ചത്, ഇസ്‌ലാമിലെ ഏകദൈവ വിശ്വാസമാണെന്ന് വ്യക്തമാക്കുന്നു. അന്യവേദങ്ങളുടെ സഹായത്തോടുകൂടിയല്ലാത്ത അഥർവണ വേദപ്രസ്ഥാനമാണ് ഹൈന്ദവ വേദങ്ങളിലെ ഏകത്വത്തെ പുരസ്കരിച്ച പ്രസ്ഥാനം എന്ന് വേർതിരിച്ച് പറയുന്നു. ഇതിൽ നിന്നും ഏകത്വത്തെയും അദ്വൈതത്തെയും അദ്ദേഹം ഒന്നായിട്ടല്ല വിവക്ഷിച്ചിട്ടുള്ളതെന്നു വ്യക്തം. കാരണം, ഇസ്‌ലാമിലേത് അദ്വൈതമല്ല. അദ്വൈതം ഭാരതവർഷത്തിൽ നാമാവശേഷമായിട്ടേയില്ല. വേദങ്ങളിൽ ഇസ്‌ലാമിലേതിന് സമാനമായ ഏകദൈവ വിശ്വാസത്തെ പരാമർശിക്കുന്ന സൂക്തങ്ങൾ ഇന്നും നിലനില്ക്കുന്നുവെനും അവ അദ്വൈതത്തിന്നുള്ള തെളിവല്ലെന്നും സ്പഷ്ടമാവുന്നു.

## ബഹുദൈവ വിശ്വാസം

ഹിന്ദുമതത്തിന്റെ അടിസ്ഥാനമായി ബഹുദൈവ വിശ്വാസമാണ് ഇന്ന് പ്രചരിച്ചിട്ടുള്ളത്. ഏകദൈവ വിശ്വാസം മൗലികമായി അംഗീകരിച്ചിരുന്ന ഹിന്ദുമതാനുയായികൾ കാലക്രമത്തിൽ ബഹുദൈവവാദക്കാരായത്, അനേകം അർഥങ്ങളുള്ള 'ദേവ്' എന്ന സംജ്ഞയുടെ അർഥഗ്രഹണത്തിലുളവായ പ്രമാദമാണ്. സംസ്കൃത ധാതുവായ 'ദിവ്' എന്നതിൽ നിന്നാണ് 'ദേവ്' എന്ന സംജ്ഞ. ഈശ്വരന്റെ പര്യായപദമായി പ്രയോഗിക്കുന്ന ഈ സംജ്ഞ മറ്റനേകം അർഥങ്ങളിലും വേദങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. സംസ്കൃത വ്യാകരണ നിയമമനുസരിച്ച്, 'ദേവ്' എന്ന സംജ്ഞയുടെ ഒന്നോ അതിലധികമോ മുഴുവനുമോ അർഥം ലഭിക്കുന്നതിനെല്ലാം ഈ സംജ്ഞ പ്രയോഗിക്കാവുന്നതാണെന്ന് ആചാര്യ നരേന്ദ്ര ഭൂഷൺ അഭിപ്രായപ്പെടുന്നു. ക്രീഡ, പ്രവൃത്തി, പ്രകാശനം, മോദം, സ്വപ്നം, വിജിഗീഷ, സ്മൃതിമദം, കാന്തി, ഗതി എന്നീ അർഥങ്ങളാണ് ദിവ്, ദേവ എന്നിവയ്ക്ക് പ്രയോഗിച്ചുവരുന്ന മറ്റ് അർഥങ്ങൾ.[3]

വേദങ്ങളിലെ ദേവ എന്ന ശബ്ദത്തിന് നിരവധി അർഥങ്ങളുള്ളതിനാൽ അവയിലെ ഈശ്വരൻ എന്ന അർഥത്തെ മാത്രം വേദപണ്ഡിതന്മാർ അവലംബിച്ചതിനാലാണ് ഹിന്ദുമതത്തിൽ നിന്ന് ഏകദൈവ വിശ്വാസം വിസ്മൃതമായത്. വ്യത്യസ്ത അർഥങ്ങളുള്ള ഒരു പദത്തിന്റെ അർഥം, സന്ദർഭത്തിനനുസരിച്ച് വേദപഠിതാക്കളെ ബോധ്യപ്പെടുത്തുന്നതിൽ ഹിന്ദുമതപണ്ഡിതന്മാർ പുലർത്തിയ നിസ്സംഗതമൂലം വേദത്തിലെ ഈശ്വരസങ്കല്പം കീഴ്മേൽ മറിഞ്ഞു.

ഭാഷയിൽ ഒരു പദത്തിന് ഒന്നിലധികം അർഥങ്ങൾ ഉണ്ടാവുക സ്വാഭാവികം. സംസ്കൃത ഭാഷയിലും നാനാർഥമുള്ള പദങ്ങൾ ഉണ്ട്. കാലക്രമേണ പദങ്ങൾക്ക് പ്രചാരക്കുറവോ അർഥവ്യത്യാസമോ സംഭവിക്കുക അസാധാരണമല്ല. എന്നാൽ, അടിസ്ഥാനപദങ്ങൾക്ക് അർഥവ്യത്യാസമോ പ്രചാരക്കുറവോ സംഭവിക്കാറില്ല. വല്ല മാറ്റവും സംഭവിച്ചാൽ തന്നെ സൂക്ഷ്മതയോടെ അത് വിശദമായി പഠിപ്പിക്കും. പക്ഷേ, ഹൈന്ദവ വേദങ്ങളിലെ ചില പദങ്ങൾ വേദപണ്ഡിതന്മാരുടെ സത്വര ശ്രദ്ധയുടെ അഭാവത്തിൽ ഏകാർഥം പ്രകടിപ്പിക്കുന്നതായിത്തീർന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'ദേവാ' എന്ന പദം. ദേവൻ, ദൈവം എന്നീ സംസ്കൃത പദങ്ങൾക്ക്



ഈശ്വരൻ എന്നല്ലാതെ മറ്റൊരർഥവും സങ്കല്പിക്കാൻ സാധ്യമല്ലാത്ത നിലയാണ് ഇന്നുള്ളത്.[4]

മതവിശ്വാസത്തിന്റെയും ദൈവവിശ്വാസത്തിന്റെയും അടിസ്ഥാനം മനുഷ്യൻ സ്രഷ്ടാവിന് പൂർണമായും ആത്മാർപ്പണം ചെയ്യുക എന്നതാണ്. സമ്പൂർണ സമർപ്പണം ഏകദൈവത്തിന്റെ മുമ്പിലേ സാധ്യമാകൂ. പല ദൈവങ്ങൾക്ക് ഒരേസമയം പൂർണമായി സമർപ്പിക്കുക സാധ്യമല്ല. സൃഷ്ടിസമത്വവും സ്രഷ്ടാവിന്റെ മഹത്ത്വവും ഉദ്ഘോഷിക്കുന്ന ഈശ്വരസങ്കല്പത്തെക്കുറിച്ച് വേദപണ്ഡിതനും ചിന്തകനുമായ ഡോ. രാധാകൃഷ്ണൻ എഴുതുന്നു: *''പരമേശ്വരൻ ഒന്നേ ഉണ്ടായിക്കൂടൂ. രണ്ട് പരമേശ്വരന്മാരും എണ്ണമറ്റ സത്തകളും ഉണ്ടാവുക സാധ്യമല്ല. ഒരു ദേവൻ മറ്റൊരു ദേവന്റെ സൃഷ്ടിയാണോ എന്ന ചോദ്യം എല്ലായിടത്തും ചോദിക്കപ്പെട്ടിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട ഒരു ദേവൻ ഈശ്വരനേ അല്ല.''* (ഭാരതീയ ദർശനം, വാല്യം 1, പേ. 68, 69, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1975).

വേദങ്ങൾ ബഹുദൈവവിശ്വാസം പഠിപ്പിക്കുന്നുവെന്ന വാദം വേദപണ്ഡിതന്മാരും ചിന്തകന്മാരും അംഗീകരിക്കുന്നില്ല. അനേകം ഈശ്വരന്മാർ ഉണ്ടെന്ന് അർഥം ലഭിക്കുന്ന ഒരു പദവും നാലു വേദങ്ങളിൽ ഒരിടത്തുമില്ലെന്നും, വേദങ്ങളിലെ ഈശ്വരൻ ഏകനാണെന്നും ദയാനന്ദ സരസ്വതിയും വ്യക്തമാക്കിയിട്ടുണ്ട്.[5]

*''പ്രാചീന ഭാരതീയർ ഏകദൈവ വിശ്വാസികളായിരുന്നു. അവരുടെ ആരാധനാ സമ്പ്രദായങ്ങൾ പഠനം നടത്തിയവരെല്ലാം ഇത് അംഗീകരിക്കുന്നു. വേദോക്തമായ ഈശാനാദി വിശേഷണങ്ങളാലും അണോരണീയാൻ മുതലായ ഉപനിഷത് പ്രോക്തമായ വിശേഷണങ്ങളാലും പ്രതിപാദിതനായത് ഏതൊരു പരമേശ്വരനാണോ ആ പരമേശ്വരനെ മാത്രമേ സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നു വരെയും ആര്യന്മാർ യഥാവിധി അറിഞ്ഞ് ഉപാസിച്ചിട്ടുള്ളൂവെന്ന് അറിഞ്ഞാലും. ഏതാനും ചില ആര്യപുരുഷന്മാർ മാത്രമല്ല, യൂറോപ് ആദിയായ ദേശങ്ങളിൽ വസിക്കുന്ന ആംഗ്ലിയാദികളും ആര്യന്മാർ അനേക ദേവതകളെയും ഭൂതങ്ങളെയും ആരാധിച്ചിരുന്നുവെന്ന് പറയുന്നത് വെറുതെയാണ്. എന്തെന്നാൽ, പ്രാചീന ഭാഷ്യങ്ങളിൽ അഗ്നി മുതലായ നാമങ്ങളിൽ നിന്ന് ഗ്രഹിച്ചിട്ടുള്ളത് ഉപാസ്യനായ ഏകേശ്വരനെയാണ്. ആ ഏകേശ്വരനെ മാത്രമേ അവർ ഉപവസിച്ചിട്ടുള്ളൂ.''* (ദയാനന്ദസരസ്വതി, വിവ. നരേന്ദ്രഭൂഷൺ, വേദപര്യടനം, പേ. 94, വൈദിക സാഹിത്യപരിഷത്ത്, ചെങ്ങന്നൂർ, 1973)

ഈ വിവരണങ്ങളിൽ നിന്നെല്ലാം ഹിന്ദുമതത്തിന്റെ മൗലികതയെക്കുറിച്ച് ചില കാര്യങ്ങൾ വ്യക്തമാവുന്നു:

ഒന്ന്: വേദദർശനത്തിലെ ദൈവ സങ്കല്പം ഏകദൈവ വിശ്വാസമായിരുന്നു.

രണ്ട്: വേദങ്ങളുടെ ആദ്യകാലത്തെ അനുയായികൾ ഏകദൈവ വിശ്വാസികളായിരുന്നു.

മൂന്ന്: ബഹുദൈവ വാദം വേദത്തിന്റെ അടിസ്ഥാനമല്ല. വേദസംജ്ഞകൾ മനസ്സിലാക്കുന്നതിൽ പിണഞ്ഞ പ്രമാദമാണ് ബഹുദൈവ വിശ്വാസം പ്രചരിക്കാൻ ഇടവരുത്തിയത്.

## ശരീര രഹിതൻ

ഏകദൈവ വിശ്വാസത്തിന്റെ അടിസ്ഥാന ഘടകമാണ് ഈശ്വരൻ ശരീര രഹിതനാണെ

ന്നത്. ഈശ്വരന്റെ പ്രതിമകളും ചിത്രങ്ങളും ദൈവം ശരീരമുള്ളവനാണെന്ന വാദത്തിൽ നിന്നാണ് ഉടലെടുക്കുന്നത്. വിഗ്രഹങ്ങളും ചിത്രങ്ങളും ധാരാളമായി പ്രചരിപ്പിക്കുകയും അതിലേക്ക് ജനഹൃദയങ്ങളെ ആകർഷിപ്പിക്കുകയും ചെയ്യുന്നത് ഇന്ന് ഹൈന്ദവ വിശ്വാസത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. എന്നാൽ, ഹൈന്ദവ വിശ്വാസത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങൾ ദൈവം ശരീര രഹിതനാണെന്ന് ഖണ്ഡിതമായി പറയുന്നു:

1.*'സപര്യ ഗാച്ഛ്വു ക്രമകായമപ്രണമസ്നാ*
*വിരശുദ്ധ മപാപവിദ്ധം കവീർ മനീഷി*
*പരിഭ്രഃ സ്വയം ഭൂര്യാഥാ തഥ്യതോര്ഥാൻ*
*വിദ്ധാത് ശാശ്വതീഭ്യഃ സമാഭ്യഃ.'' (യജുർവേദം 40:8)*

*(സർവവ്യാപിയും വേഗവാനും അനന്ത ബലവാനും ശുദ്ധനും സർവാന്തര്യാമിയും സനാതനനും ശരീര രഹിതനും ഛിദ്രരഹിതനും നാഡീഞരമ്പുകളാൽ അബന്ധിതനും പാപചരണമില്ലാത്തവനും സർവജ്ഞനും മഹാധിമാനും എങ്ങും വർത്തിക്കുന്ന സ്വയഭൂവും ആയ ഈശ്വരൻ സ്വപ്രജകളായ ആത്മാക്കൾക്ക് വേദജ്ഞാനം മുഖേന സർവവിദ്യാദാനം ചെയ്യുന്നു.)*[6]

2.*''അവ്യക്തം വ്യക്തിമാപന്നം*
*മന്യന്തേ മാമബുദ്ധയഃ*
*പരം ഭവമജാനന്തോ*
*മമാ വ്യയമനുത്തമം*
*നാഹം പ്രകാശഃ സർവസ്യ*
*യോഗമായാ സമാവൃതഃ*
*മൂഢോയം നാഭിജാനാതി*
*ലോകോ മാമജമവ്യയം.''* (ഭഗവദ്ഗീത 7-24,25)

*(സർവോൽകൃഷ്ടവും വികാരമില്ലാത്തതുമായ എന്റെ ആത്മസ്വരൂപത്തെ മനസ്സിലാക്കാത്ത അല്പബുദ്ധികൾ അവ്യക്തനായ എന്നെ, വ്യക്തമായ രൂപത്തോട് കൂടിയവനാണെന്ന് വിചാരിക്കുന്നു. യോഗ മായയാൽ മൂടപ്പെട്ടിരിക്കുന്ന ഞാൻ എല്ലാവർക്കും പ്രകാശൻ [കാണത്തക്കവൻ] ആയിത്തീരുന്നില്ല. ജനനമോ വികാരമോ ഇല്ലാത്ത എന്നെ മൂഢജനങ്ങൾ അറിയുന്നില്ല.)*

3.*''അവജാനന്തി മാം മൂഢാ*
*മാനുഷീം തനുമാശ്രിതം*
*പരം ഭാവമജാനന്തോ*
*മമഭൂതമഹേശ്വരം*
*മോഘാശാ മോഘകർമണോ*
*മോഘജ്ഞാനാ വിചേതസഃ*
*രാക്ഷസീമാസുരീം ചൈവ*
*പ്രകൃതിം മോഹിനീം ശ്രിതാഃ.''* (ഭഗവത്ഗീത 9-11, 12)

*(മൂഢജനങ്ങൾ, സർവഭൂതേശ്വരനായ എന്റെ പരമാത്മ ഭാവത്തെ അറിയാതെ, മനുഷ്യശരീരം ഗ്രഹിച്ചിരിക്കുന്ന ഒരുവനെന്ന് എന്നെ അവഗണിക്കുന്നു. അങ്ങനെ എന്നെ അവഗണിക്കുന്നവരുടെ ആശകളും അവർ ചെയ്യുന്ന കർമങ്ങളും അവർക്കുള്ള ജ്ഞാനവും നിഷ്ഫലങ്ങളാണ്. അവർ അവിവേകികളും മനസ്സിനെ മോഹിപ്പിക്കുന്ന*



*രാക്ഷസപ്രകൃതിയെയും അസുരപ്രകൃതിയെയും ആശ്രയിച്ചിട്ടുള്ളവരുമാകുന്നു.)*

മുകളിൽ ചേർത്ത ഒന്നാമത്തെ യജുർവേദ സൂക്തത്തിൽ ഈശ്വരന്ന് നല്കിയ വിശേഷണങ്ങൾ ശരീര രഹിതൻ, നാഡി-ഞരമ്പുകളാൽ ബന്ധിതനല്ലാത്തവൻ, പാപമുക്തൻ, ഛിദ്രരഹിതൻ, സർവജ്ഞൻ എന്നെല്ലാമാണ്. ഈ വിശേഷണങ്ങൾ ദൈവം അരൂപിയാണെന്ന് പ്രഖ്യാപിക്കുന്നു. വിഗ്രഹങ്ങളിലൂടെ, ഇന്നത്തെ ഹിന്ദുമതാനുയായികൾ പരിചയപ്പെടുത്തിത്തരുന്ന ദൈവങ്ങൾക്ക് ഈ വിശേഷണങ്ങൾ അവകാശപ്പെടാൻ കഴിയുകയില്ല. ദൈവത്തിന്റെ പ്രതിമയും വിഗ്രഹവും അവയ്ക്കുള്ള ആരാധനയും ഹിന്ദുമതത്തിലെ അടിസ്ഥാന ദൈവസങ്കല്പവുമായി യഥാർഥത്തിൽ പൊരുത്തപ്പെടുന്നില്ല.

രണ്ടാമത്തെ ഗീതാവചനത്തിൽ, ഈശ്വരനെ അറിയാത്ത അല്പബുദ്ധികൾ ദൈവത്തെ സങ്കല്പിക്കുന്നത് മനുഷ്യൻ, മൃഗം, മത്സ്യം എന്നിവയുടെ രൂപത്തിലാണ്. ദൈവം ദശാവതാരങ്ങളെടുത്തുവെന്ന ഹൈന്ദവ ദൈവസങ്കല്പത്തിലെ പുതിയ വാദത്തെ ഈ ഗീതാശ്ലോകം പാടേ നിഷേധിക്കുന്നു.

മൂന്നാമത്തേതിൽ, ദൈവം ശരീര രഹിതനാണെന്ന് പ്രഖ്യാപിക്കുന്നത് ഗൗരവസ്വരത്തിലാണ്. ഈശ്വരന്ന് ശരീരമുണ്ടെന്ന് വാദിക്കുന്നവർ ദൈവത്തെ അവഗണിക്കുന്നവരാണെന്നും അവിവേകികളും രാക്ഷസപ്രകൃതക്കാരുമാണെന്ന് ശക്തമായ ഭാഷയിൽ ഖണ്ഡിക്കുന്നു. ഈ അടിസ്ഥാന പ്രമാണങ്ങൾ, ഹിന്ദുമത വിശ്വാസികളുടെ ദൈവസങ്കല്പം അവർ വിശ്വസിക്കുന്നതും വിശ്വസിക്കേണ്ടതും തമ്മിലുള്ള മൗലിക വ്യത്യാസത്തിലേക്ക് വിരൽ ചൂണ്ടുന്നു. പ്രതിമകളും വിഗ്രഹങ്ങളും ചിത്രങ്ങളും സൃഷ്ടിച്ച്, ദൈവം ആകാരമുള്ളവനാണെന്ന് വിശ്വസിക്കുന്നതും പ്രചരിപ്പിക്കുന്നതും വേദാനുയായികൾക്ക് ഭൂഷണമല്ല.

## ഏകദൈവവിശ്വാസം അദ്വൈതമല്ല

ഏകദൈവ സങ്കല്പമാണ് ഹൈന്ദവവേദങ്ങളുടെ അന്തർധാര. എന്നാൽ വേദങ്ങളിലെ ഏകദൈവ സങ്കല്പത്തെ നിരാകരിക്കുന്ന അദ്വൈതവാദികൾ ഇത് ഹൈന്ദവേതര വിഭാഗങ്ങളുടെ കണ്ടെത്തലായിട്ടാണ് പ്രചരിപ്പിക്കുന്നത്. ഏകദൈവ വിശ്വാസത്തിലേക്ക് സൂചന നല്കുന്ന വേദവാക്യങ്ങളെ അദ്വൈത പാഠങ്ങളായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എന്നാൽ, ഹിന്ദുമതത്തിന്റെ ആചാര്യന്മാരും നവോത്ഥാന നായകന്മാരുമായി അറിയപ്പെടുന്ന രാജാറാം മോഹൻ റായ്, മഹാദേവ ഗോവിന്ദ റാണഡെ, ദയാനന്ദ സരസ്വതി തുടങ്ങിയവർ പറയുകയും പ്രചരിപ്പിക്കുകയും ചെയ്ത വസ്തുതകളാണവ. രാജാറാം മോഹൻറായ്, ഹിന്ദുക്കളുടെ പഴയ മുഖ്യ ഗ്രന്ഥങ്ങളെല്ലാം ഏകദൈവ വിശ്വാസമോ ഏകദൈവാരാധനയോ അനുശാസിക്കുന്നവയാണെന്ന് അഭിപ്രായപ്പെട്ടു. ഈ വാദം തെളിയിക്കുന്നതിന്നായി അദ്ദേഹം വേദങ്ങളുടെ ബംഗാളീ തർജമയും അഞ്ച് മുഖ്യ ഉപനിഷത്തുക്കളും പ്രസിദ്ധീകരിച്ചു. ഏകദൈവ വിശ്വാസത്തിന് അനുകൂലമായി അദ്ദേഹം ലഘുലേഖകളുടെ ഒരു പരമ്പരതന്നെ എഴുതി........ 1809-ൽ രാജാറാം മോഹൻ റായ് 'ഏകദൈവ വിശ്വാസികൾക്കുള്ള ഉപഹാരം' എന്ന തന്റെ പ്രസിദ്ധ കൃതി പേർഷ്യനിൽ എഴുതി. അതിലദ്ദേഹം നിരവധി ദൈവങ്ങളിലുള്ള വിശ്വാസത്തിനെതിരെ ഒരൊറ്റ ദൈവത്തെ ആരാധിക്കുന്നതിന് വേണ്ടിയുള്ള കനപ്പെട്ട വാദങ്ങൾ നിരത്തിവെച്ചിരുന്നു.......... 1929-ൽ അദ്ദേഹം ബ്രഹ്മസഭ (പിന്നീട് ബ്രഹ്മസമാജ് എന്നറിയപ്പെട്ടു.) എന്നു പേരായ ഒരു പുതിയ മതസംഘടന

സ്ഥാപിച്ചു. ഹിന്ദുമതം ശുദ്ധീകരിക്കുകയും ഏകദൈവവിശ്വാസം പ്രചരിപ്പിക്കുകയുമായിരുന്നു അതിന്റെ ഉദ്ദേശ്യം.[7]

ബ്രഹ്മസമാജം പോലെ ഭാരതത്തിൽ ഉടലെടുത്ത മറ്റൊരു ഹിന്ദുമത നവോത്ഥാന പ്രസ്ഥാനമാണ് പ്രാർഥനാ സമാജം.

അതിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഏകദൈവ വിശ്വാസ പ്രചാരണമായിരുന്നു. (ഇന്ത്യാചരിത്രം, രണ്ടാം ഭാഗം, പേ. 238, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1987)

ഇന്നും ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഹിന്ദുമത നവോത്ഥാന പ്രസ്ഥാനമാണ് ആര്യസമാജം. ആര്യസമാജത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്ന് 'വേദങ്ങൾ ഉദ്ഘോഷിക്കുന്നത് ഏകദൈവ വിശ്വാസം മാത്രമാണെന്ന് പ്രചരിപ്പിക്കുക'യായിരുന്നു. അതിന്റെ സ്ഥാപകനായ ദയാനന്ദ സരസ്വതി 'സത്യാർഥ പ്രകാശം,' 'വേദപര്യടനം' തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ ഈ ആശയം ശക്തമായി അവതരിപ്പിക്കുകയുണ്ടായി എന്ന് മാത്രമല്ല, ഏകദൈവ വിശ്വാസത്തിന് പകരം പ്രചരിപ്പിക്കുന്ന അദ്വൈത സിദ്ധാന്തത്തെ നഖശിഖാന്തം എതിർക്കുകയും ചെയ്തു. *''ജീവാത്മാവും പരമാത്മാവും ഒന്നാണെന്നും ജഗത്ത് മിഥ്യയാണെന്നുമുള്ളത് ശങ്കരാചാര്യരുടെ സ്വന്തം മതമാണെങ്കിൽ അത് നല്ലൊരു മതമല്ല. ജൈനൻമാരെ ഖണ്ഡിക്കുവാനായി അദ്ദേഹം ആ മതം സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളതെങ്കിൽ കുറച്ചു ഭേദമാണ്.''* (സത്യാർഥ പ്രകാശം, പേ. 479, കേരള ആര്യസമാജ മിഷൻ, കോഴിക്കോട്, 1933)

ശങ്കരാചാര്യർ പ്രചരിപ്പിച്ച അദ്വൈത സിദ്ധാന്തം വേദദർശനമോ ദൈവ കല്പനയോ അല്ല. ഹിന്ദുമതത്തിന് ഭീഷണി ഉയർത്തി വളർന്നുവന്ന ജൈനമതത്തെ പരാജയപ്പെടുത്തുന്നതിനായി അദ്ദേഹം ആവിഷ്കരിച്ച തന്ത്രങ്ങളും തർക്കങ്ങളും ജൈനമതം പരാജയപ്പെടുവോളം അംഗീകരിക്കാം. ഇതിലപ്പുറം അദ്വൈത സിദ്ധാന്തത്തിന് യാതൊരു പ്രസക്തിയുമില്ല എന്നത്രേ ഇപ്പറഞ്ഞതിനർഥം. അദ്വൈതവാദത്തിനെതിരെ ദയാനന്ദ സരസ്വതി രോഷം കൊള്ളുന്നത് കാണുക:

*''അല്ലയോ അസത്യവാദികളായ വേദാന്തികളേ, നിങ്ങൾ സത്യസ്വരൂപനും സത്യകാമനും സത്യസങ്കല്പനുമായ പരമാത്മാവിനെ മിഥ്യാചരനാക്കിയല്ലോ. നിങ്ങൾക്കു അധഃപതനം ഉണ്ടാകുവാനുള്ള കാരണമല്ലേ ഇത്? പരമേശ്വരൻ മിഥ്യാസങ്കല്പനും മിഥ്യാവാദിയുമാണെന്ന് ഏതുപനിഷത്തിലാണ്, അല്ലെങ്കിൽ ഏതു സൂത്രത്തിലാണ്, അഥവാ ഏതു വേദത്തിലാണ് എഴുതിയിട്ടുള്ളത്? 'കുറ്റം ചെയ്ത കള്ളൻ പോലീസുദ്യോഗസ്ഥന്ന് ശിക്ഷ നല്കി' എന്ന പഴഞ്ചൊല്ലു പോലെയാണല്ലോ നിങ്ങൾ പറഞ്ഞത്. പോലീസുദ്യോഗസ്ഥൻ കള്ളനെ ശിക്ഷിച്ചു എന്ന് പറയുന്നത് ഉചിതം തന്നെയാണ്. എന്നാൽ, കള്ളൻ പോലീസധികാരിയെ ശിക്ഷിക്കുക എന്നു പറയുന്നത് നാട്ടുനടപ്പിന് നേരെ വിപരീതമാണല്ലോ? അതേ വിധത്തിൽ തന്നെ നിങ്ങൾ മിഥ്യാസങ്കല്പന്മാരും മിഥ്യാവാദികളുമായിരുന്നുംകൊണ്ട് അവരവരുടെ ദോഷങ്ങളെ വെറുതെ ബ്രഹ്മത്തിൽ ആരോപിക്കുകയാണ് ചെയ്തത്. ബ്രഹ്മത്തിന്റെ ഏതാനുമൊരംശം മിഥ്യാജ്ഞാനിയും മിഥ്യാവാദിയും മിഥ്യാകാരിയുമാണെന്ന് വരുന്ന പക്ഷം അനന്തമായ ബ്രഹ്മം മുഴുവനും അതേ വിധത്തിലുള്ളതായിത്തീരും. എന്തെന്നാൽ, അത് ഏകരൂപമാകുന്നു....... നിങ്ങൾ യാതൊന്നിനെ വിദ്യയെന്ന് പറയുന്നുവോ അത് അവിദ്യയാകുന്നു. നിങ്ങളുടെ അധ്യാരോപവും മിഥ്യയാകുന്നു. എന്തെന്നാൽ, ബ്രഹ്മമല്ലാതിരിക്കുന്ന ആത്മാവിനെ ബ്രഹ്മമാണെന്നും ബ്രഹ്മത്തെ ജീവനാണെന്നും സങ്കല്പിക്കുക എന്നത് മിഥ്യാജ്ഞാനമല്ലെങ്കിൽ മറ്റെന്താണ്?''* (സത്യാർഥ പ്രകാശം, പേ. 388)



വേദങ്ങളിലെ പരാമർശം അദ്വൈത സിദ്ധാന്തമല്ലെന്നും ഏകദൈവ സങ്കല്പമാണെന്നും ഈ വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ, ഏകദൈവ സങ്കല്പത്തെ നിരാകരിക്കുന്നവർ, ഏകദൈവ വിശ്വാസം അനുശാസിക്കുന്ന വേദവാക്യങ്ങളെ അദ്വൈത പാഠങ്ങളായി വ്യാഖ്യാനിക്കുകയാണ്.

ഹിന്ദുമതത്തിന്റെ അടിസ്ഥാനം ഏകദൈവ വിശ്വാസമായിരുന്നു. അവതാരവാദവും വിഗ്രഹാരാധനയും അദ്വൈത ദർശനവുമാണ് ദൈവവിശ്വാസമായി ഹിന്ദുമത പണ്ഡിതന്മാർ പരിചയപ്പെടുത്തുന്നത്. എന്നാൽ, വേദങ്ങൾ അവയെ നിരാകരിച്ച് ഏകദൈവ വിശ്വാസത്തെ ഉയർത്തിപ്പിടിക്കുന്നു. പുരോഹിതന്മാരുടെ ദുർവ്യാഖ്യാനങ്ങളിലും വേദവിരുദ്ധ ചിന്താഗതിയിലും അലിഞ്ഞില്ലാതാവാൻ ഒരു മതത്തിലെയും ദൈവസങ്കല്പത്തിന് സാധ്യമല്ല. ഈശ്വരനെക്കുറിച്ച് സത്യസന്ധമായ ദർശനമായതിനാലാണ്, ഏകദൈവ വിശ്വാസത്തെ മറച്ചുവയ്ക്കാൻ ശ്രമിച്ചിട്ടും ദുർവ്യാഖ്യാനങ്ങളുടെ പ്രവാഹത്തിലും, വേദങ്ങളിൽ അത് നിലനിന്നത്. ഏകദൈവ വിശ്വാസത്തെ പ്രതിരോധിക്കാൻ അദ്വൈതം ഒരായുധമായിരുന്നു. വേദത്തിൽ വേരില്ലെന്ന് ബോധ്യമായിട്ടും അദ്വൈതത്തിന്റെ അടിസ്ഥാന വചനങ്ങളെ മഹാ വാക്യങ്ങളെന്നും വേദവാക്യങ്ങളെന്നും പരിചയപ്പെടുത്തി. എന്നാൽ, അവ വേദവാക്യങ്ങളല്ലെന്നും ബ്രാഹ്മണ വചനങ്ങളാണെന്നതും പ്രസിദ്ധമാണ്. അത് അദ്വൈത ദർശനത്തെ ദൈവേതര സിദ്ധാന്തമായി മനസ്സിലാക്കാൻ ഈശ്വരവിശ്വാസികളെ ബാധ്യസ്ഥരാക്കുന്നു. ഏകദൈവ വിശ്വാസം വേദത്തിലെ ദൈവപ്രോക്തമായ ഈശ്വര വിശ്വാസമല്ലെങ്കിൽ, ഹിന്ദുമതത്തിൽ ദൈവവിശ്വാസമില്ലെന്ന നിഗമനത്തിലാണ് എത്തുക.

## കുറിപ്പുകൾ


1. വിവ. ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്, ഋഗ്വേദം (ഭാഷാഭാഷ്യം), വിതരണം: കൈരളി ബുക്സ്, തൃശൂർ.
2. വിവ. വി. ബാലകൃഷ്ണൻ, ആർ. ലീലാദേവി, യജുർവേദം, വിദ്യാർഥിമിത്രം ബുക്ഡിപ്പോ-കോട്ടയം, 1975.
3. നരേന്ദ്രഭൂഷൺ, വിഗ്രഹാരാധന, പേ. 41, വൈദിക സാഹിത്യ പരിഷത്ത്, ചെങ്ങന്നൂർ, 1984.
4. വിഗ്രഹാരാധന, പേ. 41.
5. സത്യാർഥ പ്രകാശം, പേ. 282, കേരള ആര്യസമാജ മിഷൻ, കോഴിക്കോട്, 1933.
6. വേദപര്യടനം, പേ. 85.
7. വിവ. എം. പി. ശ്രീകുമാരൻ നായർ, കെ. കെ. എൻ. കുറുപ്പ്, ബിപൻ ചന്ദ്ര, ആധുനിക ഇന്ത്യ, പേ. 137, 138, ഓറിയന്റ് ലോങ്മൻ ലിമിറ്റഡ്, 1986.

4

# പുനർജന്മ സിദ്ധാന്തം

ഹിന്ദുമതത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച വിശ്വാസമാണ് പുനർജന്മ സിദ്ധാന്തം. ധർമം പാലിക്കാത്തവർ മരണാനന്തരം ശുനകനോ ശൂദ്രനോ ആയി വീണ്ടും ഈ ഭൂമുഖത്ത് ജനിക്കും. ധർമിഷ്ഠനാണെങ്കിൽ ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആവും. എന്നാൽ, പുരാതന ഭാരതീയർ പുനർജന്മത്തെ ഇതുപോലുള്ള ജന്മപരിണാമമായിട്ടല്ല മനസ്സിലാക്കിയിരുന്നത്; പരലോക ജീവിതത്തിലധിഷ്ഠിതമായ നരക-സ്വർഗവാസമായിട്ടായിരുന്നു. ഇതിന് പില്ക്കാലത്ത് നല്കിയ വ്യാഖ്യാനമാണ് ഇന്നത്തെ പുനർജന്മ സിദ്ധാന്തം.

## വേദേതര ദർശനം

പുനർജന്മ സിദ്ധാന്തം വേദങ്ങളിൽ പരാമർശിക്കുന്നില്ല. മരണാനന്തരം ഈ ലോകത്ത് ആവർത്തിച്ച് ജനിച്ച് രക്ഷാശിക്ഷകൾ കരസ്ഥമാക്കുന്നതിനെക്കുറിച്ച സൂചനകൾ നാലു വേദങ്ങളിലും ലഭ്യമല്ല. ബ്രാഹ്മണങ്ങളുടെ കാലഘട്ടം അവസാനിക്കുന്നതു വരെയും, ഭൂമിയിൽ ആവർത്തിച്ച് ജനിച്ച് രക്ഷാശിക്ഷകൾ നേടുമെന്ന വിശ്വാസം ഭാരതീയർക്കുണ്ടായിരുന്നില്ല. ഉപനിഷത്തുകളുടെ ആഗമനത്തോടെയാണ് ഈ സിദ്ധാന്തം ഉടലെടുത്തത്. ഡോ. രാധാകൃഷ്ണൻ ഈ വസ്തുത ഊന്നിപ്പറയുന്നു: *''ബ്രാഹ്മണം അടുത്ത ലോകത്തിലേ ജനന-മരണങ്ങൾ നടക്കുന്നതായി സ്വീകരിക്കുന്നുള്ളൂ. ഉപനിഷത്തുകളിലായപ്പോൾ ആ വിശ്വാസം, ഈ ലോകത്താണ് പുനർജന്മമെന്ന വിശ്വാസപ്രമാണമായി മാറി''* (ഭാരതീയ ദർശനം, വാല്യം ഒന്ന്, പേ. 224, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1995). വേദങ്ങൾക്കും ബ്രാഹ്മണങ്ങൾക്കും അന്യമായ പുനർജന്മ സിദ്ധാന്തം ഉപനിഷത്തുകളുടെ സംഭാവനയാണ്. ബി.സി. അറുനൂറിനടുത്ത് വിരചിതമായ ആദ്യകാല ഉപനിഷത്തുകളാണ് പുനർജന്മം ആവിഷ്കരിച്ചത്[1]. ഛാന്ദോഗ്യോപനിഷത്തിലും ബൃഹദാരണ്യകത്തിലും ഇതിന്റെ വ്യക്തമായ ചിത്രം കാണാം. പുനർജന്മം ഉപനിഷത് സൃഷ്ടിയാണെന്നതിനുള്ള മതിയായ തെളിവുകളാണിത്. ഹൈന്ദവ ധർമത്തിൽ പില്ക്കാല മഹർഷിമാർ കൂട്ടിച്ചേർത്ത ഈ സിദ്ധാന്തത്തിന്റെ പിതൃത്വത്തെക്കുറിച്ച് ഡോ. രാധാകൃഷ്ണൻതന്നെ പറയട്ടെ: *''ആത്മാവ് സഞ്ചരിക്കുന്ന ഒരു ജീവിത തത്ത്വമാണെന്ന വിശ്വാസം ഋഗ്വേദത്തിൽ നാം കാണുന്നു. ദശമ മണ്ഡലത്തിലെ 58-ാം സൂക്തത്തിൽ, ബോധരഹിത*



*നായി കിടക്കുന്നുവെന്ന് കരുതാവുന്ന ഒരുവന്റെ ആത്മാവിനെ(മനഃ)മരങ്ങളിൽ നിന്നും തിരിച്ചു വരുവാൻ ക്ഷണിച്ചിരിക്കുന്നു. ചില അസ്വാഭാവിക സ്ഥിതികളിൽ ആത്മാവിനെ ശരീരത്തിൽ നിന്ന് വേർതിരിക്കാൻ കഴിയുമെന്ന് കരുതപ്പെട്ടിരുന്നു എന്നത് പ്രകടമാണ്. എന്നാലും പുനർജന്മ വിശ്വാസം വൈദികാര്യൻമാർക്ക് പരിചിതമായിരുന്നു എന്ന് ഇതിൽ നിന്ന് സിദ്ധിക്കുന്നില്ല.''* (ഭാരതീയ ദർശനം- വാല്യം ഒന്ന്, പേ. 93)

പുനർജന്മ സിദ്ധാന്തം വേദങ്ങളിൽ ഉണ്ടെന്ന് സമർഥിക്കാൻ പലരും അവലംബിക്കാറുള്ള വേദഭാഗമാണ് ഡോ. രാധാകൃഷ്ണൻ പരാമർശിച്ചത്. എന്നാൽ ഈ വേദസൂക്തം അദ്ദേഹം വ്യക്തമാക്കിയതുപോലെത്തന്നെ പുനർജന്മ സിദ്ധാന്തത്തിനുള്ള തെളിവല്ല. ആ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം കൂടി വിലയിരുത്തുമ്പോൾ ഇത് വ്യക്തമാവും: *''ഇക്ഷ്വാകു വംശജനായ അസമാതി എന്ന രാജാവിന് ഗൗപായനന്മാരായ ബന്ധു, സുബന്ധു, ശ്രുതബന്ധു, വിപ്രബന്ധു എന്നിങ്ങനെ നാല് പുരോഹിതൻമാരായിരുന്നു. അവരെ മാറ്റി മായാവികളായ വേറെ പുരോഹിതന്മാർ നിയമിക്കപ്പെട്ടു. ഇതിനെതിരായി സുബന്ധു മുതലായവർ ആഭിചാരം ചെയ്തു. ഇതറിഞ്ഞ മായാവികൾ സുബന്ധുവിനെ കൊന്നു. മറ്റു മൂന്നു പേർ മരിച്ച സുബന്ധുവിനെ മന്ത്രം കൊണ്ടും അഗ്നിസപര്യ കൊണ്ടും ജീവിപ്പിക്കുന്നു.''* (ഒ.എം.സി. നാരായണൻ നമ്പൂതിരിപ്പാട്, ഋഗ്വേദം ഭാഷാഭാഷ്യം, വാല്യം എട്ട്, പേ. 5, ഡി.സി. ബുക്സ്, കോട്ടയം, 1995)

ബന്ധു, ശ്രുതബന്ധു, വിപ്രബന്ധു എന്നിവർ തങ്ങളുടെ കൊല്ലപ്പെട്ട സുഹൃത്തിനു വേണ്ടി നടത്തുന്ന വിലാപപ്രാർഥനയാണ് ദശമ മണ്ഡലത്തിലെ 58-ാം സൂക്തം. ഈ സൂക്തത്തിൽ ഉപനിഷത്തുകൾ പ്രസ്താവിക്കുന്നത് പോലെ ഭൂമിയിൽ ആവർത്തിച്ച് ജനിക്കുമെന്നോ, ഏതെങ്കിലും ജന്മത്തിലെ ധർമാധർമങ്ങളുടെ ഫലമാണ് ഈ ജന്മമെന്നോ സൂചിപ്പിക്കുന്നില്ല. വേദത്തിലെ ഈ സൂക്തമോ ഇതുപോലുള്ള പ്രാർഥനകളോ പുനർജൻമ സിദ്ധാന്തത്തിനുള്ള തെളിവാണെന്ന് അംഗീകരിച്ചാൽതന്നെ, മരണാനന്തരം ഉത്തമ യോനിയിൽ ജനിക്കാൻ വേണ്ടി ഹിന്ദുമത വിശ്വാസികൾ ഒറ്റയ്ക്കോ സംഘടിതമായോ ഇത്തരം പുനർജന്മ പ്രാർഥനകൾ നടത്താറുണ്ടോ? വേദങ്ങളിൽ പുനർജന്മ സിദ്ധാന്തം വിശദമാക്കുന്ന സൂക്തങ്ങൾ ഇല്ല എന്നാണ് ഈ വസ്തുതകളെല്ലാം സൂചിപ്പിക്കുന്നത്. മരണാനന്തരം ശിഷ്ടർക്ക് നിത്യശാന്തിയും ദുഷ്ടർക്ക് ദുരിതവും ലഭിക്കുന്ന മറ്റൊരു ജീവിതമുണ്ടെന്ന പരലോകജീവിത വിശ്വാസമായിരുന്നു പുരാതന ഭാരതീയർക്ക്. [2]

പ്രമുഖ ഹിന്ദുമത പണ്ഡിതനായ സ്വാമി രംഗനാഥാനന്ദ, വേദങ്ങളിൽ മരണശേഷമുള്ള രണ്ടു മാർഗങ്ങളെക്കുറിച്ചുവന്ന പരാമർശം വിശദമാക്കുന്നു: *''നമ്മുടെ വൈദിക സാഹിത്യം ആത്മാവിന്റെ രണ്ട് മരണാനന്തര മാർഗങ്ങളെപ്പറ്റി പറയുന്നു. ധൂമാദി മാർഗവും അർച്ചിരാദി മാർഗവും. ആദ്യത്തേത് ഇരുൾ മൂടിയ വഴി. രണ്ടാമത്തേത് പ്രകാശമാന പഥം. ഈ രണ്ട് മാർഗങ്ങളെ പിതൃയാനം (പിതൃക്കൾ പോകുന്ന വഴി) എന്നും ദേവയാനം (ദേവൻമാരുടെ വഴി) എന്നും യഥാക്രമം വിളിക്കുന്നു. ആദ്യം പറഞ്ഞ മാർഗം ആത്മാവിനെ വിഗണിച്ച് സ്വാർഥലോലുപരായി സാധാരണ മട്ടിൽ ജീവിച്ചവർക്കുള്ളതാണ്. ഇത് ദക്ഷിണായന പഥമാണ്. നന്മനിറഞ്ഞവരും ഉന്നതമായ ആധ്യാത്മിക മൂല്യങ്ങൾ ജീവിതത്തിൽ ഉടനീളം അനുസന്ധാനം ചെയ്തവരും ദേവയാന മാർഗത്തിൽ കൂടി പോകും. ഈ രണ്ട് മാർഗങ്ങളുടെയും പൊരുൾ എന്തെന്ന് വ്യക്തമല്ല.''* (വിവ. പ്രൊഫ. വി. മുരളീധരമേനോൻ, ഉപനിഷത്തുകളുടെ സന്ദേശം, പേ. 192, ശ്രീരാമകൃഷ്ണമഠം, തൃശൂർ, 1994)

വേദങ്ങളിലെ പരലോകവിശ്വാസത്തെക്കുറിച്ചുള്ള തുറന്ന കാഴ്ചപ്പാടാണ് ഈ പ്രസ്താ

വന. ഇതിൽ ആദ്യത്തേത് നരകവും രണ്ടാമത്തേത് സ്വർഗവുമാണ്. എന്നാൽ, പരലോക ജീവിതത്തെപ്പറ്റിയും അതിന്റെ സ്വഭാവത്തെപ്പറ്റിയും ഇന്നു കാണുന്ന വേദങ്ങളിൽ വിശദമായി പറഞ്ഞിട്ടില്ല. അതുകൊണ്ടാണ്, *''ഈ രണ്ട് മാർഗങ്ങളുടെ പൊരുൾ എന്തെന്ന് വ്യക്തമല്ലെ''ന്ന്* സ്വാമി രംഗനാഥാനന്ദ അഭിപ്രായപ്പെട്ടത്. എന്നാൽ, പരലോകത്തെക്കുറിച്ച് വേദങ്ങളിൽ വന്ന സൂക്തങ്ങൾ ഉപനിഷത് ചിന്തകൻമാർ അംഗീകരിച്ചില്ല. അവർ പരലോക വിശ്വാസത്തെ വിമർശിക്കുകയും പകരം മറ്റൊന്ന് ആവിഷ്കരിക്കുകയും ചെയ്തു. സ്വാമി രംഗനാഥാനന്ദ തന്നെ പറയട്ടെ: *''ഉപനിഷത്തുകൾക്ക് ഈ രണ്ട് മാർഗങ്ങൾ കൊണ്ടും തൃപ്തി വന്നില്ല. അവർ മൂന്നാമതൊരു വഴി കണ്ടെത്തി; ജീവൻ മുക്തി.''* (ഉപനിഷത്തുകളുടെ സന്ദേശം, പേ. 193)

ഹിന്ദുമതത്തിൽ മരണാനന്തര ജീവിതവീക്ഷണത്തെക്കുറിച്ച സങ്കീർണത ഇവിടെ നിന്നാണ് തുടങ്ങുന്നത്. ഇന്നും അതവസാനിച്ചിട്ടില്ല. നരക-സ്വർഗ വിശ്വാസത്തെയും അതുൾക്കൊള്ളുന്ന പരലോകത്തെയും ഉപനിഷത് ആചാര്യന്മാർ നിഷ്കൃഷ്ടമായ സമീക്ഷയ്ക്ക് വിധേയമാക്കി; പരലോക വിശ്വാസം അപര്യാപ്തമാണെന്ന് വിലയിരുത്തി.[3] വേദങ്ങളിലെ പരലോക വിശ്വാസത്തെ നിഷേധിക്കുകയും സ്വന്തം വീക്ഷണത്തിലൂടെ, ഇന്നത്തെ പുനർജന്മ സിദ്ധാന്തമായി അതിനെ പുനരാവിഷ്കരിക്കുകയും ചെയ്തു. വേദത്തിലെ അടിസ്ഥാന വിശ്വാസങ്ങളോടും തത്ത്വങ്ങളോടും പണ്ഡിതന്മാർ നടത്തിയ വിമർശനാത്മകമായ സമീപനം, വേദസന്ദേശത്തിൽ ആദർശ മാറ്റത്തിനും വൈരുധ്യാധിഷ്ഠിത വീക്ഷണങ്ങൾക്കും കളമൊരുക്കി.

## ഉപനിഷത് സിദ്ധാന്തം

പുനർജന്മ സിദ്ധാന്തം ആദ്യമായി പരിചയപ്പെടുത്തുന്ന ഉപനിഷത് കഥ, ഇതൊരു ദൈവേതര ദർശനമാണെന്നും വൈദികാര്യൻമാർക്ക് അപരിചിതമായിരുന്നുവെന്നും വ്യക്തമാക്കുന്നു. ആരുണി മഹാരാജാവിന്റെ പുത്രനായ ശ്വേതകേതു പിതാവിൽ നിന്നും എല്ലാ വിദ്യയും അഭ്യസിച്ച ശേഷം പഞ്ചാലന്മാരുടെ സഭയിലേക്ക് ചെന്നു. അവിടെ വെച്ച് പ്രവാഹണൻ എന്ന ക്ഷത്രിയ പണ്ഡിതന്റെ മരണാനന്തര ജീവിതസംബന്ധിയായ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ശ്വേതകേതുവിന് കഴിഞ്ഞില്ല. അവസാനം, ആ ക്ഷത്രിയ പണ്ഡിതൻതന്നെ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് നല്കിയ മറുപടിയാണ് ഇന്നത്തെ പുനർജന്മ സിദ്ധാന്തം.

മരണാനന്തരം ഈ ലോകത്തുതന്നെ ആവർത്തിച്ചുണ്ടാവുന്ന ജന്മങ്ങളെക്കുറിച്ച് ഛാന്ദോഗ്യോപനിഷത്തിലെ വരികൾ കാണുക: *''അവർ ആകാശത്തിലേക്കും ആകാശത്തു നിന്ന് വായുവിലേക്കും വരുന്നു. വായുവായിത്തീർന്ന് ധൂമമായിത്തീരുന്നു. ധൂമമായിത്തീർന്ന് പിന്നെ അഭ്രമായിത്തീരുന്നു. അഭ്രമായിത്തീർന്ന് പിന്നെ മേഘമായിത്തീരുന്നു. മേഘമായിത്തീർന്ന് പിന്നെ മഴയായി കീഴോട്ട് വീഴുന്നു. പിന്നീട് അവർ നെല്ല്, യവം, ഓഷധി, വൃക്ഷങ്ങൾ, എള്ള്, ഉഴുന്ന് മുതലായി പല രൂപത്തിൽ ഇവിടെ ജനിക്കുന്നു''* (ഛാന്ദോഗ്യോപനിഷത്ത്, 5-10-6). *മാത്രമല്ല; 'സൽക്കർമചാരികൾ ഉത്തമ(ബ്രാഹ്മണ) യോനിയിലോ ദുഷ്കർമികൾ പട്ടിയുടെയോ പന്നിയുടെയോ ചണ്ഡാലയോനിയിലോ ജനിക്കും''* (ഛാന്ദോഗ്യോപനിഷത്ത് 5-10-7). ഈ പുനർജന്മസിദ്ധാന്തം രാജാവിനെ പഠിപ്പിക്കും മുമ്പ് ആ ക്ഷത്രിയ പണ്ഡിതൻ ഇത്രയും കൂടി പറഞ്ഞു: *''അങ്ങ് എന്നോട് ആവശ്യപ്പെട്ട ഈ വിഷയത്തിൽ കുറച്ച് അറിയേണ്ടതുണ്ട്. അങ്ങേക്ക് മുമ്പ് ഈ വിദ്യ ഒരിക്കലും ബ്രാഹ്മണരെ പ്രാപിച്ചിട്ടില്ല. അതുകൊണ്ട് എല്ലാ ലോകങ്ങളിലും മുമ്പ് ക്ഷത്രിയർ മാത്രമേ ഈ വിദ്യ പഠിക്കുകയും ചെയ്തിരുന്നുള്ളൂ. എങ്കിലും അങ്ങേക്ക് ഞാൻ ഇതു പറഞ്ഞു തരാം''* (ഛാന്ദോഗ്യോപനിഷത്ത് 5-3-7).



ഛാന്ദോഗ്യോപനിഷത്തിലെ ഈ വിവരണം പരിശോധിക്കുന്നതോടെ പുനർജന്മ സിദ്ധാന്തം ഉപനിഷത് സിദ്ധാന്തമാണെന്നും വേദദർശനമല്ലെന്നും ഉറപ്പായി. വേദാനുയായികളും വേദ പഠിതാക്കളുമായ ബ്രാഹ്മണർക്ക് അറിവില്ലാത്ത സിദ്ധാന്തമാണിതെന്ന് ഛാന്ദോഗ്യോപനിഷത്തു തന്നെ വ്യക്തമാക്കുന്നു. ആരുണി മഹാരാജാവാണ് ഭൂമിയിൽ ആവർത്തിച്ച് ജനിക്കുമെന്ന പുനർജന്മ സിദ്ധാന്തം ആദ്യമായി മനസ്സിലാക്കിയ ബ്രാഹ്മണൻ. ക്ഷത്രിയർ മാത്രം പഠിച്ച ഈ സിദ്ധാന്തം ബ്രാഹ്മണർക്കറിഞ്ഞുകൂടാത്തതാണെന്നും തുറന്നുപറഞ്ഞിരിക്കുന്നു. മാത്രമല്ല, പുനർജന്മ സിദ്ധാന്തത്തിന്റെ പിതൃത്വത്തെക്കുറിച്ച ഉപനിഷത്തുകളുടെ അവകാശ വാദത്തെ ദയാനന്ദ സരസ്വതിയടക്കമുള്ള ഹിന്ദുമത പണ്ഡിതന്മാർ ചോദ്യം ചെയ്തിട്ടില്ല. ഈ വസ്തുതകൾ പുനർജന്മ സിദ്ധാന്തം പുരാതന ഭാരതീയർക്ക് അപരിചിതമായിരുന്നു എന്ന് വ്യക്തമാക്കുന്നു. അന്തിമ വിശകലനത്തിൽ, പുനർജന്മ സിദ്ധാന്തം വേദപ്രോക്തമല്ലെന്ന കാര്യത്തിൽ ഭൂരിഭാഗം പണ്ഡിതൻമാരും ഏകാഭിപ്രായക്കാരാണ്: *''കർമപദ്ധതിയുടെയും പുനർജന്മ സിദ്ധാന്തത്തിന്റെയും ആശയം ആര്യ മസ്തിഷ്കത്തിൽ രൂപം കൊണ്ടതാണെന്നുറപ്പിച്ച് പറയാം. എന്നാൽ, ഇതിനുള്ള പ്രേരണ ലഭിച്ചത് മരണശേഷം ആത്മാക്കൾ മൃഗ ശരീരങ്ങളിൽ കുടികൊള്ളുന്നു എന്ന് വിശ്വസിക്കുന്ന ആദിഗോത്രക്കാരിൽ നിന്നാകാമെന്ന സംഗതിയും നിഷേധിക്കേണ്ടതില്ല''*(ഭാരതീയ ദർശനം, വാല്യം ഒന്ന്, പേ. 113, ഡോ. രാധാകൃഷ്ണൻ). സുപ്രസിദ്ധ ചരിത്രകാരൻമാരായ ആർ.സി. മജൂംദാർ, എച്ച്.സി. റായ്ചൗധരി, കാളികിങ്കർ ദത്ത എന്നിവരും പുനർജന്മ സിദ്ധാന്തം വേദകാലത്ത് പ്രചാരം നേടിയിരുന്നില്ലെന്ന് സ്പഷ്ടമാക്കി.[4] പുനർജന്മ സിദ്ധാന്തത്തെക്കുറിച്ച് വസ്തുനിഷ്ഠമായി വിശകലനം നടത്തിയവരെല്ലാം അത് ഉപനിഷത് പ്രോക്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.[5]

പുനർജന്മ സിദ്ധാന്തത്തെക്കുറിച്ച് ഇതുവരെ വിശകലനം നടത്തിയ പ്രമാണങ്ങളിൽ നിന്ന് വ്യക്തമാവുന്ന കാര്യങ്ങൾ താഴെ പറയുന്നു.

ഒന്ന്: പുനർജന്മ സിദ്ധാന്തം വേദകാലത്തെ ഭാരതീയർക്ക് അപരിചിതമായിരുന്നു.

രണ്ട്: ഈ ലോകത്ത് ആവർത്തിച്ചു ജനിച്ച് രക്ഷാശിക്ഷകൾക്ക് വിധേയമാവുമെന്ന സിദ്ധാന്തം വേദങ്ങളിലും ബ്രാഹ്മണങ്ങളിലും പരമർശിച്ചിട്ടില്ല.

മൂന്ന്: വേദങ്ങൾ സമർപ്പിക്കുന്ന പരലോക വിശ്വാസത്തെ നിഷേധിച്ച് ഉപനിഷത് ചിന്തകൻമാർ ആവിഷ്കരിച്ചതാണ് പുനർജന്മ സിദ്ധാന്തം.

നാല്: ഉപനിഷത് ആചാര്യന്മാരെ പുനർജന്മ സിദ്ധാന്തം രൂപപ്പെടുത്താൻ പ്രേരിപ്പിച്ചത് വേദങ്ങളിലെ രണ്ട് മരണാനന്തര മാർഗങ്ങളായ ദേവയാനത്തിന്റെയും പിതൃയാനത്തിന്റെയും പൊരുൾ എന്തെന്ന് വ്യക്തമാവാതിരുന്നതാണ്.

അഞ്ച്: മരണശേഷം ആത്മാക്കൾ മൃഗശരീരത്തിൽ കുടികൊള്ളുന്നു എന്ന ഗോത്ര സങ്കല്പത്തിൽ നിന്നാണ് പുനർജന്മ സിദ്ധാന്തത്തിന് രൂപം കൊടുത്തത്.

ആറ്: ആരുണി മഹാരാജാവാണ് പുനർജന്മ സിദ്ധാന്തം ആദ്യമായി മനസ്സിലാക്കിയ ബ്രാഹ്മണൻ. അദ്ദേഹത്തിനു മുമ്പ് ക്ഷത്രിയന്മാർക്കേ ഇതറിയാമായിരുന്നുള്ളൂ.

## യുക്തിരാഹിത്യം

ഈ ഭൂമിയിൽ വെച്ചുതന്നെ, ആവർത്തിച്ചുണ്ടാവുന്ന ജന്മങ്ങളിലൂടെ കർമഫലം അനുഭവിക്കുകയാണല്ലോ പുനർജന്മ സിദ്ധാന്തം എന്നതുകൊണ്ട് അർഥമാക്കുന്നത്. എന്നാൽ ദുഷ്കർമിയായ ഒരാൾ രണ്ടാം ജന്മത്തിൽ അധമ ജീവിയായിരിക്കും. അധമ ജീവികളിൽ നിന്ന് സൽക്കർമങ്ങൾ അപൂർവമായേ ഉണ്ടാവൂ. അവയുടെ മൂന്നാം ജന്മത്തിൽ കർമഫലം കൂടുതൽ ചീത്തയാവാനാണ് സാധ്യത. ഇങ്ങനെ പാപികളുടെ ആത്മാവ് ജന്മാന്തരങ്ങളിൽ

കൂടുതൽ അധഃപതിക്കുകയാണ്, എന്നിരിക്കെ അതെങ്ങനെയാണ് ഉത്തമ ജന്മം പ്രാപിക്കുക? മനുഷ്യന്ന് മൃഗമാവാം; മൃഗത്തിന് മനുഷ്യനാവാമോ?

പുനർജന്മ സിദ്ധാന്തപ്രകാരം മൃഗങ്ങളുടെയോ ശൂദ്രന്മാരുടെയോ സുകൃതഫലമാണ് ഉത്തമ ജാതിയായ ബ്രാഹ്മണ ജന്മം. എന്നാൽ, ഇന്നു കാണുന്ന മൃഗങ്ങളും ശൂദ്രന്മാരും ബ്രാഹ്മണ ജന്മത്തിൽ പാപം ചെയ്തവരാണോ? പുനർജന്മ സിദ്ധാന്തപ്രകാരം പാപിക്ക് പശ്ചാത്തപിക്കാൻ അവസരമില്ല. പ്രായശ്ചിത്തം മുഖേന കർമഫലം തടയാനുമാവില്ല. ഈ നിലപാട് പാപിയെ കൂടുതൽ പാപനിരതനാക്കുന്നു. കാരണം, പാപഫലം അടുത്ത ജന്മത്തിൽ ഹീനമായ ജീവിതമാണ്. കുറ്റത്തിന് ശിക്ഷ നിർബന്ധമായതിനാൽ, തന്റെ അടുത്ത ജന്മം ഹീനമാകുമെന്ന് ബോധമുള്ള മനുഷ്യൻ ഈ ജന്മത്തിൽ കിട്ടാവുന്ന സുഖം പൂർണമായി ആസ്വദിക്കാൻ തീരുമാനിക്കുക സ്വാഭാവികം. അതുകൊണ്ടാണ് പുനർജന്മ സിദ്ധാന്തം അപര്യാപ്തവും അവ്യക്തവുമാണെന്ന് ഈശ്വര വിശ്വാസിയായ വേദചിന്തകൻ വിധിയെഴുതിയത്: *“സ്വർഗം, നരകം എന്നിവയെപ്പറ്റിയുള്ള ചില അവ്യക്ത ധാരണകളിൽ നിന്ന് ചിന്താശക്തിയുള്ള മനസ്സുകൾക്ക് ഒഴിഞ്ഞുമാറുവാൻ കഴിഞ്ഞിരുന്നില്ല. പുനർജന്മ സിദ്ധാന്തങ്ങൾ അപ്പോഴും വിദൂരത്തിലായിരുന്നു. മരണത്തോടെ എല്ലാം അവസാനിക്കുന്നില്ലെന്ന ഉറപ്പ് വൈദികാര്യന്മാർക്ക് ഉണ്ടായിരുന്നു.”* (ഡോ. എസ്. രാധാകൃഷ്ണൻ, ഭാരതീയ ദർശനം- വാള്യം 1, പേ. 91, )

ഇന്ന് നിങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളിൽ നിന്ന് മോചനമില്ലെന്ന അനീതി നിറഞ്ഞ മുന്നറിയിപ്പാണ് പുനർജന്മ സിദ്ധാന്തം. അതോടെ, പീഡിതരുടെ മേൽ അടിച്ചേല്പിക്കുന്ന അന്യായങ്ങൾ, മർദനങ്ങൾ എന്നിവ ന്യായമാണെന്ന് വരുത്തിത്തീർക്കുന്നു. എന്നാൽ, ദൈവിക ദർശനത്തെ സമത്വത്തിന്റെയും നീതിയുടെയും മഹാപ്രവാഹമായി കാണുന്നവർക്ക് പുനർജന്മ സിദ്ധാന്തം യുക്തിവിരുദ്ധമായ ഒരന്ധവിശ്വാസം മാത്രം. വേദത്തിന്റെയോ വെളിപാടിന്റെയോ യാതൊരു പിന്തുണയും അതിനില്ല.

## കുറിപ്പുകൾ

1. വിശ്വവിജ്ഞാന കോശം, വാള്യം 8, പേ. 380, പ്രസാധനം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, വിതരണം: നാഷനൽ ബുക്സ്റ്റാൾ കോട്ടയം, 1972.
2. വി.കെ. നാരായണ ഭട്ടതിരി, വേദം ധർമമൂലം, പേ. 70, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, 1987.
3. ഉപനിഷത്തുകളുടെ സന്ദേശം, പേ. 325.
4. വിവ. എം. ഗോവിന്ദൻ, കെ.കെ.സി. നായർ, ഭാരതീയ ബൃഹച്ചരിത്രം, ഭാഗം 1, പേ. 41, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1995.
5. വിശ്വവിജ്ഞാന കോശം, വാള്യം 8, പേ. 380.

6

# പരലോക വിശ്വാസം

മനുഷ്യന്റെ മരണാനന്തരാവസ്ഥയെ സംബന്ധിച്ച മൗലികമായ കാഴ്ചപ്പാടാണ് പരലോക വിശ്വാസം. ഇഹലോകത്തിലെ കർമങ്ങളുടെ സ്വഭാവമാണ് പരലോകത്തെ വിജയ-പരാജയങ്ങൾ നിർണയിക്കുന്നത്. പ്രപഞ്ചസ്രഷ്ടാവിലുള്ള അചഞ്ചലമായ വിശ്വാസം ജനതയെ ദുഷ്കർമങ്ങളിൽ നിന്ന് നിരുത്സാഹപ്പെടുത്തുകയും സൽക്കർമങ്ങൾക്കു വേണ്ടി പ്രേരിപ്പിക്കുകയും ചെയ്യുക എന്നീ അടിസ്ഥാനങ്ങളോടെയുള്ള ഒരു പരലോക വീക്ഷണം എല്ലാ ദൈവിക ദർശനങ്ങളും സമർപ്പിക്കുന്നു. ഹൈന്ദവ-യഹൂദ-ക്രൈസ്തവ-ഇസ്ലാമിക ദർശനങ്ങളിൽ ഇതിന്റെ സുവ്യക്ത ചിത്രം കാണാം. കാലാന്തരത്തിൽ ഉണ്ടായ മനുഷ്യരുടെ കൈകടത്തലുകളുടെ ഫലമായി മിക്ക മതദർശനങ്ങളിലും പരലോക സിദ്ധാന്തം വികലമായിട്ടുണ്ട് എങ്കിലും സ്വർഗം, നരകം എന്നിവയെക്കുറിച്ചും അതുൾക്കൊള്ളുന്ന പരലോകത്തെക്കുറിച്ചുമുള്ള വചനങ്ങൾ മാറ്റത്തിരുത്തലുകളോടെ ഹൈന്ദവ വേദങ്ങളിലും അനുബന്ധ ഗ്രന്ഥങ്ങളിലും ഇന്നും നിലനില്ക്കുന്നു.

### വേദങ്ങളിൽ

1. *“തിസ്രോദ്യാവസ്സവിതുർദ്വാ ഉപസ്ഥാ-*
*ഏകായമസ്യ ഭുവനേ വിരാഷാട്*
*ആണിം നരഥ്യ മമൃതാധി തസ്ഥു*
*രിഹബ്രവീതുയ ഉതച്ചികേതൽ.”* (ഋഗ്വേദം 1-35-6)

*(സ്വർഗം, ഭൂമി, അന്തരീക്ഷം എന്നിങ്ങനെ പ്രകാശമാനങ്ങളായ ലോകങ്ങൾ മൂന്നുണ്ട്. അതിൽ ദ്യുലോകവും ഭൂലോകവും സൂര്യന്റെ സമീപസ്ഥാനത്ത് വർത്തിക്കുന്നു. സൂര്യനാൽ പ്രകാശിതങ്ങളുമാണ്. അന്തരീക്ഷ ലോകത്തിലൂടെയാണ് യമലോകത്തേക്ക് പോകാൻ പറ്റുന്ന മാർഗം. [മരിച്ചവർ അന്തരീക്ഷ മാർഗത്തിലൂടെയാണ് പിതൃലോകത്തിലേക്ക് പോകുന്നത്.] ചന്ദ്ര-നക്ഷത്രാദി ജ്യോതിസ്സുകൾ, അച്ചുതണ്ടിനെ ബന്ധിക്കുന്ന കുറ്റി തേരിനെയെന്ന പോലെ, ഒഴിയാത്ത ബന്ധത്തിൽ സൂര്യനെ ചുറ്റിപ്പറ്റി നില്ക്കുന്നു. ഏതു മനുഷ്യൻ സൂര്യലോകം അറിയുന്നുവോ അവൻ മാത്രം ഈ വിഷയത്തിൽ സംസാരിക്കട്ടെ.)*[1]

2. *“രായേ അഗ്നേ മഹേത്വാ ദാനായ സമീധീമഹി*
*ഈഡിഷ്വാ ഹിമഹേ വൃഷൻ ദ്യാവാ ഹോത്രായാ പൃഥിവി.”*

(സാമവേദം - ആഗ്നേയകാണ്ഡം: 93)

*(എല്ലാ ആഗ്രഹങ്ങളും പൂർണമാക്കുന്ന അല്ലയോ ഭഗവാനേ, അങ്ങിൽ നിന്നും ഏറ്റവും വലിയ ദാനം ലഭിക്കാൻ അങ്ങയെ ഞങ്ങൾ സന്തോഷിപ്പിക്കുന്നു. ജ്ഞാനത്തിനായും ഭൂമിയിൽ ശാന്തിയുണ്ടാക്കാനായും പരലോകത്ത് ശാന്തിയുണ്ടാക്കാ*

*നായും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.)*[2]

3. *''ഹേ ദമ്പതികളേ, പരലോകത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് സൽക്കർമങ്ങൾ ചെയ്യൂ.''*[3]
(അഥർവ വേദം, 6-122-3)

ഋഗ്വേദത്തിലും സാമവേദത്തിലും അഥർവ വേദത്തിലും പരലോകത്തെക്കുറിച്ച് വ്യക്തമായി പരാമർശിച്ച സൂക്തങ്ങളാണിത്. ഒന്നാം സൂക്തത്തിൽ, സ്വർഗവും ഭൂമിയും സൂര്യന്റെ സമീപത്താണെന്നും മരിച്ചവർ അന്തരീക്ഷത്തിലൂടെയാണ് പരലോകത്ത് എത്തുകയെന്നും വ്യക്തമാക്കുന്നു. ഇതിലെ സ്വർഗത്തെക്കുറിച്ച പരാമർശത്തിൽ നിന്നുതന്നെ ഭൂമിയല്ലാത്ത മറ്റൊരു ലോകമുണ്ടെന്ന് വ്യക്തം. അന്തരീക്ഷ ലോകമാണ് യമലോകത്തിലേക്ക് പോകാൻ പറ്റുന്ന മാർഗം എന്നതിന് വിശദീകരണമെന്നോണം ഋഗ്വേദ വിവർത്തകനായ ഒ.എം.സി. നാരായണൻ നമ്പൂതിരിപ്പാട്, മരിച്ചവർ അന്തരീക്ഷ മാർഗത്തിലൂടെയാണ് പിതൃലോകത്തിലേക്ക് പോകുന്നത് എന്ന് വിശദീകരിച്ചതിൽ നിന്നും വേദത്തിലെ പരാമർശം പരലോകം തന്നെയാണെന്ന് വ്യക്തമാവുന്നു.

രണ്ടാം സൂക്തത്തിൽ, ദൈവത്തെ സ്തുതിക്കുന്നത് ജ്ഞാനത്തിനും, ഭൂമിയിലും പരലോകത്തും ശാന്തിയുണ്ടാവാനുമാണെന്നുള്ള പ്രാർഥനയാണ്. ദൈവത്തോട് ഭൂമിയിലെ ശാന്തിക്കും ജ്ഞാനത്തിനും പ്രാർഥിക്കുന്നതിലെ യുക്തിയും ഭക്തിയും ബോധ്യപ്പെടുന്ന ഒരാൾക്ക് പരലോക ശാന്തിയെക്കൂടി പരാമർശിക്കുമ്പോൾ അത് മാത്രം യഥാർഥ പരലോകമല്ലെന്ന് പറയാൻ കഴിയുകയില്ല. കാരണം, പരലോക വിശ്വാസം വേദകാല സംസ്കാരത്തിന്റെ ഭാഗമായിരുന്നുവെന്നു കൂടി ഈ മന്ത്രങ്ങൾ ബോധിപ്പിക്കുന്നു.

മൂന്നാം സൂക്തത്തിൽ, പരലോകത്തെക്കുറിച്ച് ചിന്തിച്ച് സൽക്കർമം അനുഷ്ഠിക്കാനുള്ള ഉപദേശമാണ്. ഇതിലും യഥാർഥ പരലോക വിശ്വാസവും സൽക്കർമത്തിനനുസരിച്ച് പുണ്യം നേടാനുള്ള സന്ദേശവുമാണുള്ളത്. ഇതിൽ നിന്നെല്ലാം ബോധ്യപ്പെടുന്നത് വേദകാലത്തെ ജനതയ്ക്കുണ്ടായിരുന്ന അഗാധമായ പരലോക വിശ്വാസമാണ്. പ്രമുഖ വേദചിന്തകനായിരുന്ന രാഹുൽ സാംകൃത്യായൻ ഈ വസ്തുത ഊന്നിപ്പറയുന്നു.

*''വേദത്തിലെ ഋഷിമാർ ഈ ലോകത്തിന് വിഭിന്നമായ മറ്റൊരു ലോകമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സത്കർമികൾ പോകുക. അവർ അവിടെ ആനന്ദ പൂർവം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്കർമികൾ പോകുന്നത്.''* (വിശ്വദർശനങ്ങൾ, പേജ് 552)

മരണത്തിനു ശേഷം തങ്ങളിൽനിന്ന് നേരത്തേ വേർപിരിഞ്ഞ ബന്ധുമിത്രാദികളുമായി കണ്ടുമുട്ടാമെന്നും അവരോടൊത്ത് വീണ്ടും ജീവിക്കാമെന്നും വൈദിക കാലത്തെ ആര്യന്മാർ വിശ്വസിച്ചിരുന്നു.[4]

വേദ ഗവേഷകന്മാരുടെ പഠനങ്ങൾ വെളിവാക്കുന്നത് ആർഷ ഭാരതത്തിലെ ജനതയ്ക്കുണ്ടായിരുന്ന പരലോക വിശ്വാസമാണ്. മരണാനന്തരം സൽക്കർമിയും ദുഷ്കർമിയും രക്ഷയ്ക്കും ശിക്ഷയ്ക്കും വിധേയമാകുന്ന ലോകം. അവിടെവെച്ച് തങ്ങളിൽ നിന്ന് വേർപിരിഞ്ഞ ബന്ധുമിത്രാദികളുമായുള്ള ഒത്തുചേരൽ.

ഇതെല്ലാം മരണാനന്തര ജീവിതത്തിന്റെ ഭാഗമായി ഹൈന്ദവ സമൂഹം കണ്ടിരുന്നു. അതിൽ വിശ്വസിക്കുകയും ആ ലോകത്തെ മോക്ഷത്തിനു വേണ്ടി ഇഹലോക



സുഖം ത്യജിച്ച് ജീവിക്കുക പോലും ചെയ്തിരുന്നു.

ഇഹലോകം അമ്മയും പരലോകം അച്ഛനുമാണെന്ന അർഥത്തിൽ ധാരാളം മന്ത്രങ്ങൾ ഋഗ്വേദത്തിലുണ്ട്. ''ദൌർവ്വ പിതാവൃഥിവി മാതാ'' എന്ന മന്ത്രം ഉദാഹരണം. അപ്പോൾ ഇഹലോകത്തെ നല്ല ജീവിതം മാതൃശുശ്രൂഷയും, പരലോകത്തിന് വേണ്ടിയുള്ള സേവനം പിതൃഭജനവുമായിത്തീരുന്നു. ഇഹലോക ചിന്ത ഉപേക്ഷിച്ച് പരലോകത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്നവരായിരുന്നു ആർഷ കാലത്തെ ഭാരതീയർ. അവർ ഇഹലോകത്തെ അവഗണിച്ച് പരലോകത്തിനു അമിത പ്രധാന്യം കല്പിച്ചിരുന്നതിനെ പല പണ്ഡിതന്മാരും വിമർശിച്ചിട്ടുള്ളതായി കാണാം. *''ഇഹലോക ചിന്തയെ ഉപേക്ഷിച്ച് പരലോകത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നവന്റെ നില, അമ്മയെ ഉപേക്ഷിച്ച് അച്ഛനെ സേവിക്കുന്നവന്റേതുപോലെയാകുന്നു. അത്തരത്തിലുള്ള പിതൃസേവ ആ അച്ഛനുതന്നെ പ്രീതികരമാവില്ല. ഇഹലോക കാര്യങ്ങളെ നിസ്സാരകോടിയിൽ തള്ളിവിട്ട് പരലോകത്തെ സർവാത്മനാ ആദരിക്കുക എന്നുള്ളതാണ് ഹിന്ദുക്കളുടെ വളരെ കാലപ്പഴക്കമുള്ള ഒരാദർശമെന്ന് പറയാം.''* (വി.കെ.നാരായണ ഭട്ടതിരി, വേദം ധർമമൂലം, പേ. 70, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, 1987)

ഹൈന്ദവദർശനത്തെയും അതിന്റെ പരലോക വീക്ഷണത്തെയും പുനർവിചിന്തനത്തിന് വിധേയമാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വേദങ്ങളും ഹൈന്ദവമീമാംസകരും ഊന്നിപ്പറഞ്ഞ പരലോക വിശ്വാസം, ഇന്ന് ഹിന്ദുമതാനുയായികളുടെ വിശ്വാസത്തിന്റെ ഭാഗമല്ലാതായിത്തീർന്നിരിക്കുന്നു. ഹൈന്ദവ ധർമത്തിന്റെ പൗരാണികമായ മുഖമല്ല അവരുടെ മരണാനന്തര ജീവിത ദർശനത്തിൽ ഇന്ന് പ്രതിഫലിക്കുന്നത്.

## ഉപനിഷത്തുകളിൽ

പരലോക വിശ്വാസത്തിനു പകരം ഹിന്ദുമതത്തിൽ ഇന്നു കാണുന്നത് ഉപനിഷത് ചിന്തകന്മാർ ആവിഷ്കരിച്ച പുനർജന്മവാദമാണ്. എന്നാൽ, പരലോകം വേദകാലത്തെ ജനതയുടെ വിശ്വാസത്തിന്റെ ഭാഗമായിരുന്നു. പരലോകത്തെ അവഗണിക്കുവാനും പുനർജന്മ സിദ്ധാന്തം കൊണ്ട് അതിന് മറയിടാനുമാണ് ഉപനിഷത് ചിന്തകന്മാർ ശ്രമിച്ചത്. പക്ഷേ, വൈദികമായ പരലോക വിശ്വാസത്തിൽ നിന്ന് പൂർണമായി മുക്തരാക്കാൻ അവർക്കും കഴിഞ്ഞിരുന്നില്ല എന്നതാണ് വസ്തുത. താഴെ ചേർക്കുന്ന ഉപനിഷത്ത് വചനങ്ങളിൽ നിന്നും ഇത് ബോധ്യമാവും.

1. *''ന സാംപരായ പ്രതിഭാതി ബാലം*
*പ്രമാദ്യന്തം വിത്ത മോഹേന മൂഢം*
*അയം ലോകോ നാസ്തിപര ഇതിമാനി*
*പുനഃപുനർവശ മാ പദ്യതേ മേ''* (കഠോപനിഷത്ത് 2: 6)

*(ഐശ്വര്യ മോഹത്താൽ വിവേചന ശക്തിയില്ലാതായവരും പ്രമാദം പറയുന്നവരുമായ അജ്ഞന്മാർക്ക്, പരലോകം പ്രാപിക്കുവാനുള്ള സാധനകളെപ്പറ്റിയൊന്നും അറിയുകയില്ല. ഈ ലോകം മാത്രമേയുള്ളൂ; പരലോകമില്ല, എന്ന് വിചാരിക്കുന്ന അവർ വീണ്ടും വീണ്ടും എന്റെ അധീനത്തിലേക്കുതന്നെ വരുന്നു.)*[5]

2. *''അസുര്യാ നാമതേ ലോകാ*
*അന്ധേന തമസാ വൃതാഃ*
*താം സ്തേ പ്രേത്യാഭിഗച്ഛന്തി*
*യേ കേ ചാത്മഹനോ ജനാഃ''* (ഈശാവാസ്യോപനിഷത്ത് 3)

*(ശ്രേഷ്ഠമായ മനുഷ്യജന്മം കിട്ടിയിട്ടും ആത്മമോക്ഷത്തിനു വേണ്ടി ശ്രമിക്കാത്ത ജനങ്ങൾ മരണശേഷം അജ്ഞാനമയങ്ങളായ അസുര ലോകങ്ങളെ പ്രാപിക്കുന്നു.)*[6]

3. *ആനന്ദാ നാമതേലോകാ അന്ധേന തമസാവൃതഃ*
*താ ഓം സ്തേ പ്രേത്യാഭിഗഛന്ത്യ*
*വിദ്വാ ഓംസേ ബുധോ ജനാഃ''.* (ബൃഹദാരണ്യകോപനിഷത്ത് 4-4-11)

*(ആനന്ദ [അസുഖ] എന്ന ലോകം അന്ധതമസ്സിനാൽ വ്യാപ്തമാകുന്നു. അവിദ്വാന്മാരും അജ്ഞാനികളുമായ ആളുകൾ മരണാനന്തരം അവയെത്തന്നെ പ്രാപിക്കുന്നു.)*[7]

പരലോക വിശ്വാസത്തെ നിഷേധിക്കുന്നവർക്കുള്ള മറുപടിയാണ് ഇതിലെ ഒന്നാം സൂക്തം. ഈ ലോകം മാത്രമേ ഉള്ളൂവെന്നും മരണാനന്തരം മറ്റൊരു ലോകമില്ലെന്നും വാദിക്കുന്നവർ മരണശേഷം ദൈവ സന്നിധിയിൽ ഹാജരാക്കപ്പെടുമെന്ന് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഇന്ന് പരലോക വിശ്വാസത്തെ തള്ളിക്കളയുകയും, പരലോകത്തെക്കുറിക്കുന്ന വേദസൂക്തങ്ങളെ പുനർജന്മ വാദമായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഹിന്ദുമത പണ്ഡിതന്മാരെയും ഈ വാക്യം ഉൾക്കൊള്ളുന്നില്ലേ? പരലോക നിഷേധികളെക്കുറിച്ച് പറയുന്നത്, പരലോകം പ്രാപിക്കാനുള്ള സാധനകളെപ്പറ്റിയൊന്നും അറിവില്ലാത്തവർ എന്നാണ്; അവർ പുനർജന്മവാദികളാവട്ടെ അല്ലാതിരിക്കട്ടെ. ഈ ലോകം മാത്രമേ ഉള്ളൂ എന്നാണ് പരലോക നിഷേധികളുടെ വാദം. എന്നാൽ മരണ ശേഷം- മൃതശരീരം മറവ് ചെയ്താലും അഗ്നിക്കിരയാക്കിയാലും- ഈശ്വരന്റെ അധീനത്തിലേക്കാണ് എല്ലാവരുടെയും മടക്കം. പരലോക ശാസ്ത്രത്തെ അട്ടിമറിക്കുന്ന അടിസ്ഥാന രഹിതമായ സിദ്ധാന്തത്തെ ഡോ. രാധാകൃഷ്ണൻ വിലയിരുത്തുന്നത് കാണുക:

*''ഒരു തത്ത്വശാസ്ത്രത്തിനും അതിന്റെ ഭൂതകാല ചരിത്രത്തെ തള്ളിക്കളയാനാവില്ല. പരലോക ജീവിതത്തെസ്സംബന്ധിച്ച ഉപനിഷത് സിദ്ധാന്തത്തിൽ നിന്നും പരലോകത്തിൽ സൽക്കർമങ്ങൾക്ക് സമ്മാനവും ദുഷ്കർമങ്ങൾക്ക് ശിക്ഷയും വിധിക്കുന്ന പ്രാചീന വൈദിക സിദ്ധാന്തത്തോട് യോജിച്ച് പോകേണ്ടതുണ്ടായിരുന്നു. മനുഷ്യന്റെ യാഥാസ്ഥിതിക സ്വഭാവം പുതിയ പുനർജന്മവാദത്തെ പ്രാചീനമായ പരലോക ശാസ്ത്രത്തോട് യോജിപ്പിക്കാൻ ശ്രമിച്ചു.'* (ഭാരതീയ ദർശനം, ഭാഗം 1, പേ. 226)

പുനർജന്മവാദം പുതിയ സിദ്ധാന്തമാണെന്നും പ്രാചീനകാലം മുതൽക്കേ പരലോകവിശ്വാസമാണ് ഭാരതീയർക്കിടയിൽ നിലനിന്നിരുന്നതെന്നും രാധാകൃഷ്ണന്റെ വാക്കുകൾ വ്യക്തമാക്കുന്നു.

രണ്ടാം സൂക്തത്തിൽ, ആത്മമോക്ഷത്തിന് (സംസ്കരണത്തിന്) വേണ്ടി ശ്രമിക്കാത്തവർ മരണശേഷം അജ്ഞാനമയങ്ങളായ അസുരലോകങ്ങളെ പ്രാപിക്കുമെന്നാണ്. 'മരണശേഷമുള്ള അസുരലോകം' കൊണ്ടുള്ള വിവക്ഷ നരകമാണ്. ആത്മമോക്ഷത്തിന് ശ്രമിച്ചില്ലെങ്കിൽ മരണാനന്തരം ശിക്ഷ ലഭിക്കുമെന്നർഥം; അല്ലാതെ മറ്റൊരു ജന്മം പ്രാപിക്കുമെന്നല്ല. ഇവിടെയും ഊന്നിപ്പറയുന്നത് പരലോകജീവിതം തന്നെ.

മൂന്നാം സൂക്തത്തിൽ അവിദ്വാൻമാരും അജ്ഞാനികളുമായ ആളുകൾ മരണാനന്തരം അന്ധകാരാവൃതമായ ലോകം പ്രാപിക്കുമെന്നാണ്. ഇതും മുകളിൽ വിശദീകരിച്ചതിൽനിന്ന് ഭിന്നമല്ല.

## ഭഗവദ്ഗീതയിൽ



വേദ പ്രോക്തമായ പരലോകവിശ്വാസത്തിലേക്കുള്ള അനിഷേധ്യമായ സൂചനകൾ ഭഗവത്ഗീതയിലും കാണാം:

*''അജ്ഞശ്ചാശ്രദ്ദധാനശ്ച*
*സംശയാത്മാ വിന ശ്യതി*
*നായം ലോകോ സ്തിനപരോ*
*ന സുഖം സംശയാത്മന.''* (ഭഗവദ്ഗീത 4-40)

*(അജ്ഞനും ജ്ഞാനമില്ലാത്തവനുമായ സംശയമനസ്കൻ നശിച്ചുപോകുന്നു. സംശയബുദ്ധിയുള്ളവനും ഈ ലോകം ഇല്ലതന്നെ. പരലോകവുമില്ല. സുഖവുമില്ല.)*

പരലോകം നഷ്ടപ്പെട്ടവരെക്കുറിച്ച ഗീതാവാക്യമാണിത്. ജ്ഞാനമില്ലാത്തവർ, സംശയമനസ്കർ തുടങ്ങിയവർ നശിച്ചുപോകുന്നവരും ഈ ലോകത്തും പരലോകത്തും സുഖം നഷ്ടപ്പെട്ടവരുമാണെന്ന് വളരെ വ്യക്തമായി പഠിപ്പിക്കുകയാണിവിടെ.

## പുരാണങ്ങളിൽ

അന്ധവിശ്വാസങ്ങളിലൂന്നി നില്ക്കുന്ന മോക്ഷസങ്കല്പത്തോടൊപ്പം തന്നെ, പുരാണങ്ങളിൽ മരണശേഷമുള്ള ജീവിതത്തെക്കുറിച്ച ചിത്രം കാണാവുന്നതാണ്. മരിച്ചുകഴിഞ്ഞാലുള്ള അവസ്ഥ എന്തെന്നറിയുക മനുഷ്യകഴിവുകൾക്ക് അതീതമാണ്. കഠിന തപസ്സിദ്ധി കൊണ്ട് പോലും അതറിയുക സാധ്യമല്ലെന്ന് മത്സ്യപുരാണം വ്യക്തമാക്കുന്നു. അതിനാൽ, മരണാനന്തരം ക്ഷേമത്തിനുവേണ്ടി ജീവിതത്തിൽ പ്രയത്നിക്കുവാനാണ് പുരാണങ്ങൾ ഉദ്ഘോഷിക്കുന്നത്.

പരലോകജീവിതത്തിൽ നരകാർഹനാവാതിരിക്കാൻ പത്മപുരാണത്തിൽ നിരവധി താക്കീതുകളുണ്ട്. അന്യന്റെ ഭാര്യയെ അമ്മയായി കരുതുന്നവർ നരകത്തിൽ പ്രവേശിക്കുകയില്ല. പരസ്ത്രീഗമനം ചെയ്യാത്തവൻ പരലോകത്ത് നിർഭയനും ദേവലോകം പ്രാപിക്കുന്നവനുമാണ്. കോപം നിയന്ത്രിക്കുന്നവനും ചാരിത്ര്യഭംഗം വരുത്താത്തവനും മരണാനന്തര ജീവിതത്തിൽ വിജയം പ്രാപിച്ചവരായി പുരാണങ്ങൾ സൂചിപ്പിക്കുന്നു.[8]

മത്സ്യപുരാണത്തിൽ പരലോക ജീവിതത്തിലെ സുഖ-ദുഃഖങ്ങളെക്കുറിച്ച് പറയുന്നു: *മരണം വരെ ശ്രദ്ധയോടു കൂടിയിരിക്കുന്നവൻ സ്വർഗമടഞ്ഞ് ഊഷ്മപരും സോമപരുമായ ദേവപിതൃക്കളോട് ചേർന്ന് സസുഖം നിവസിക്കും. സന്താനമുള്ളവർക്കും ശ്രാദ്ധമനുഷ്ഠിക്കുന്നവർക്കും ഈ ഗതികിട്ടും. സ്വന്തം തറവാട്ടിലെ ആളുകളാൽ നിവാപം നല്കപ്പെട്ടവർ മാസശ്രാദ്ധം ഭുജിച്ചുകൊണ്ട് ചന്ദ്രലോകത്തിൽ വാഴുന്നു. ഇവർ മാസശ്രാദ്ധം ഭുജിക്കുന്ന മനുഷ്യപിതൃക്കളത്രേ.*

*ആശ്രമ ധർമങ്ങളിൽ തെറ്റുപറ്റുകയും സ്വധാസ്വാഹകൾ വെടിയുകയും ചെയ്യുന്നവർ മരിച്ചാൽ പ്രേതങ്ങളായി യമന്റെ രാജധാനിയിൽ സ്വന്തം ദുഷ്കർമങ്ങളെക്കുറിച്ച് വ്യസനിച്ച് നരകങ്ങളനുഭവിക്കുന്നു. അവർ വല്ലാതെ മെലിഞ്ഞ്, നീണ്ട്, മീശവളർന്ന്, നഗ്നരായി, ക്ഷുൽവിപാസാപീഡിതരായി അങ്ങോട്ടുമിങ്ങോട്ടും പായുന്നു. പുഴയോ പൊയ്കയോ കുളമോ വല്ലതീറ്റയോ തേടിക്കൊണ്ട് അലഞ്ഞ് നടക്കുന്നു. അവരെ യമഭടർ ശാശ്മലി, വൈതരണി, കുംഭീപാകം, അർധവാലുകം, അസീപത്രവനം മുതലായ നരകങ്ങളിൽ കൊണ്ടിടുന്നു.''* (മത്സ്യപുരാണം, പേ. 185, വിദ്യാർഥി മിത്രം ബുക്സ്, കോട്ടയം, 1976)

പരലോക വിശ്വാസത്തിൽ ഹൈന്ദവ ദർശനങ്ങൾക്കുണ്ടായിരുന്ന ആഴം മഹാദേവീ ഭാഗവതത്തിലും വ്യക്തമായി പ്രതിപാദിക്കുന്നു. പുരാണങ്ങളുടെ അനുബന്ധമായി വിശേഷിപ്പിക്കപ്പെടുന്ന ഈ കൃതിയും മരണാനന്തര ജീവിതത്തിലും നരക-സ്വർഗങ്ങളിലും ആദ്യകാലഹൈന്ദവർക്കുണ്ടായിരുന്ന വിശ്വാസത്തിലേക്കാണ് സൂചന നല്കുന്നത്.

*"ഇക്കാണുമൂഴീതലത്തിന്റെ താഴത്ത്*
*തെക്കതലാഖ്യ ലോകത്തിൻ മുകളിലായ്*
*ഉണ്ടൊരു ലോകം, പിതൃലോകമെന്ന പേർ-*
*കൊണ്ടതു മൂന്നു ലോകത്തും പ്രസിദ്ധമാം.*
*തത്രമേവുന്നു പിതൃക്കളതുവഴി-*
*ക്കെത്തുവോർക്കൊക്കെയും നന്മനേരുന്നവർ,*
*അപ്രേതലോകത്തിനീശനായ് വാഴുന്നു*
*മുപ്പാർ പുകഴ്ന്നിടും നീതിമാനാം യമൻ.*
*ചത്തിടും പ്രാണിവർഗങ്ങളെ സ്വന്തമാം*
*ഭൃത്യരെക്കൊണ്ടു പിടിപ്പിച്ചു സത്വരം*
*തന്മുമ്പിലാക്കിയക്കർമഫലങ്ങൾ താൻ*
*നന്മയും തിന്മയും നോക്കി വേണ്ടുംവിധം*
*ഒത്ത ദണ്ഡങ്ങൾ കൊടുത്തുകൊണ്ടങ്ങനെ*
*യദ്ധർമരാജൻ ജയിക്കുന്നു നാരദാ."* (വിവ. പണ്ഡിറ്റ് കെ.കെ. പണിക്കർ, മഹാദേവീ ഭാഗവതം [കിളിപ്പാട്ട്], 8: 21, വിദ്യാരംഭം പബ്ലിഷേഴ്സ്, ആലപ്പുഴ 1983)

നന്മ-തിന്മകളുടെ അടിസ്ഥാനത്തിൽ രക്ഷാശിക്ഷകൾ നടപ്പാക്കുന്ന പരലോകത്തെക്കുറിച്ചുള്ള ഉദ്ബോധനങ്ങളാണിവ. ഇത്തരം ഉദ്ബോധനങ്ങൾ, വിശ്വാസികളെ സൽക്കർമത്തിന് പ്രേരിപ്പിക്കുകയും ദുഷ്കർമത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. ഇഹലോകത്ത് അനുഷ്ഠിക്കുന്ന കർമത്തിന്റെ ഫലം അവനവനു തന്നെ പരലോകത്ത് ലഭിക്കുന്നതാണെന്ന വിശ്വാസം കൊണ്ട് ഹിന്ദുക്കൾ നിന്ദ്യവും നീചവുമായ കർമങ്ങളിൽ നിന്ന് പിന്തിരിയുന്നതാണ്.

കാരണം, അനുവദനീയമല്ലാത്ത മാർഗത്തിലൂടെയുണ്ടാവുന്ന അഭ്യുന്നതി യഥാർഥ പുരോഗതിയല്ലെന്ന് പരലോക വിശ്വാസികളായ ഹിന്ദുക്കൾ വിശ്വസിച്ചിരുന്നു. [9]

പരലോക ജീവിതത്തെക്കുറിച്ച് ഹിന്ദുക്കൾക്കുണ്ടായിരുന്ന മൗലിക സങ്കല്പമാണ് മുകളിൽ വിവരിച്ചത്. മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുന്നില്ല. ഇഹലോക കർമങ്ങളുടെ അടിസ്ഥാനത്തിലുള്ള മരണാനന്തര ജീവിതത്തെ അവഗണിക്കാനും ആവില്ല. വേദങ്ങളിലും അനുബന്ധ ഗ്രന്ഥങ്ങളിലുമുള്ള പരാമർശങ്ങൾ ഇതെല്ലാം വ്യക്തമാക്കുന്നു. മനുഷ്യകർമങ്ങൾക്കുള്ള രക്ഷയും ശിക്ഷയും ഇഹലോകത്ത് തന്നെ നല്കുവാൻ സാധ്യമല്ല. ഇത് ദൈവിക നീതിയുടെ പൂർത്തീകരണത്തിന് നിരക്കുന്നതല്ല. സൽക്കർമികൾക്ക് സ്വർഗവും ദുഷ്കർമികൾക്ക് നരകവും പ്രദാനം ചെയ്യുന്ന പരലോകം ദൈവിക നീതിയുടെ അനിവാര്യ താൽപര്യമാണ്. ഭൂമിയിൽ മനുഷ്യൻ ചെയ്യുന്ന തിന്മകൾക്ക് നരകവും, നന്മകൾക്ക് സ്വർഗവും പ്രതിഫലം ലഭിക്കുന്ന പരലോക സംബന്ധിയായ വിശ്വാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കാൻ നരക-സ്വർഗസങ്കല്പങ്ങൾ കൂടി വിശകലനം ചെയ്യേണ്ടതുണ്ട്.



## കുറിപ്പുകൾ


1. ഒ.എം.സി. നാരായണൻ നമ്പൂതിരിപ്പാട്, ഋഗ്വേദം (ഭാഷാഭാഷ്യം), വിതരണം: കൈരളി ബുക്സ്, തൃശൂർ
2. വി. ബാലകൃഷ്ണൻ, ആർ. ലീലാദേവി, സാമവേദം, വിദ്യാർഥിമിത്രം ബുക്ഡിപ്പോ, കോട്ടയം, 1975.
3. വി. ബാലകൃഷ്ണൻ, ആർ. ലീലാദേവി. അഥർവവേദം, വിദ്യാർഥിമിത്രം ബുക് ഡിപ്പോ, കോട്ടയം, 1976.
4. ഡോ. എസ്. രാധാകൃഷ്ണൻ, വിവ. നാരായണൻ നമ്പീശൻ, ഭാരതീയ ദർശനം, ഒന്നാം വാല്യം, പേ. 93, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1975.
5. വിവ. മൃഡാനന്ദസ്വാമി, കഠോപനിഷത്ത്, ശ്രീരാമകൃഷ്ണാശ്രമം, തൃശൂർ, 1980.
6. വിവ. മൃഡാനന്ദസ്വാമി, ഈശാവാസ്യോപനിഷത്ത്, ശ്രീരാമകൃഷ്ണാശ്രമം, തൃശൂർ, 1970.
7. വിവ. വി. ബാലകൃഷ്ണൻ, ബൃഹദാരണ്യകോപനിഷത്ത്, വിദ്യാർഥിമിത്രം ബുക്സ്, കോട്ടയം, 1976.
8. പത്മപുരാണം ഭാഗം 1, പേ. 69, വിദ്യാർഥി മിത്രം ബുക്സ്, കോട്ടയം, 1977.
9. ആത്മാരാമൻ, ഭാരതീയ സംസ്കാരം, പേ. 12, ജയാപ്രസ്, മാവേലിക്കര, 1965.


# നരകം

നരക-സ്വർഗങ്ങളില്ലാതെ പരലോക ദർശനം പൂർണമാവുകയില്ല. കർമഫലാധിഷ്ഠിതമായ രക്ഷാശിക്ഷകളെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് അത്. ലോകത്ത് നന്മയുടെ പ്രചാരണത്തിനും തിന്മയുടെ തിരോധാനത്തിനും കളമൊരുക്കുന്ന നരക-സ്വർഗവിശ്വാസത്തെ

# 6

ഹൈന്ദവ ഗ്രന്ഥങ്ങൾ എങ്ങനെ വിലയിരുത്തുന്നുവെന്നത് അതീവ പ്രാധാന്യമുള്ള ഒരു പഠനവിഷയമാണ്.

ഐഹിക ജീവിതത്തിൽ മനുഷ്യൻ ചെയ്തുകൂട്ടുന്ന പാപങ്ങളുടെ ഫലമായി മരണാനന്തരം അവന്ന് ലഭിക്കുന്ന പ്രതിഫലമാണ് നരകം. അക്രമണകാരികളും ദുർവൃത്തരുമാണ് നരകവാസികൾ. വേദങ്ങളിലും അനുബന്ധ ഗ്രന്ഥങ്ങളിലും നരകത്തെക്കുറിച്ചു വ്യക്തമായ ചിത്രങ്ങളുണ്ട്. ചരാചര പ്രപഞ്ചത്തെ മുഴുവൻ ചൂഴ്ന്നു നില്ക്കുന്ന ദിവ്യശക്തിയെ-സ്രഷ്ടാവിനെ-ക്കുറിച്ചുള്ള സങ്കല്പം കൂടി നരക- സ്വർഗങ്ങളെ കുറിച്ചുള്ള കാഴ്ചപ്പാടിൽ അന്തർഭവിച്ചിരിക്കുന്നു. ജീവിതകാലത്ത് പ്രവർത്തിക്കുന്ന പുണ്യങ്ങൾക്ക് സമ്മാനവും പാപങ്ങൾക്ക് ശിക്ഷയും മരണാനന്തരം അനുഭവിക്കേണ്ടി വരുമെന്ന് ഹൈന്ദവ ഗ്രന്ഥങ്ങൾ ഊന്നിപ്പറയുന്നു.

സദാചാരത്തിന് സമ്മാനവും ദുരാചാരത്തിന് ശിക്ഷയും ലഭിക്കുമെന്നതാണ് ദൈവിക നീതിയുടെ മൗലിക തത്ത്വം. എന്നാൽ നരകം, നാം ജീവിക്കുന്ന ഈ ലോകം തന്നെയാണെന്ന സങ്കല്പമാണ് ഇന്നത്തെ ഹിന്ദു മതത്തിൽ പ്രചാരം നേടിയിട്ടുള്ളത്.

## വേദങ്ങളിൽ

*''അഭ്രാതരോ നയോഷണോ വ്യന്തഃ*
*പതിരി പോന ജനയോ ദുരേ വാഃ*
*പാപാസസ്സന്തോ അനൃതാ അസത്യം*
*ഇദം പദമജനതാ ഗഭീരം.''* (ഋഗ്വേദം 4-5-5)

*(സഹോദരന്മാർ മുതലായ ബന്ധുക്കളില്ലാത്തവരും ഭർത്താവ് മരിച്ചു പോയവരുമായ സ്ത്രീകൾ ഭർത്തൃ ഗൃഹത്തിൽ നിന്ന് പിതൃ ഗൃഹത്തിലേക്ക് മടങ്ങിപ്പോകുന്ന പോലെ, യജ്ഞാദി കർമങ്ങളെയുപേക്ഷിച്ച് അസന്മാർഗത്തിൽ ചരിക്കുന്നവർ, ഭർത്തൃദ്വേഷിണികളായ സ്ത്രീകളെപ്പോലെ ദുഷ്ടഗതികളും ദുരാചാരനിരതരുമായ പാപികളാകുന്നു. മാനസികവും വാചികവുമായ സത്യം വെടിഞ്ഞവരാണ് പാപികളാൽ അനുഭവിക്കപ്പെടേണ്ട അഗാധമായ നരകസ്ഥാനമുണ്ടാക്കുന്നത്.)*

നരകത്തിനർഹരാവുന്നവരെക്കുറിച്ച ഋഗ്വേദ സൂക്തമാണിത്. മനസ്സുകൊണ്ടും വാക്കുകൊണ്ടും സത്യത്തോട് പ്രതിബദ്ധത പുലർത്താത്തവരും, അത് ഉപേക്ഷിച്ചവരുമാണ്



നരകം പണിയുന്നതെന്ന പരാമർശം, നരകം ഈ ഭൗതികലോകത്തിനപ്പുറമുള്ള മറ്റൊന്നാണ് എന്ന സങ്കല്പത്തിലാണ് ഊന്നുന്നത്.

വേദങ്ങൾ വരച്ചു കാട്ടുന്ന നരകത്തിന്റെ ചിത്രം നിരവധി വേദ പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സദാചാരത്തിന് നിരക്കാത്ത കുറ്റകൃത്യങ്ങൾ ചെയ്യുന്ന പാപികൾക്കും നാസ്തികൾക്കും നരകമെന്ന ഒരിടമുണ്ടോ? ഈ ചോദ്യത്തിന് ഉത്തരം വേദഗവേഷകനും പണ്ഡിതനുമായ ഡോ. രാധാകൃഷ്ണൻ പറയുന്നു: *''പുണ്യവാന്മാർക്കും നല്ലവർക്കുമുള്ളതാണ് സ്വർഗമെങ്കിൽ, ദുഷ്ടബുദ്ധികളെ മരണത്തോടെ തീരെ ഇല്ലാതാക്കുവാനോ സ്വർഗത്തിലെത്തിക്കുവാനോ സാധ്യമല്ലല്ലോ. അങ്ങനെ ഒരു നരകം ആവശ്യമായിവരുന്നു. വരുണൻ പാപികളെ അടിയിലുള്ള അന്ധകാരാവൃതമായ അഗാധതകളിലേക്ക് തള്ളിവിടുന്നതായി വേദങ്ങൾ പറയുന്നുണ്ട്. അവിടെ നിന്ന് ഉയർന്നുവരാൻ അവർക്ക് ഒരിക്കലും സാധ്യമല്ല. ആരാധകനെ ദ്രോഹിക്കുന്ന മനുഷ്യനെ താഴെയുള്ള തമസ്സിലേക്ക് തള്ളിയിടുവാൻ ഇന്ദ്രനോട് ഋഷി പ്രാർഥിക്കുന്നു.''* (ഭാരതീയ ദർശനം, ഭാഗം 1, പേജ് 93)

നരകമില്ലാത്ത ഒരു ദൈവിക നിയമത്തിൽ യുക്തിക്കോ ദൈവിക നീതിക്കോ സ്ഥാനമില്ല. ശിക്ഷയെക്കുറിച്ച താക്കീതും ശിക്ഷയുമില്ലെങ്കിൽ ദൈവിക നീതിയുടെ അർഥംതന്നെ നഷ്ടമാവുന്നു. മുഴുവൻ സൃഷ്ടികളോടും തുല്യനീതി പാലിക്കുന്ന ദൈവം, അവന്റെ സൃഷ്ടികളെ മർദിച്ചൊതുക്കി വാഴുന്ന അക്രമികൾക്കും അസാന്മാർഗികൾക്കും തക്ക ശിക്ഷ നല്കേണ്ടതുണ്ട്. ആ ശിക്ഷയെക്കുറിച്ച വെളിപാടുകൾ, ദൈവിക സമത്വത്തിന്റെ അനിവാര്യമായ വാഗ്ദാനങ്ങളും ദൈവിക നിയമമാണെന്നതിനുള്ള സാക്ഷ്യവുമാണ്.

## ഉപനിഷത്തുകളിൽ

വേദങ്ങൾക്ക് പുറമേ ഉപനിഷത്തുക്കളിലും നരകത്തെക്കുറിച്ച് പരാമർശങ്ങൾ കാണാം:

*''അഥൈക യോർദ്ധ്വാ ഉദാനഃ പുണ്യേന*
*പുണ്യം ലോകം നയതി പാപേന*
*പാപമുഭാഭ്യാമേവ മനുഷ്യലോകം.''* (പ്രശ്നോപനിഷത്ത്, മൂന്നാം പ്രശ്നം, 7)

മൃഡാനന്ദ സ്വാമി ഈ ശ്ലോകത്തെ പരാവർത്തനം ചെയ്തിട്ടുള്ളത് ഇങ്ങനെയാണ്: *''ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന നൂറ്റൊന്നു നാഡികളിൽ മേൽപ്പോട്ടു പോകുന്ന സുഷുമ്ന എന്ന പ്രധാന നാഡിയുണ്ട്. പദതലം മുതൽ മസ്തകം വരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഉദാനവായു ആ നാഡിയിൽകൂടി പുറത്തേക്ക് പോയി, പുണ്യകർമങ്ങൾ ചെയ്തവരെ പുണ്യഫലാനുഭവത്തിന്നായി ഉയർന്ന പുണ്യലോകങ്ങളിലേക്കും പാപകർമങ്ങൾ ചെയ്തവരെ നരകതുല്യമായ തിര്യഗ് യോനികളിലേക്കും നയിക്കുന്നു.''*[1]

വേദത്തിലെ നരകം എന്നതിന് നല്കിയ ഈ വ്യാഖ്യാനം ശ്രദ്ധിച്ചാൽ, വളരെ വ്യക്തവും അടിസ്ഥാനപരവുമായ ദിവ്യവെളിപാടിനെ പുനർജന്മത്തിന്റെ കെട്ടുകഥയിൽ ബന്ധിച്ചിരിക്കുകയാണ് എന്ന് വ്യക്തമാവും. സൽക്കർമം ചെയ്തവന്ന് പുണ്യലോകം വാഗ്ദാനം ചെയ്യുന്ന ഈ സൂക്തം ദുഷ്കർമം ചെയ്യുന്നവന്ന് പാപലോകമോ പാതാളലോകമോ നരകമോ അല്ല വാഗ്ദാനം ചെയ്യുന്നത്; മറിച്ച് നരകതുല്യമായ മൃഗയോനി(തിര്യഗ് യോനി)യിൽ നിന്നുള്ള ജന്മമാണ്. വൈദികമായ പരലോക സങ്കല്പത്തെ പുനർജന്മ സങ്കല്പമാക്കി മാറ്റാനും, ഭൗതികലോകത്തെത്തന്നെ നരകമായി വ്യാഖ്യാനിക്കാനും ഉപനിഷത് പണ്ഡി

തന്മാർ പ്രയോഗിച്ച ഒരു വിദ്യയാണിത്. ദൈവിക നിയമത്തിലല്ലാതെ സ്വർഗം - നരകം എന്ന കാഴ്ചപ്പാട് ഇല്ല എന്നത് സർവാംഗീകൃതമായ വസ്തുതയാണ്. മറ്റൊരു ശ്രദ്ധേയമായ വസ്തുത, വ്യാഖ്യാതാവ് പ്രയോഗിച്ച 'നരകതുല്യമായ' എന്ന വാക്ക് തന്നെ നരകവും നരകസങ്കല്പവും ഹിന്ദുമതത്തിന് ഏറെ സുപരിചിതമാണെന്ന സത്യം വെളിപ്പെടുത്തുന്നുണ്ട്. ഈ സങ്കല്പം ഉരുത്തിരിഞ്ഞത് വേദങ്ങളിൽ നിന്നാണെന്ന് സുവ്യക്തമാവുന്നു.

## ഭഗവദ്ഗീതയിൽ

ഹിന്ദുമത പണ്ഡിതന്മാർ ഏറെ പ്രാധാന്യം കല്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഭഗവദ്ഗീതയിലും നരകത്തെക്കുറിച്ച പരാമർശം കാണാം:

*''അനേക ചിത്ത വിഭ്രാന്താ*
*മോഹ ജാല സമാവൃതാഃ*
*പ്രസക്താഃ കാമഭോഗേഷ്ഠ*
*പതന്തി നരകേശുചൌ''* (ഭഗവദ്ഗീത 16-16)

*(അസുര ഭാവിതർ പല കാര്യങ്ങളിൽ മനസ്സ് പതറുന്നവരായി, തെറ്റിദ്ധാരണയാകുന്ന വലയിൽ കുടുങ്ങിയവരായി, ഇന്ദ്രിയ സുഖാനുഭവങ്ങളിൽ പറ്റിക്കൂടിയവരായിട്ട് നിന്ദ്യമായ നരകത്തിൽ പതിക്കുന്നു.)*

നരകം എന്ന പദത്തിന്, പാപികൾക്ക് മരണാനന്തരം അവരുടെ കർമഫലങ്ങൾ അനുഭവിക്കാനുള്ള സ്ഥലം എന്നാണർഥം. അതിന് തിര്യഗ്യോനിയെന്നോ പുനർജന്മമെന്നോ അർഥമില്ല. അതുകൊണ്ട് ഗീത പറയുന്ന ഈ നരകം സ്വർഗത്തിന്റെ വിപരീതമായ നരകമാണെന്ന് വ്യക്തം. പുനർജന്മമാണ് ഹൈന്ദവ വിശ്വാസത്തിന്റെ യഥാർഥ തേട്ടമെങ്കിൽ പരലോകത്തെയും അതിന്റെ അനിവാര്യഘടകങ്ങളിൽ ഒന്നായ നരകത്തെയും കുറിച്ച് ഇത്തരം പരാമർശം ഭഗവദ്ഗീതയിൽ ഉണ്ടാകുമായിരുന്നില്ല.

## പുരാണങ്ങളിൽ

നരകത്തെക്കുറിച്ച് പുരാണങ്ങളിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നരകശിക്ഷയും കുറ്റവാളികളുടെ അവസ്ഥയുമെല്ലാം മിക്ക പുരാണങ്ങളിലും വന്നിട്ടുണ്ട്. ഭൂമിയിൽ മനുഷ്യൻ ചെയ്യുന്ന കുറ്റങ്ങൾക്ക് മരണശേഷം ശിക്ഷ ലഭിക്കുന്ന നരകസ്ഥലങ്ങൾ നിരവധിയാണ്. തപനം, ബാലുകാ, കുംഭം, രൗരവം, മഹാരൗരവം, കുംഭീപാകം, നിരുച്ഛ്വാസം, കലാസൂത്രം, പ്രമർദനം, അസിപത്രവനം എന്നിവ അതിൽ ചിലതാണ്. ചില നരകങ്ങളിലെ ശിക്ഷയെക്കുറിച്ച് നാരദ പുരാണം പറയുന്നു:

*''അംഗാരശയന, മുസലമർദ്ദന ഇവയിൽ തടികൊണ്ടുള്ള യന്ത്രങ്ങളാണ്. അത് അറുത്തു കീറുന്ന നരകമാകുന്നു. പാപിയെ അതിലേക്ക് വലിച്ചെറിയുകയും മുകളിലേക്ക് ചുഴറ്റിയെറിയുകയും ചെയ്യുന്നു. ഗദകൊണ്ടും ദണ്ഡുകൊണ്ടും സദാ താഡിക്കുന്ന നരകത്തിന്റെ പേര് ഗദാദണ്ഡാദി പീഡ എന്നാകുന്നു.''*

ചില നരകങ്ങളിൽ പാപികളെ വിഷസർപ്പങ്ങളെക്കൊണ്ട് ദംശിപ്പിക്കുന്നു. വായിലും മൂക്കിലും ശീതള ജലം അടിച്ചുകയറ്റുന്നു. ഉപ്പുവെള്ളം തുടർച്ചയായി കുടിപ്പിക്കുന്നു. ഉപ്പുമാത്രം തീറ്റുന്നു. ഞരമ്പുകൾ മുറിക്കുന്നു. അസ്ഥികൾ തകർക്കുന്നു. കഠിനമായ ഉഷ്ണജലത്തിൽ മുക്കിപ്പിടിക്കുന്നു. മാംസം, പിത്തം, കഫം എന്നിവ തീറ്റുന്നു. വൃക്ഷത്തിന്റെ മുകളിൽ കയറ്റി താഴേക്കിടുന്നു.

മറ്റു ചില നരകങ്ങൾ കൂടിയുണ്ട്. അവിടെ, തലയിൽ ഭാരമേറിയ കല്ലു കയറ്റിവെക്കുന്നു. മുൾമുനയിൽ ശയിപ്പിക്കുന്നു. ഉറുമ്പുകളെക്കൊണ്ട് കടിപ്പിക്കുന്നു. ഭയാനകങ്ങളായ തേളുകളെക്കൊണ്ട് ദംശിപ്പിക്കുന്നു. വ്യാഘ്രങ്ങളെക്കൊണ്ടും നരികളെക്കൊണ്ടും പോത്തിനെക്കൊണ്ടും മൽപിടിത്തം നടത്തിക്കുന്നു. ചളിയിൽ കിടത്തുകയും അസഹ്യമായ ദുർഗന്ധം പൂശുകയും ചെയ്യുന്നു. ഉറക്കം വരാതിരിക്കുവാൻ വേണ്ടി എഴുന്നേല്പിക്കുകയും ഇരുത്തുകയും ചെയ്യുന്നു. മറ്റു ചില നരകങ്ങളിൽ അത്യന്തം അസഹ്യങ്ങളും തീക്ഷ്ണങ്ങളുമായ പദാർഥങ്ങൾ തീറ്റുന്നു. തിളച്ച എണ്ണ കുടിപ്പിക്കുന്നു. മഹാ കയ്പുള്ള കായ്കനികൾ തീറ്റുന്നു. വളരെ തണുപ്പുള്ളതും, തിളച്ചു മറിയുന്നതുമായ ജലങ്ങളിൽ സ്നാനം ചെയ്യിക്കുന്നു. ചുട്ടുപഴുത്ത ഇരുമ്പിൽ കിടത്തുന്നു. ഭാരമേറിയ ഇരുമ്പുകട്ടി തലയിൽ വെക്കുന്നു.'' [2]



ഇവ കൂടാതെ അതിഭയങ്കരങ്ങളായ ചില നരകങ്ങൾ കൂടിയുണ്ട്. ആയുധങ്ങൾ കൊണ്ടും അഗ്നികൊണ്ടും ശിക്ഷിക്കുന്ന ഘോര നരകങ്ങൾ. ഇവയത്രയും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യനിൽ മൂല്യബോധം വളർത്താനും അസാൻമാർഗിക ചിന്തകളിൽ നിന്ന് സമൂഹത്തെ പിന്തിരിപ്പിക്കാനും വേണ്ടിയാണ്. വിഷ്ണു പുരാണത്തിൽ പരാമർശിച്ച പ്രധാനപ്പെട്ട നരകങ്ങൾ താഴെ ചേർക്കുന്നു:

1. രൗരവം: കള്ളസാക്ഷി പറയുന്നവൻ, പക്ഷപാതം നിമിത്തം അന്യായം നടത്തുന്ന ന്യായാധിപൻ, അസത്യവാൻ എന്നിവരാണ് ഈ നരകത്തിൽ പ്രവേശിക്കുക.
2. തപ്തകുണ്ഡം: ഗുരുപത്നിയെയോ സഹോദരിയെയോ വ്യഭിചരിക്കുക, രാജദൂതൻമാരെ വധിക്കുക എന്നീ കുറ്റം ചെയ്യുന്നവർ ഈ നരകത്തിൽ പ്രവേശിക്കും.
3. തപ്തലോഹം: പതിവ്രതയായ പത്നിയെ വില്ക്കുന്നവൻ, കാരാഗൃഹം രക്ഷിക്കുന്നവൻ, കുതിരയെ വില്ക്കുന്നവൻ, വിശ്വസ്തരായ ഭൃത്യരെ തള്ളിക്കളയുന്നവൻ എന്നിവരാണ് ഈ നരകത്തിൽ.
4. മഹാജ്വാലാ നരകം: പുത്രന്റെ ഭാര്യയെയോ പുത്രിയെയോ പ്രാപിക്കുന്നവനും ഗുരുജനങ്ങളെ അപമാനിക്കുകയോ ശകാരിക്കുകയോ ചെയ്യുന്നവരുമാണ് മഹാജ്വാലാ നരകത്തിൽ പ്രവേശിക്കേണ്ടവർ.
5. ലവണ നരകം: വേദനിന്ദയും അഗമ്യഗമനവും നടത്തുന്നവർക്കുള്ളതാണീ നരകം.
6. അധോമുഖ നരകം: അയോഗ്യൻമാരിൽ നിന്ന് ദാനം വാങ്ങുന്നവൻ, അനർഹരെ കൊണ്ട് യാഗം ചെയ്യിക്കുന്നവൻ. ജ്യോതിഃശാസ്ത്രം അറിയാമെന്നു നടിച്ച് നിത്യവൃത്തി കഴിക്കുന്നവൻ എന്നിവരാണ് ഈ നരകത്തിൽ പ്രവേശിക്കുക.

ഇവ കൂടാതെ മഹാദേവീ ഭാഗവതത്തിലും ഘോര നരകങ്ങളെ വർണിച്ചതു കാണാം:

1. *''പരന്റെ വിത്തം- ഭാര്യ-പൈതങ്ങളിവറ്റയെ*
   *ഹരണം ചെയ്യുന്നോരെ കാലദൂതൻമാർ വന്നു*
   *നിർദ്ദയം കയറിട്ടുകെട്ടി മാമുനേ! നീളെ*
   *മർദിച്ചുകൊണ്ടാക്കുന്നു താമിസ്ര നരകത്തിൽ.''*
2. *''പതിയെച്ചതിച്ചുണ്ണും പത്നിയെയതുപോലെ*
   *ചതിഭക്ഷണത്തിങ്കൽ ചെയ്യുന്ന പതിയെയും*
   *കട്ടിയായ് നോവേറുന്ന മട്ടിനു കയർകൊണ്ടു*
   *കെട്ടിയന്തക ഭടന്മാരന്ധതാമിസ്റത്തിൽ.''*
3. *''അച്ഛനമ്മമാരാചാര്യന്മാരിജ്ജനങ്ങളെ-*
   *നിച്ഛിലും നിനവെന്നി നിന്ദിക്കും നൃശംസനെ,*

*കാലസൂത്രത്തിൽ കത്തും കനലിൻ നടുവിങ്കൽ*
*കാല കിങ്കരരിട്ടു വലയ്ക്കും പലവിധം.''*

4. *''നരകമസിപത്രനാമകം ശ്രുതിധർമ്മം-*
*നിരസിച്ചീടും പെരുംപാപിക്കു വിധിച്ചതാം*
*അടിച്ചു ചമ്മട്ടികൊണ്ടങ്ങിങ്ങു നടത്തിയു-*
*മിടക്കു വാൾകൊണ്ടംഗം മുറിച്ചു നിലത്തിട്ടും*
*അവനെ കണക്കില്ലാതവിടെ യമഭൃത്യ-*
*നിവഹം മുനീശ്വരാ, നിതരാം പീഡിപ്പിക്കും.''*

5. *''സുകരമുഖം നീതി നോക്കാതെ ശിക്ഷിക്കും ഭൂ-*
*പാകമാഥിയെദ്ദണ്ഡിക്കാനുള്ള നരകമാം*
*കാലകിങ്കരരങ്ങു ബലമായ് പിടിച്ചിട്ടു*
*മേലശേഷവും തല്ലിച്ചതയ്ക്കും കരിമ്പു പോൽ.''* [3]

കൂടാതെ വേറെയും അനേകായിരം നരകങ്ങൾ ഉള്ളതായി പുരാണങ്ങൾ പറയുന്നു. പാപം ചെയ്യുന്നവർ അവയിൽ കിടന്ന് പല വിധത്തിലുള്ള യാതനകൾ അനുഭവിക്കും. പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും കുറ്റം ചെയ്യുന്നവർ നരകത്തിൽ പതിക്കും.

വ്യഭിചാരികൾ, കൊലയാളികൾ, കള്ളസാക്ഷിക്കാർ, ദുർമാർഗചാരികൾ, മര്യാദ കെട്ടവർ, നാസ്തികർ, മേനിക്കാർ, ഏഷണിക്കാർ, ഭോഷ്ക്ക് പറയുന്നവർ, അന്യരെ ദുഷിക്കുന്നവർ, അന്യന്റെ മുതൽ കൈക്കലാക്കുന്നവർ, അന്യന്റെ ഐശ്വര്യം കൊതിക്കുന്നവർ തുടങ്ങിയവരും നരക ശിക്ഷയ്ക്ക് അർഹരാണ്. [4]

അധർമകാരികളോട് നരകത്തിന്റെ കാവൽക്കാർ വളരെ മോശമായാണ് പെരുമാറുക. ഗരുഢ പുരാണത്തിൽ നരകവാസികളോട് യമകിങ്കരന്മാർ പറയുന്നു: *''എടാ മൂർഖാ, കഴിഞ്ഞുപോയ കാര്യങ്ങളോർത്ത് വെറുതെ എന്തിന് കരഞ്ഞുകൊണ്ടിരിക്കുന്നു? ഇവിടെ നിന്റെ ധനമെല്ലാം എവിടെ? പുത്രനുമില്ല, ഭാര്യയുമില്ല. നീ ചെയ്ത കർമങ്ങളുടെ ഫലം ഈ നീണ്ട മാർഗത്തിൽ വളരെക്കാലം അനുഭവിക്കൂ.''* (ഗരുഢ-നാരദ-ബ്രഹ്മ പുരാണങ്ങൾ, പേ. 328.)

നരകവാസികളോടുള്ള യമകിങ്കരന്മാരുടെ ഈ കല്പനയിൽ നിന്നും വ്യക്തമാവുന്നത്, ഭൂമിയിൽ മനുഷ്യൻ സമ്പാദിക്കുന്ന സമ്പത്തോ സന്താനങ്ങളോ കുടുംബക്കാരോ പരലോകത്ത് അവനെ സഹായിക്കുകയില്ല. നരകത്തിൽ നിന്ന് തടയുക സൽക്കർമങ്ങൾ മാത്രമാണ്.

ഹൈന്ദവ ദർശനത്തിന്റെ പ്രാമാണിക ഗ്രന്ഥങ്ങളായ വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത, പുരാണങ്ങൾ എന്നിവ വരച്ചുകാട്ടുന്ന നരകചിത്രങ്ങളാണ് ഇതുവരെ വിവരിച്ചത്. ഇതിലെ നരകത്തെക്കുറിച്ച പ്രതിപാദനങ്ങൾ പരലോക വിശ്വാസത്തെ അംഗീകരിക്കുകയും പുനർജന്മത്തെ നിരാകരിക്കുകയും ചെയ്യുന്നു. വേദങ്ങളും അനുബന്ധ ഗ്രന്ഥങ്ങളും നരകത്തെ വ്യക്തമായി വിശദീകരിച്ചത്, പരലോക വിശ്വാസം ഹൈന്ദവ ദർശനത്തിന്റെത്തന്നെ ഭാഗമായതുകൊണ്ടാണ്. പരലോക വിശ്വാസത്തെ നിഷേധിക്കുന്നവർ ഹിന്ദുമതത്തിന്റെ അടിസ്ഥാന വിശ്വാസത്തെയാണ് നിരാകരിക്കുന്നത്. പരലോക വിശ്വാസത്തെക്കാൾ പുനർജന്മമാണ് ഹിന്ദുമതപ്രോക്തം എന്ന് വാദിക്കുന്നവർ ദൈവിക ദർശനത്തെ മനുഷ്യഭാവനയനുസരിച്ച് മാറ്റിമറിക്കുകയാണ്.[5]



## കുറിപ്പുകൾ

1. മൃഡാനന്ദ സ്വാമി, പ്രശ്നോപനിഷത്ത്, ശ്രീരാമകൃഷ്ണാശ്രമം, തൃശൂർ, 1971
2. ഗരുഡ-നാരദ-ബ്രഹ്മപുരാണങ്ങൾ, പേജ് 531, നാഷനൽ ബുക്ക് സ്റ്റാൾ, 1983.
3. വിവ: പണ്ഡിറ്റ് കെ. കെ. പണിക്കർ, മഹാദേവി ഭാഗവതം കിളിപ്പാട്ട് 8: 22, വിദ്യാരംഭം പബ്ലിഷേഴ്സ്, ആലപ്പുഴ, 1983.
4. പത്മപുരാണം, പേജ് 338, വിദ്യാർഥിമിത്രം ബുക്സ്, കോട്ടയം, 19776.
5. പുനർജന്മം എന്ന അധ്യായം കാണുക.

# സ്വർഗം

**വേ**ദദർശനത്തിൽ, നരകത്തോളം പ്രാധാന്യമുള്ളതാണ് സ്വർഗവും. പാപികളും ദുർവൃത്തരുമാണ് നരകാവകാശികളെങ്കിൽ, സൽക്കർമികളാണ് സ്വർഗവാസികൾ. വേദങ്ങളിലും അനുബന്ധ ഗ്രന്ഥങ്ങളിലും പരലോക ജീവിതത്തിന്റെ അവിഭാജ്യഘടകമായ സ്വർഗത്തെക്കുറിച്ച് ധാരാളം പരാമർശങ്ങളുണ്ട്.

### വേദങ്ങളിൽ

# 7

1. ''ഇന്ദ്രായ ഹിദ്യെനര സുരോ അനമ്നതേ
ന്ദ്രായ മഹീപൃഥിവീ വരിമഭി
ദ്യുമ്നസാതാ വരിമഭിഃ
ഇന്ദ്രം വിശ്വേസജോഷസോ ദേവാസോ
ഇന്ദ്രായ വിശ്വാസ വനാനി മാനുഷാദധിരേ പുരഃ
രാതാ നിസന്തു മാനുഷാ.'' (ഋഗ്വേദം 1-131-1)

*(പുണ്യം ചെയ്തവർക്കു മാത്രം നിവാസയോഗ്യവും അല്ലാത്തവരെ കടത്താത്തതുമായ സ്വർഗം, അവിടെ വസിക്കുന്ന ദേവസമൂഹം, ഇന്ദ്രന്നായി കുമ്പിടുന്നു. അതുപോലെ സുവിസ്തൃതമായ ഭൂമി, അവിടെ വസിക്കുന്ന ജനസഞ്ചയം, ശ്രേഷ്ഠ സ്തോത്രങ്ങളാൽ അവിടേക്കു കുമ്പിടുന്നു. കൂടാതെ, അന്നലാഭമുദ്ദേശിച്ച് [സമൃദ്ധിക്കായി] മുന്തിയ ഹവിസ്സേന്തിയ യജമാനന്മാർ അവിടേക്കു കുമ്പിടുന്നു. പിന്നെയോ എല്ലാ ദേവന്മാരും ഒരുപോലെ സന്തുഷ്ടരായി അവിടത്തെ മുമ്പിൽ നിർത്തിയിരിക്കുന്നു. അതുപോലെ മനുഷ്യരുടെ സോമസംസ്കാരത്തോട് കൂടിയ എല്ലാ സാധനങ്ങളും ഇന്ദ്രന്നായിത്തന്നെ ഭവിക്കട്ടെ. മനുഷ്യരുടെ പുരോഡാശാദികളായി ഹോമിക്കാനുള്ള ഹവിസ്സുകളും ഇന്ദ്രന്നായി ഭവിക്കട്ടെ.)*

2. ''യജ്ഞേന വർദ്ധത ജാതവേദസ
മഗ്നിം യജധ്വം ഹവിഷാതനാഗിരാ
സമിധാനം സുപ്രയസം സ്വർണ്ണരം
ദ്യുക്ഷം ഹോതാരം വൃജനേഷ്ഠ ധൂഷദം.'' (ഋഗ്വേദം 2-2-1)

*(അല്ലയോ ഋത്വിഗ്യജമാനന്മാരേ, ഉണ്ടായത് മുഴുവനറിയുന്ന അഗ്നിയെ യജ്ഞംകൊണ്ട് വളർത്തുക. ആളിക്കത്തുന്നവനും നല്ല അന്നത്തോട് കൂടിയവനും സൽക്കർമവാന്മാരെ സ്വർഗത്തിലേക്ക് നയിക്കുന്നവനും തിളക്കമുറ്റവനും ഹോമനിർവാഹകനും ബലങ്ങളിൽവെച്ച് കർത്താവുമായ അവിടത്തെ ഹവിസ്സാലും വിസ്തരിച്ച സ്തുതിയാലും യജിക്കുക.)*

3. ''തേന സത്യേന ജാഗൃത
മധി പ്രചേതുനേ പദേ
ഇന്ദ്രാഗ്നി ശർമയച്ഛതം.'' (ഋഗ്വേദം 1-21-6)



*(അല്ലയോ ഇന്ദ്രാഗ്നികളേ, ഒഴിച്ചുകൂടാതെ ഫലപ്രദത്വം കൊണ്ട് നിഷ്ഫലമാകാത്ത ഞങ്ങളുടെ കർമത്താൽ സുഖഭോഗാനുഭൂതിയെ വിളിച്ചുപറയുന്ന സ്വർഗസ്ഥാനം ഞങ്ങൾക്കു ലഭിക്കുന്ന കാര്യത്തിൽ നിങ്ങൾ ഏറ്റവും മനസ്സു വെച്ചാലും. പിന്നെ ഞങ്ങൾക്കു [നിത്യ]സുഖം തന്നരുളിയാലും.)*

മനുഷ്യരുടെ സൽക്കർമങ്ങൾക്ക് മരണാനന്തരം പരലോകത്തുവെച്ച് നല്കുന്ന ആഹ്ലാദജനകവും സ്വപ്നതുല്യം സുഖപ്രദവുമായ സമ്മാനമാണ് സ്വർഗം. മുകളിൽ പരാമർശിച്ച മൂന്ന് ഋഗ്വേദ സൂക്തങ്ങളിൽ നിന്നും ഈ കാര്യം വ്യക്തമാണ്. പുണ്യം ചെയ്തവർക്ക് മാത്രം നിവാസയോഗ്യവും അല്ലാത്തവരെ കടത്താത്തതുമായ സ്വർഗം എന്നാണ് പ്രഥമസൂക്തത്തിൽ സ്വർഗത്തെ പരിചയപ്പെടുത്തുന്നത്. രണ്ടാമത്തേതിൽ ദൈവത്തെ വിശേഷിപ്പിക്കുന്നത് സൽക്കർമവാന്മാരെ സ്വർഗത്തിലേക്ക് നയിക്കുന്നവൻ എന്നാണ്. മൂന്നാമത്തെ സൂക്തം, സ്വന്തം കർമങ്ങൾക്ക് പ്രതിഫലമായി ആനന്ദാനുഭൂതി പകരുന്ന സ്വർഗസ്ഥാനലബ്ധിക്കുള്ള പ്രാർഥനയാണ്. ഈ സൂക്തങ്ങളെല്ലാംതന്നെ ഋഗ്വേദകാലത്തെ ജനങ്ങൾക്ക് പരലോകത്തിലും നരക-സ്വർഗങ്ങളിലും ഉണ്ടായിരുന്ന ശക്തമായ വിശ്വാസത്തിന്റെ തെളിവുകളാണ്.

വേദവചനങ്ങൾ മരണാനന്തര ജീവിതത്തിന്റെ യഥാർഥ മുഖമാണ് വ്യക്തമാക്കുന്നത്. മരണാനന്തര ജീവിതത്തിലും അവിടത്തെ സുഖദുഃഖങ്ങളിലും വേദകാല ജനത പൂർണമായും വിശ്വസിച്ചിരുന്നു. അവരുടെ വിശ്വാസപ്രകാരം യമനാണ് പരലോക ഭരണാധികാരി. ഒരു മനുഷ്യൻ മരിക്കുമ്പോൾ അയാൾ യമന്റെ രാജ്യത്തിൽ എത്തുന്നതായി വിശ്വസിച്ചിരുന്നു. അവിടെ സച്ചരിതർക്ക് യമൻ പാർപ്പിടം തയ്യാറാക്കും. ശരീരം ഉപേക്ഷിക്കപ്പെട്ട് കഴിയുമ്പോൾ ആത്മാവിന് ഉജ്ജ്വലമായ ആദ്ധ്യാത്മിക രൂപം കൈവരുന്നു. അത് മരണമില്ലാത്ത യമനും പിതൃക്കളും വാഴുന്ന ദേവതകളുടെ നിവാസസ്ഥാനത്തേക്ക് പോകും. വെള്ളത്തിലൂടെയും ഒരു പാലത്തിലൂടെയും സഞ്ചരിച്ചതിന് ശേഷമാണ് മരിച്ചവർ സ്വർഗലോകത്തെത്തിച്ചേരുക. [1]

സൽക്കർമങ്ങൾക്കുള്ള പ്രതിഫലമായി ലഭ്യമാകുന്ന സ്വപ്നതുല്യമായ സുഖാനന്ദങ്ങളുടെ ലോകമായി മാത്രമല്ല, വേദകാലത്തെ ഹൈന്ദവ സമൂഹം സ്വർഗത്തെ കണ്ടിരുന്നത്. മറിച്ച്, ദൈവിക ക്ഷേമത്തിന്റെ ഉന്നതസ്ഥാനമായാണ് അവർ അതിനെ വിശ്വസിച്ചിരുന്നത്. *''മരിച്ചവരുടെ ആത്മാക്കൾ സ്വർഗത്തിൽ യമനോടൊന്നിച്ച് മോദിച്ച് ഇരിക്കുന്നു. നമ്മുടേതു പോലുള്ള ഒരു ജീവിതമാണ് അവിടെ അവരുടേത്. ഭൂമിയിലെ ആഹ്ലാദങ്ങൾക്ക് പൂർണതയും ഔന്നത്യവും വന്നാൽ സ്വർഗത്തിലെ ആഹ്ലാദങ്ങളായി. 'ദാനം നല്കുന്നവർക്കുള്ളതാണ് ഈ തിളങ്ങുന്ന പദാർഥങ്ങൾ; അവർക്കുവേണ്ടി സ്വർഗത്തിൽ സൂര്യന്മാരുണ്ട്, അവർ അമൃതത്ത്വം നേടുന്നു. അവർക്ക് ദീർഘായുസ്സ് കൈവരുന്നു' (1.25.6). മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള വൈദിക സങ്കല്പത്തിൽ വൈഷയിക സുഖങ്ങൾക്ക് നല്കിയിട്ടുള്ള പ്രാമുഖ്യത്തെപ്പറ്റി പലരും ഊന്നിപ്പറഞ്ഞിട്ടുണ്ട്.''* (ഭാരതീയ ദർശനം, പേ. 92)

മേൽ പ്രസ്താവനകളിൽ നിന്ന്, വേദങ്ങൾ സ്വർഗത്തെക്കുറിച്ചും അതുൾക്കൊള്ളുന്ന പരലോകത്തെക്കുറിച്ചും യുക്തവും ദൈവികപ്രോക്തവുമായ ദർശനമാണ് സമർപ്പിച്ചതെന്ന് കാണാം. ഈ അടിസ്ഥാനത്തിൽ, ഹിന്ദുമതത്തിന്റെ വിശ്വാസപ്രമാണങ്ങളുടെ ഭാഗമാണ് പരലോക വിശ്വാസവും അതുൾക്കൊള്ളുന്ന നരക-സ്വർഗവും. എന്നാൽ, വ്യാഖ്യാനക്കസർത്തുകളിലൂടെ പുനർജന്മവാദികൾ പരലോക വിശ്വാസത്തെ അവ്യക്തമാക്കുകയാണുണ്ടായത്.

## ഉപനിഷത്തുകളിൽ

വേദങ്ങൾ അവതരിപ്പിച്ച സ്വർഗത്തെക്കുറിച്ച ചിത്രീകരണങ്ങളിൽ നിന്നും ഉപനിഷത് ചിന്തകന്മാർക്ക് ഒഴിഞ്ഞുമാറാൻ കഴിഞ്ഞില്ല.

1. *''സ്വർഗേ ലോകേ നഭയം നഞ്ചനാസ്തി*
*നതത്രത്വം നജരായാബിഭേതി*
*ഉഭേതീർത്ത്വാം ശനായ പിപാസേ*
*ശോകാതിഗോ മോദതേ സ്വർഗലോകേ.''* (കഠോപനിഷത്ത് 1 : 12)

*(സ്വർഗലോകത്തിൽ രോഗം മുതലായ ഭയകാരണങ്ങൾ യാതൊന്നുമില്ല. മൃത്യുദേവൻ അവിടെ പ്രവർത്തിക്കുന്നില്ല. മാത്രമല്ല, അവിടെ വാർധക്യം തന്നെ ഉണ്ടാകുന്നില്ല. മനുഷ്യനെ വിഷമിപ്പിക്കുന്ന വിശപ്പും ദാഹവും അവിടെയില്ല. അങ്ങനെ യാതൊരു ദുഃഖവും കൂടാതെ സ്വർഗലോകത്തിൽ എല്ലാവരും സുഖമായി വസിക്കുന്നു.)*[2]

2. *''യോവാ ഏതാമേവം വേദപഹത്യ*
*വാപ്മാന മനന്തേ സ്വർഗേലോകേ*
*ജ്യോയേ പ്രതിതിഷ്ഠിതി പ്രതിതിഷ്ഠതി.''* (കേനോപനിഷത്ത് 4:9)

*(ഈ ഉപനിഷത്തിനെ ഇതേ വിധത്തിലറിയുന്നവർ പാപമെല്ലാം നശിച്ച് അനന്തവും ശ്രേഷ്ഠവുമായ സ്വർഗലോകത്തിൽ പ്രതിഷ്ഠയെ പ്രാപിക്കുന്നു, സ്ഥിരപ്രതിഷ്ഠനായിത്തീരുന്നു.)*[3]

രണ്ടാമത്തെ ഉപനിഷത് സൂക്തത്തിൽ സ്വർഗമുണ്ടെന്ന് മാത്രമേ പറയുന്നുള്ളൂ. സ്വർഗമുണ്ടെന്നുള്ള പ്രസ്താവന, സ്വർഗത്തെയും പരലോകത്തെയും കുറിച്ചുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. എന്നാൽ ഒന്നാം സൂക്തത്തിൽ സ്വർഗത്തിന്റെ നല്ലൊരു ചിത്രണം തന്നെയുണ്ട്. വിഷമവും വിരസതയും അനുഭവപ്പെടാത്ത, ക്ഷേമം കളിയാടുന്ന ലോകമാണ് സ്വർഗമെന്ന് ഈ സൂക്തം ഉദ്ഘോഷിക്കുന്നു. ഹിന്ദുമതത്തിൽ പുനർജന്മമാണുണ്ടായിരുന്നതെങ്കിൽ ''സ്വർഗലോകത്തിൽ'' എന്നതിന്റെ സ്ഥാനത്ത് സൽക്കർമിയുടെ അടുത്ത ജന്മം എന്നോ രണ്ടാം ജന്മം എന്നോ ആയിരുന്നു പരാമർശിക്കുക. എന്നാൽ ''സ്വർഗലോകേ'' (സ്വർഗലോകത്തിൽ) എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. ഇത് ഹിന്ദുമതം സ്വർഗത്തെയും അതുൾക്കൊള്ളുന്ന പരലോകത്തെയും കുറിച്ച് വ്യക്തമായ വെളിപാടുകൾ ഉൾക്കൊണ്ടിരുന്നു എന്നതിനുള്ള തെളിവുകളാണ്.

വേദങ്ങൾ പരിചയപ്പെടുത്തിയ സ്വർഗവും, ഉപനിഷത്തുക്കൾ വിശദീകരിച്ച സ്വർഗവും തമ്മിൽ വൈരുധ്യം തീരേയില്ല എന്ന വസ്തുത സൂചിപ്പിക്കുന്നത് ഹിന്ദുമതത്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ പരലോകവിശ്വാസം ഉണ്ടായിരുന്നെന്നും പില്ക്കാലത്ത് ആ വിശ്വാസം മാറ്റിമറിച്ചതാണെന്നുമാണ്.

## ഭഗവദ്ഗീതയിൽ

വേദങ്ങളും ഉപനിഷത്തുക്കളും സാക്ഷ്യപ്പെടുത്തിയ സ്വർഗം യാഥാർഥ്യമാണെന്ന് ഭഗവദ്ഗീതയും അംഗീകരിക്കുന്നു:

1. *''അഥ ചേ ത്ത്വമിമം ധർമ്യം*
*സംഗ്രാമം നകരിഷ്യസി*
*തതഃസ്വധർമ്മം കീർത്തിം ച*



*ഹിത്വാ പാപമവാപ്സ്യസി.''* (ഭഗവദ്ഗീത 2-33)

*(എന്നാൽ ധർമ്യമായ ഈ യുദ്ധത്തെ നീ ചെയ്യുന്നില്ലെങ്കിൽ സ്വർഗപ്രാപ്തിയുണ്ടാവുകയില്ല, എന്നുതന്നെയല്ല നിന്റെ ധർമത്തെയും കീർത്തിയെയുമുപേക്ഷിച്ച് നീ പാപത്തെ പ്രാപിക്കുന്നതുമാകുന്നു.)*

2. *''യജ്ഞ ശിഷ്ടാമൃത ഭുജോ*
*യാന്തി ബ്രഹ്മസനാതനം*
*നായം ലോകോ ƒസത്യയജ്ഞസ്യ*
*കുതോƒന്യഃ കുരുസത്തമ!''* (ഭഗവദ്ഗീത 4:31)

*(യജ്ഞശിഷ്ടമായ കാലത്തിൽ വിധിപ്രകാരമുള്ള അമൃതരൂപമായ അന്നത്തെ ഭുജിക്കുവൻ നിത്യരായ ബ്രഹ്മത്തെ ജ്ഞാനദ്വാരേണ പ്രാപിക്കുന്നു. അല്ലയോ കുരുവംശ ശ്രേഷ്ഠാ, യജ്ഞം ചെയ്യാത്തവന്ന് ഈ അല്പസുഖമുള്ള മനുഷ്യലോകം കൂടിയും കിട്ടുകയില്ല. പിന്നെ ബഹുസുഖമുള്ള സ്വർഗാദി മറ്റു ലോകങ്ങൾ എവിടെ?)*

സ്വർഗത്തെപ്പറ്റിയുള്ള, ഭഗവദ്ഗീതയുടെ ഉദ്ബോധനത്തിൽ ഒന്നാം സൂക്തത്തിൽ ധർമയുദ്ധം ചെയ്യാതിരുന്നാൽ സ്വർഗപ്രാപ്തി സാധ്യമല്ലെന്നും, രണ്ടാമത്തേതിൽ യജ്ഞം ചെയ്യാത്തവന്ന് സ്വർഗലോകം അപ്രാപ്യമാണെന്നും പ്രസ്താവിക്കുന്നു. വിശ്വാസിയായ ഹിന്ദുവിനോടുള്ള മേൽ സൂക്തങ്ങളുടെ സന്ദേശം, സത്കർമം അനുഷ്ഠിക്കണമെന്നും അങ്ങനെ സ്വർഗം കരസ്ഥമാക്കണമെന്നുമാണ്. ആരാധന നിർവഹിക്കാത്തവന്ന് സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല. ചുരുക്കത്തിൽ, ഈ രണ്ട് സൂക്തങ്ങളും പരലോകവിശ്വാസത്തെയും സ്വർഗത്തെയും സംബന്ധിച്ചുള്ള ഭഗവദ്ഗീതയുടെ അനിഷേധ്യമായ സാക്ഷ്യങ്ങളാണ്.

## പുരാണങ്ങളിൽ

വേദങ്ങളും അനുബന്ധ ഗ്രന്ഥങ്ങളും സാക്ഷ്യപ്പെടുത്തിയ സ്വർഗത്തെക്കുറിച്ച പ്രതിപാദനം പുരാണങ്ങളിലാണ് കൂടുതൽ വ്യക്തമായി പറഞ്ഞത്. പുണ്യവാൻമാർക്കുള്ള ഉന്നതമായ വാസസ്ഥലമാണല്ലോ സ്വർഗം. അവിടെ എത്തിച്ചേരുകയെന്നത് വിശ്വാസികളുടെ ജീവിതാഭിലാഷമാണ്. അതിനവർ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചുപോലും പുരാണങ്ങളിൽ നിർദേശങ്ങൾ വന്നിട്ടുണ്ട്:

*''സ്വർഗം ആഗ്രഹിക്കുന്നവർ തന്റെ തപോദാനങ്ങളെ കീർത്തിക്കാതിരിക്കണം. ആത്മഹിതത്തിന്നായ് യഥാശക്തി ദാനം ചെയ്യണം. ചെരിപ്പോ വസ്ത്രമോ കായോ കിഴങ്ങോ ഇലയോ വെള്ളമോ ദാനം ചെയ്തു, ദരിദ്രൻ പോലും ദിവസം പാഴാക്കാതിരിക്കണം. ദാനശീലന്മാർ നരകത്തിൽ എത്തുകയില്ല.''* [4]

സൽക്കർമങ്ങൾ, വിശേഷിച്ചും ദാനധർമങ്ങൾ സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കുമെന്നാണ് ഇതിന്റെ സാരം. അതിന് വേണ്ടി ദരിദ്രർപോലും തങ്ങളാലാവുന്നത് ദാനം ചെയ്യണം. സൽക്കർമികളും സൽസ്വഭാവികളും സൗമ്യചിത്തരും ദയാലുക്കളുമായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുക. ദൈവഭക്തർ, ഗുരുനാഥന്മാരെയും മാതാപിതാക്കളെയും ബഹുമാനിക്കുന്നവർ, സൽസ്വഭാവികളെയും അഗതികളെയും സംരക്ഷിക്കുന്നവർ എന്നിവരെല്ലാം സ്വർഗത്തിലാണെന്ന് പുരാണങ്ങൾ ഉദ്ഘോഷിക്കുന്നു. സുകൃതികൾക്കാണ് ഉന്നതവും ക്ഷേമപൂർവവുമായ ലോകം വാഗ്ദാനം ചെയ്തിട്ടുള്ളത്. അവരെക്കുറിച്ചും സ്വർഗത്തിന്റെ മഹത്ത്വത്തെക്കുറിച്ചും ഹൈന്ദവ ദർശനങ്ങളിൽ വിശദമായ പ്രതിപാദനങ്ങൾ കാണാം:

സുകൃതികളായ മനുഷ്യർ സർവകാമ സമൃദ്ധരായി സ്വർഗത്തിൽ യഥേഷ്ടം സഞ്ചരിക്കുന്നു. അവിടെ നാസ്തികരില്ല. ചോരന്മാരില്ല, കൃതഘ്നരില്ല, അഭിമാനികളില്ല. സത്യനിഷ്ഠരും ശൂരരും ദയാലുക്കളും ക്ഷമാശീലരും യജ്വാക്കളും ദാതാക്കളുമായ മനുഷ്യരേ അവിടെ ചെല്ലുകയുള്ളൂ. രോഗം, ജര, മരണം, ശോകം, മഞ്ഞ്, വെയിൽ, ക്ഷുത്ത്, ദാഹം, വാട്ടം എന്നിവയൊന്നും അവിടെ ആർക്കുമില്ല.[5]

ഹിന്ദുമതത്തിലെ പ്രാമാണിക ഗ്രന്ഥങ്ങളായ വേദങ്ങളും ഉപനിഷത്തുക്കളും ഭഗവദ്ഗീതയും പുരാണങ്ങളും പരലോകത്തെക്കുറിച്ച് വെറും പരാമർശം നടത്തി പിന്തിരിയുകയല്ല; മറിച്ച്, പരലോകത്തെയും അതിന്റെ അവിഭാജ്യ ഘടകങ്ങളായ നരകം, സ്വർഗം എന്നിവയെയും യുക്തിഭദ്രമായ കാഴ്ചപ്പാടിലൂടെ സമർപ്പിക്കുകയാണ്. പരലോകം, നരകം, സ്വർഗം എന്നിവയുടെ വിശദ വിവരണങ്ങളാണ് അവയിലുള്ളത്. ഇതിൽനിന്നും പരലോക ദർശനം ഹൈന്ദവ ധർമത്തിന്റെ ഭാഗമാണ് എന്ന് കാണാം.

പരലോകം, നരകം, സ്വർഗം എന്നിവയെക്കുറിച്ച് ഹിന്ദുമതഗ്രന്ഥങ്ങളിലുള്ള ഈ പരാമർശങ്ങൾ ചില സത്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു:

ഒന്ന്: ഹിന്ദുമതഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്നത് യഥാർഥ ദൈവിക ദർശനമാണ്.

രണ്ട്: മനുഷ്യനെ സന്മാർഗനിരതനാക്കുന്നതിൽ നരക-സ്വർഗങ്ങളിലുള്ള വിശ്വാസം അനിവാര്യമാണെന്ന് ഹിന്ദുമത ദർശനങ്ങൾ പഠിപ്പിക്കുന്നു.

മൂന്ന്: വേദങ്ങൾ പഠിപ്പിക്കുന്ന വേദമതദർശനം കൈകടത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമായിട്ടുണ്ട്.

## കുറിപ്പുകൾ

1. ഡോ. എസ്. രാധാകൃഷ്ണൻ, വിവ. നാരായണൻ നമ്പീശൻ, ഭാരതീയ ദർശനം, വാല്യം ഒന്ന്, പേജ് 92, മാതൃഭൂമി ബുക്സ്, 1975.
2. വിവ. മൃഡാനന്ദസ്വാമി, കഠോപനിഷത്ത്, ശ്രീരാമകൃഷ്ണാശ്രമം, തൃശൂർ, 1980.
3. കേനോപനിഷത്ത്, ശ്രീരാമകൃഷ്ണാശ്രമം, തൃശൂർ, 1970.
4. പത്മപുരാണം, ഭാഗം 1, പേ. 72, 73, വിദ്യാർഥിമിത്രം ബുക്സ്, കോട്ടയം, 1977.
5. പത്മപുരാണം, പേ. 336.

# 8

# വേദദർശനം

**വേ**ദം എന്നാൽ അറിവ്, അറിയപ്പെട്ടത് എന്നാണ് അർഥം. ധർമശാസ്ത്രങ്ങളുടെ അടിസ്ഥാന ജ്ഞാനമാണ് വേദങ്ങൾ. മഹർഷിമാർ ഈശ്വരനിൽ നിന്നും ഗ്രഹിച്ചതാകയാൽ വേദത്തിന് ശ്രുതിയെന്നും പേരുണ്ട്. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിങ്ങനെ നാല് വേദങ്ങളുണ്ട്. ഓരോ വേദത്തിനും ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നീ വിഭാഗങ്ങളുണ്ട്. ഇവയെ വേദങ്ങളുടെ വ്യാഖ്യാനങ്ങളോ വിശദീകരണങ്ങളോ ആയിട്ടാണ് പരിഗണിക്കുന്നത്. കൂടാതെ, വേദത്തിന്റെ ഉച്ചാരണം തിട്ടപ്പെടുത്തുന്നതിനുള്ള ശിക്ഷ, യജ്ഞനിർദേശങ്ങളടങ്ങുന്ന കല്പം, ഭാഷാശാസ്ത്ര പഠനത്തിനുള്ള വ്യാകരണം, സാങ്കേതിക ശബ്ദങ്ങൾ വിശദമാക്കുന്ന നിരുക്തം, മന്ത്രങ്ങളുടെ അക്ഷരഗണനയായ ഛന്ദസ്സ്, ജോതിശ്ശാസ്ത്ര സംബന്ധമായ ജൗതിഷം എന്നിവയും വേദപഠനം കാര്യക്ഷമമാക്കുന്നതിന് അവലംബിക്കുന്നു. ചതുർവേദങ്ങൾ മാത്രമാണ് ഹിന്ദുമതത്തിന്റെ അടിസ്ഥാന ദൈവിക ഗ്രന്ഥങ്ങൾ. യജുർവേദം അത് ഇപ്രകാരം വ്യക്തമാക്കുന്നു:

*''തസ്മാദ്യജ്ഞാത് സർവഹുതഋചഃ സാമാനിജജ്ഞിരേ*
*ഛന്ദാങ്സിജജ്ഞിരേ തസ്മാദ്യജുസ്തസ്മാദജയത.''* (യജുർവേദം 31:7)

*(യജ്ഞമാകുന്ന സച്ചിദാനന്ദാദി ലക്ഷണങ്ങളാൽ പൂർണനായ പുരുഷനിൽ നിന്ന്, സർവ സംപൂജ്യനും എല്ലാവരാലും ഉപാസ്യനും സർവ ശക്തിമാനുമായ ഈശ്വരനിൽനിന്ന് ഋഗ്വേദം, സാമവേദം, അഥർവവേദം, യജുർവേദം എന്നീ നാലു വേദങ്ങൾ പ്രകാശിതമായി എന്നറിയുക.)* (ദയാനന്ദ സരസ്വതി, വിവ. നരേന്ദ്രഭൂഷൺ, വേദപര്യടനം, പേ. 11, വൈദിക സാഹിത്യ പരിഷത്ത്, ചെങ്ങന്നൂർ, 1973)

പ്രമുഖ പണ്ഡിതനായ സാധുശീലൻ കെ. പരമേശ്വരൻപിള്ള വേദങ്ങളുടെ ഉൽപത്തിയെക്കുറിച്ച് എഴുതുന്നു: *''വേദം ഈശ്വരനിൽ നിന്നുദ്ഭവിച്ചു. തപോധനരായ മഹർഷിമാർ അത് ദർശിക്കുകയും ശ്രവിക്കുകയും ചെയ്തു. അതിനാൽ മഹർഷിമാരെ 'മന്ത്രദ്രഷ്ടാക്കൾ' എന്നു പറയുന്നു.''* (ഹിന്ദുധർമ പരിചയം, പേ. 164, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, 1989)

സ്വാമി ദയാനന്ദ സരസ്വതി ചോദ്യോത്തര രൂപത്തിൽ ഇത് വിശദമാക്കുന്നു:

*''പ്രശ്നം: ഏതെല്ലാം ഗ്രന്ഥങ്ങൾക്കാണ് വേദമെന്നു പേർ ഉള്ളത്?*

*ഉത്തരം: ഋക്, യജുസ്സ്, സാമം, അഥർവ വേദം എന്നീ മന്ത്രസംഹിതകൾക്കു മാത്രമേ ഉള്ളൂ. മറ്റൊന്നിനും ഇല്ല.''* (സത്യാർഥ പ്രകാശം, പേ. 332, കേരള ആര്യസമാജമിഷൻ, കോഴിക്കോട്, 1933)

## വേദഭാഷ

സംസ്കൃത ഭാഷയിലാണ് വേദങ്ങൾ രേഖപ്പെടുത്തിയത്. ഭാഷാഗണത്തിലെ പഴക്കം ചെന്ന സംസ്കൃതം, കാലാന്തരത്തിൽ എല്ലാ ഭാഷകളെയും പോലെ മാറ്റങ്ങൾക്ക് വിധേയമായി. ഈ മാറ്റത്തിനിടയിൽ വേദത്തിന്റെ അടിസ്ഥാനം ധ്വനിപ്പിക്കുന്ന വചനങ്ങളുടെ ശരിയായ ഉദ്ദേശ്യം സ്പഷ്ടമാക്കുന്നതിൽ വേദപണ്ഡിതന്മാർ പരാജയപ്പെടുകയാണുണ്ടായത്.

ഏകാർഥകങ്ങളായ അനേകം പദങ്ങളും അനേകാർഥകങ്ങളായ ഏകപദങ്ങളും ഓരോ ഭാഷയിലും ഉണ്ട്. അവ സന്ദർഭാനുസാരം അനുവാചകനിലോ ശ്രോതാവിലോ എത്തിക്കേണ്ടത് ഭാഷാ പണ്ഡിതന്റെ കടമയാണ്. എന്നാൽ, വേദവചനങ്ങളുടെ അർഥം യഥാവിധി ധരിപ്പിക്കുന്നതിൽ വേദപണ്ഡിതന്മാർ വിജയിച്ചു എന്നത് അഭിപ്രായ ഐക്യമുള്ള കാര്യമല്ല. ഉദാഹരണത്തിന്, ഋഗ്വേദത്തിൽ 'അസുര'ശബ്ദം പരമാത്മാവിന്റെ വിശേഷണമായാണ് പ്രയോഗിച്ചത്. അസു = പ്രാണൻ. അസുരൻ = പ്രാണനിൽ നിറഞ്ഞു നില്ക്കുന്നവൻ.

ആദ്യകാലത്തെ വേദവിശ്വാസികൾ അസുരൻ എന്ന പദത്തിന് പ്രയോഗിച്ചിരുന്ന ''പ്രാണനിൽ നിറഞ്ഞുനില്ക്കുന്നവൻ'' എന്ന അർഥം കാലക്രമേണ ഇല്ലാതായി. അചിരേണ വേദവിവർത്തനങ്ങളിൽ നിന്ന് ഈശ്വരനെക്കുറിച്ച ഈ വിശേഷണം അപ്രത്യക്ഷമായി. പകരം പ്രചാരം നേടിയത്, പരമാത്മാവിന് (പ്രജാപതിക്ക്) അസുരന്മാരെന്നും സുരന്മാരെന്നും (ദേവൻമാർ) രണ്ട് സന്തതികളുണ്ടെന്നാണ്. വേദവിരുദ്ധവും ദൈവനിഷേധപരവുമായ ഈ വിവരണം വേദവിശ്വാസികളുടെ ധർമത്തെക്കുറിച്ച കാഴ്ചപ്പാടിൽ വമ്പിച്ച പരിവർത്തനമുണ്ടാക്കി. വേദസന്ദേശത്തിന്റെ ഗതിമാറ്റിയ അസുര ശബ്ദത്തിന്റെ പുതിയ അർഥത്തിൽ സംശയം വരാതിരിക്കാൻ ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധം തുടങ്ങുന്ന കഥ മെനഞ്ഞ് ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. ഛന്ദോഗ്യോപനിഷത്തിൽ ദേവൻമാരെയും അസുരന്മാരെയും കുറിച്ചുള്ള കെട്ടുകഥ തുടങ്ങുന്നത് ഇപ്രകാരമാണ്:

*''പണ്ടൊരിക്കൽ പ്രജാപതിയുടെ മക്കളായ ദേവൻമാരും അസുരൻമാരുമാകുന്ന രണ്ട് കൂട്ടരും തമ്മിൽ ഒരു യുദ്ധമുണ്ടായി. അതിൽ ഇതുകൊണ്ട് അസുരന്മാരെ തോല്പിക്കാമെന്ന് വിചാരിച്ച് ദേവന്മാർ ഉദ്ഗീഥത്തെ ആഹരിച്ചു.''* (ഛന്ദോഗ്യോപനിഷത്ത് 1-2-1)

വേദത്തിലെ അസുരൻ എന്ന പദത്തെ വിശദമാക്കുവാൻ, ഉപനിഷത്തിലെ ഈ യുദ്ധകഥയാണ് ഇപ്പോൾ അവലംബിച്ചു വരുന്നത്. അതോടെ, പ്രാണനിൽ നിറഞ്ഞു നില്ക്കുന്നവൻ' എന്ന അതിന്റെ അടിസ്ഥാനാർഥം കാലഹരണപ്പെട്ടു. അങ്ങനെ വേദത്തിലെ 'അസുര'ശബ്ദത്തിന്, അർഥാപകർഷം വരികയും വേദസന്ദേശത്തിന് വിരുദ്ധമാവുകയും ചെയ്തു. ഇതാണ് ഹിന്ദുമത വിശ്വാസികൾക്കിടയിൽ ഇന്ന് പ്രചാരത്തിലുള്ള ദേവ - അസുരകഥയുടെ ഉദ്ഭവം.[1] നൂറ്റാണ്ടുകളിലൂടെ പ്രചരിച്ചു വന്ന ഈ ആശയത്തെറ്റ് ഉപനിഷത്തും പുരാണങ്ങളും ഇന്നും ആവർത്തിക്കുന്നു.



വേദങ്ങളിലെ നിരവധി സാങ്കേതിക പദങ്ങൾ 'വേദവിരുദ്ധ'മായ ആശയമാണ് സമർപ്പിക്കുന്നത്. തന്മൂലം വളരെയധികം വേദവചനങ്ങൾ തെറ്റിദ്ധരിക്കപ്പെടുകയും ദുർവ്യാഖ്യാനത്തിന്നിരയാവുകയും ചെയ്തു. വേദവാക്യങ്ങളുടെ അർഥത്തിൽ വരുന്ന ഇത്തരം ദുരൂഹതയ്ക്ക് പണ്ഡിതന്മാർ പല കാരണങ്ങളും വെളിപ്പെടുത്തുന്നു. കെ.എം. പണിക്കരുടെ അഭിപ്രായത്തിൽ, വേദത്തിൽ ഉപയോഗിച്ചിട്ടുള്ള പല വാക്കുകളുടെയും അർഥം ഇപ്പോൾ നിലവിലില്ല. അതിനാൽ, ആ വാക്കുകളിൽ അടങ്ങിയിട്ടുള്ള ആശയങ്ങൾ മനസ്സിലാക്കാൻ ഇന്നുള്ളവർക്ക് വൈഷമ്യമുണ്ട്. ഏതർഥത്തിലാണ് അവ പ്രയോഗിച്ചിട്ടുള്ളതെന്ന് തീർത്തു പറയുക സാധ്യമല്ല.[2]

വേദ മന്ത്രങ്ങളുടെ ആശയം ഗ്രഹിക്കുന്നതിൽ വന്ന ദുരൂഹതയ്ക്ക് പരിഹാരമുണ്ടാക്കാനാണ് യാസ്കൻ നിരുക്തം നിർമിച്ചത്. ധാത്വാർഥത്തെ അവലംബിച്ച് പദാർഥത്തെ നിർവചിക്കുക എന്ന തത്ത്വമാണ് യാസ്കൻ അവലംബിച്ചത്. ഇതേ രീതി തന്നെ ഇതര ഭാഷ്യക്കാരും പിന്തുടർന്നുവെങ്കിലും യാസ്കൻ വ്യാഖ്യാനിക്കാതെ വിട്ട അവ്യക്തമായ പദങ്ങൾക്ക്, വേദദർശനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ തൃപ്തികരമായ വിശദീകരണം ലഭിച്ചിട്ടില്ല. ഉദാഹരണത്തിന് ധീ, ക്രതു, കവി മുതലായവ. അഗ്നിയെ കവിയെന്നു സ്തുതിക്കുന്നു. സരസ്വതിയെ 'ധിയംയം സാധയന്തി' എന്നു വർണിച്ചിട്ടുണ്ട്. ഈ പദങ്ങളെ വ്യാഖ്യാനിച്ചിരിക്കുന്നത് പലയിടത്തും പല രീതിയിലാണ്. വൈദികമായ ചില വിശേഷാശയങ്ങൾ ഈ പദങ്ങൾ ഉൾക്കൊള്ളുന്നു. എന്നാൽ, ഈ പദങ്ങളുടെ ശരിയായ അർഥം ഗ്രഹിക്കുവാൻ നിരുക്തങ്ങളും വ്യാഖ്യാനങ്ങളും പൂർണമായി സഹായിക്കുന്നില്ല.[3]

## വേദലിപി

വേദസാഹിത്യത്തിന്റെ ആരംഭകാലത്ത് ഭാരതത്തിൽ ലിപി സമ്പ്രദായം ഉണ്ടായിരുന്നില്ല. വേദഗ്രന്ഥങ്ങൾ മനഃപാഠം ഉറപ്പിച്ചായിരുന്നു സംരക്ഷിച്ചിരുന്നത്. അഥർവവേദത്തിലും തൈത്തിരീയ സംഹിതയിലുമാണ് ആദ്യമായി ഗ്രന്ഥത്തെയും ലിപിയെയും പറ്റിയുള്ള സൂചനകൾ കാണുന്നത്. ഗോപഥ ബ്രാഹ്മണത്തിൽ വർണാക്ഷരങ്ങളെപ്പറ്റി വിശദമായി വിവരിക്കുന്നതിൽ നിന്നും, ആ കാലം മുതൽക്കെങ്കിലും ലിപി ഇന്ത്യയിൽ നടപ്പിൽ വന്നതായി മനസ്സിലാക്കാം. [4] പ്രാചീന ഭാരതത്തിൽ നിലവിലുണ്ടായിരുന്ന ലിപികൾ ഖരോഷ്ഠി, ബ്രഹ്മി എന്നിവയായിരുന്നു. വൈദിക സാഹിത്യത്തിന്റെ ഭാഷ സംസ്കൃതം എന്ന് അറിയപ്പെട്ടപോലെ അവയുടെ ലിപി സംസ്കൃത ലിപി എന്ന പേരിൽ വിശ്രുതമായിരുന്നില്ല. സംസ്കൃത ഭാഷാരചനയ്ക്കുപയോഗിച്ച പ്രാചീന ലിപികളെക്കുറിച്ച് പ്രസിദ്ധ പണ്ഡിതനും ഗവേഷകനുമായ ശ്രീ. കൃഷ്ണ ചൈതന്യ എഴുതുന്നു:

*''രണ്ടു തരം ലിപികൾ പൗരാണിക ഭാരതത്തിൽ ഉണ്ടായിരുന്നു. അതിലൊന്നായിരുന്നു ഖരോഷ്ഠി. ക്രി. മു. അഞ്ചാം ശതകത്തിലിരുന്ന സെമിറ്റിക് എഴുത്തിന്റെ അറമെയിക് വകഭേദത്തെ അനുകരിച്ചതായിരുന്നു അത്. ക്രി. മു. നാലാം നൂറ്റാണ്ടു മുതൽ ഉദ്ദേശം ക്രി. പി. 2000 മാണ്ടുവരെ ഗന്ധാരത്തിലും (പൂർവ അഫ്ഗാനിസ്ഥാൻ) ഉത്തര പഞ്ചാബിലും അതുപയോഗിച്ചുവന്നു. വലതു നിന്നും ഇടത്തോട്ടാണ് അതെഴുതി വന്നത്. രണ്ടാമത്തേതാണ് ബ്രഹ്മി. ഫിനീഷ്യൻ എഴുത്തു രീതിയിൽ നിന്നുദിച്ച അതും സെമിറ്റിക് വംശത്തിൽ പെട്ടതുതന്നെ. ചരിത്രാതീത കാലങ്ങളിൽ വൻ വ്യാപാ*

*രികളായിരുന്നു ഫിനീഷ്യൻമാർ. അവരിൽ നിന്നും ഈ എഴുത്ത് അസീറിയർക്ക് കിട്ടി. മെസൊപൊട്ടേമിയ വഴി വന്ന വ്യാപാരികളിൽ നിന്നും ക്രി. മു. 800-ാം ആണ്ടോടടുത്തായിരിക്കണം അത് ഇന്ത്യയിലെത്തിയത്. ഈ എഴുത്തും ആദ്യമായി വലത്തു നിന്നും ഇടത്തോട്ടായിരുന്നു എഴുതി വന്നതെന്ന് ക്രി. മു. നാലാം ശതകത്തിലെ ചില നാണയങ്ങളിൽ നിന്നും വെളിവാകുന്നു. പക്ഷേ, പിന്നീട് അത് ഇടത്തുനിന്നും വലത്തോട്ടായി. സംസ്കൃത ഭാഷയുടെ ലിപിയായി നിലനിന്നത് ബ്രഹ്മി ആണ്.'' (സംസ്കൃത സാഹിത്യ ചരിത്രം, പേ. 63,64, നാഷനൽ ബുക്സ്റ്റാൾ കോട്ടയം, 1968)*

ബി. സി. നാലാം നൂറ്റാണ്ടിൽ മുദ്രണം ചെയ്ത അഞ്ചക്ഷരമുള്ള ഒരു നാണയം, പ്രാചീന കാലത്ത് ബ്രഹ്മി ലിപി വലത്തുനിന്നും ഇടത്തോട്ടാണ് എഴുതിയിരുന്നത് എന്നതിനുള്ള വ്യക്തമായ സൂചനയാണ്. കൂടാതെ കർണ്ണൂലിനടുത്തുള്ള യെറാഗുഡിൽ നിന്നും 1929-ൽ കണ്ടെടുത്ത ഒരു ലിഖിതവും വലത്തു നിന്ന് ഇടത്തോട്ടെഴുതിയ ബ്രഹ്മിലിപിയുടെ മാതൃകയാണ്. ബ്രഹ്മിലിപിയിൽ, വലത്തു നിന്ന് ഇടത്തോട്ടെഴുത്തുള്ള അശോകസ്തംഭങ്ങളും പില്ക്കാല ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്.[5] പ്രമുഖ സംസ്കൃത പണ്ഡിതനും ഗവേഷകനുമായ കെ. സി. പിള്ള ഈ വസ്തുത ഊന്നിപ്പറയുന്നു: *''ബ്രഹ്മിയിൽ നിന്നാണ് ദേവനാഗരിയും പിന്നീടുള്ള ആര്യൻ ലിപികളും ഉണ്ടായിട്ടുള്ളത്. അതും ആദ്യമൊക്കെ വലത്തു നിന്നും ഇടത്തോട്ടാണ് എഴുതിയിരുന്നത് എന്ന് പഴയ നാണയങ്ങൾ പരിശോധിച്ചിട്ടുള്ള ചിലർ അഭിപ്രായപ്പെടുന്നു. കുറേക്കാലം കഴിഞ്ഞാണ് ഇടത്തുനിന്നും വലത്തോട്ട് എഴുതിത്തുടങ്ങിയത്.''* (സംസ്കൃത സാഹിത്യ ചരിത്രം, പേ. 19, ഡി.സി. ബുക്സ്, കോട്ടയം, 1996)

ആദ്യകാലത്ത്, അറബി ഭാഷ എഴുതുന്ന പോലെ വലത്തു നിന്നും ഇടത്തോട്ടായിരുന്നു സംസ്കൃത ഭാഷയും സാഹിത്യവും എഴുതിയിരുന്നത് എന്നാണ് ഉപരിസൂചിത പ്രസ്താവനകൾ വ്യക്തമാക്കുന്നത്. ഇന്ത്യയിലെ മഹാ ഭൂരിപക്ഷമായ ഹൈന്ദവ ജനതയുടെ മതഭാഷയും സാംസ്കാരിക പൈതൃകവുമാണ് സംസ്കൃതവും അതിലെ സാഹിത്യങ്ങളും. ഇന്ന് ഇടത്തു നിന്നും വലത്തോട്ടെഴുതുന്ന ഈ ഭാഷ അതിന്റെ പ്രാചീന ദശയിൽ തീർത്തും വിപരീതമായ ചാലിലൂടെയായിരുന്നു ഒഴുകിയിരുന്നത്. എന്നാൽ, പില്ക്കാലത്ത് ഈ ലിപി ഇടത്തു നിന്ന് വലത്തേക്ക് മാറ്റിയെഴുതിയതോടെ ഭാരതീയരുടെ ആദർശത്തിലും അനുഷ്ഠാനങ്ങളിലും വൈകല്യങ്ങൾക്ക് നാന്ദി കുറിച്ചു. വലത്തു നിന്നും ഇടത്തോട്ടെഴുതുന്ന ലിപികൾ എണ്ണത്തിൽ കുറവാണെങ്കിലും അവ പ്രതിനിധാനം ചെയ്യുന്നത് ഒരു പ്രത്യേക സംസ്കാരത്തെയും ജീവിതരീതിയെയുമാണ്. മറ്റെല്ലാ സംസ്കാരത്തിൽ നിന്നും ഭിന്നമായി ഇത് ആദർശ വ്യതിചലനത്തിനടിമപ്പെടാതെ ലോകാരംഭം മുതൽക്കേ തുടർന്നു വരികയാണ്. ആ ദർശനത്തിന്റെ ചാലിലായിരുന്നു സംസ്കൃത ഭാഷയും അതെഴുതാനുപയോഗിച്ചിരുന്ന പ്രാചീന ബ്രഹ്മി ലിപിയും. ഈ വസ്തുത വേദദർശനത്തിന്റെ അജ്ഞാതമായ ഉറവിടത്തിലേക്കുള്ള സൂചനയായി മനസ്സിലാക്കാം. ഇന്ന് സംസ്കൃതത്തിന്റേതെന്ന് അവകാശപ്പെടുന്ന മൂശയിലല്ല അതിന്റെ യഥാർഥ അസ്തിത്വം എന്നതിലേക്കുള്ള വഴി തുറക്കുകയാണ് ലിപി പരിവർത്തനത്തെക്കുറിച്ച ഉപരിസൂചിത പഠനങ്ങൾ. വേദഗവേഷണ പടുവും ആര്യസമാജത്തിന്റെ കേരളത്തിലെ അപ്പോസ്തലനുമായിരുന്ന വേദബന്ധു വളച്ചുകെട്ടില്ലാത്ത ഭാഷയിൽ ഈ കാര്യം വ്യക്തമാക്കുന്നു:

*''മറ്റു യൂറോപ്യൻ ഭാഷകൾക്കില്ലാത്ത ഒരു സമാനത അറബിക്കും സംസ്കൃതത്തിനും തമ്മിലുണ്ട്. ഏകവചനം, ദ്വിവചനം, ബഹുവചനം എന്ന് മൂന്നു വചനങ്ങൾ രണ്ടിലും കാണുന്നു. സംസ്കൃതത്തിന്റെ വികാരമായ പ്രാകൃതത്തിലും അർവാചീന ഭാരതീയ ഭാഷകളിലും ദ്വിവചനം ലോപിച്ചിട്ടും അറബിയിൽ അത് എങ്ങനെ നില നിന്നു. കൂടാതെ സംസ്കൃതത്തിന്റെയും അറബിയുടെയും വ്യാകരണ നിയമങ്ങളിലും പല സമാനതകളുമുണ്ട്. അപ്പോൾ സെമിറ്റിക് വർഗത്തിൽപ്പെട്ട അറബിക്കും ഇൻഡോ-യൂറോപ്യൻ വർഗത്തിൽപ്പെട്ട സംസ്കൃതത്തിനും തമ്മിൽ എന്തോ ബന്ധമുണ്ടെന്ന് സമ്മതിക്കേണ്ടിവരുന്നു. ആ ബന്ധം പ്രകൃതി വികൃതിയാകാം, അഥവാ രണ്ടിന്റെയും മൂലമൊന്നാകയും ചെയ്യാം.''* (ഋഗ്വേദ പ്രവേശിക, പേ. 193, 194, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1988)



വേദങ്ങളും വേദദർശനങ്ങളും മാത്രമല്ല സംസ്കൃത ഭാഷയുടെ ലിപിപോലും ചരിത്രത്തിന്റെ ദശാസന്ധിയിൽ 'നിർബന്ധ മതം മാറ്റ'ത്തിന് വിധേയമായി. അവ പ്രതിനിധാനം ചെയ്തിരുന്ന പുരാതന ഭാരതീയ ദർശനം പുതിയ അധിനിവേശത്തിൽ പുറം തള്ളപ്പെട്ടു. ഇന്ന്, തീർത്തും വിപരീതമായ മറ്റൊരു സംസ്കാരത്തിന്റെ കാവലാളായി ആ ഭാഷയും സാഹിത്യവും മാറിയതിന്റെ നിജസ്ഥിതി അറിയുവാൻ ഫോസിലുകൾ സ്വയം സംസാരിക്കുന്ന കാലം വരെ കാത്തിരിക്കുക തന്നെ വേണം.

## വേദ ശാഖകൾ

വേദങ്ങളെക്കുറിച്ച വിശകലനത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വേദശാഖകളെപ്പറ്റിയുള്ള പഠനം. 1131 വേദശാഖകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് അവ വിരലിൽ എണ്ണാൻ പോലുമില്ല. വേദവ്യാഖ്യാനങ്ങളിൽ വേദശാഖകളാണ് ബ്രാഹ്മണങ്ങളെക്കാൾ മുമ്പേ നിലവിൽ വന്നവ. ഋഗ്വേദത്തിന് 21-ഉം യജുർവേദത്തിന് 101-ഉം സാമവേദത്തിന് 1000-വും അഥർവവേദത്തിന് 9-ഉം ശാഖകളാണുണ്ടായിരുന്നത്.[6] എന്നാൽ ഋഗ്വേദത്തിന് ശാകലം, ശാങ്ഖായനം എന്നിവയും യജുർവേദത്തിന് കൃഷ്ണം, ശുക്ലം എന്നിവയും സാമവേദത്തിന് കൗഥുമി, രാണായനി എന്നിവയും അഥർവവേദത്തിന് ശൗനക ശാഖയുമാണ് ഇന്നു നിലവിലുള്ളത്. ഇവയിൽ തന്നെ ഋഗ്വേദത്തിന്റെ ശാങ്ഖായനം, സാമവേദത്തിന്റെ രാണായനി എന്നിവയും അഥർവവേദത്തിന്റെ ഏക ശാഖയായ ശൗനക അപൂർണമായും മാത്രമേ അച്ചടിച്ചിട്ടുള്ളൂ.[7]

വേദങ്ങളുടെ മൂലസംഹിതകൾക്ക്, വേദാവതരണ കാലത്തെ മഹർഷിമാർ നടത്തിയ അധ്യാപന യോഗ്യമായ വ്യാഖ്യാനങ്ങളാണ് വേദശാഖകൾ എന്നപേരിൽ അറിയപ്പെടുന്നത്. വേദ സൂക്തങ്ങളുടെ ശരിയായ വിശദീകരണം ഈ ശാഖകളിൽ നിന്നു മാത്രമാണ് വ്യക്തമാവുക. വേദമൂലത്തിന്റെ സ്പഷ്ടീകരണവും അധ്യാപനവുമാണ് ഋഷിമാർ ചെയ്തുവന്നത്. മൂലമന്ത്രങ്ങളുടെ അർഥം കൂടുതൽ തെളിയിക്കാനായി മന്ത്രാർഥങ്ങളും മന്ത്രാന്തരങ്ങളും ശാഖാസംഹിതകളിൽ വിവരിച്ചിരുന്നു.[8] ശാഖേതര ഗ്രന്ഥങ്ങളിൽ ഈ ഘടകങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം ലഭ്യമാവാതിരുന്നതിനാൽ, പല മന്ത്രങ്ങളുടെയും സന്ദർഭം വിസ്മൃതമാവുകയും ആശയത്തിൽ അവ്യക്തത പടർന്ന് വിപരീതാർഥം കൈവരുകയുമാണുണ്ടായത്. തന്മൂലം വേദകാലാനന്തര കൃതികളിൽ നിന്ന് വേദദർശനം ചോർന്നുപോവുകയും പല വേദസൂക്തങ്ങളും ദുർവ്യാഖ്യാനത്തിനിരയാവുകയും ചെയ്തു.

പുരാതന ഭാരതത്തിൽ 1131 വേദശാഖകൾ ഉണ്ടായിരുന്നു എന്നതിൽ നിന്നും അന്ന്

വേദ പഠനം എത്ര വ്യാപകമായിരുന്നു എന്ന് തെളിയുന്നു. എന്നാൽ, പിമ്പേ വന്നവർക്ക് പകർന്നു കിട്ടിയത് പുരാവസ്തു ശേഖരങ്ങളിലേതടക്കം ഏഴു ശാഖകൾ മാത്രമാണ് എന്നതിൽനിന്നും വേദശാഖകൾ നഷ്ടപ്പെടുകമാത്രമായിരുന്നില്ല; നഷ്ടപ്പെടുത്തുകകൂടിയായിരുന്നു എന്ന നിഗമനത്തിലേക്കാണ് നമ്മെ എത്തിക്കുന്നത്.

## വേദ വ്യതിയാനം

വേദ വചനങ്ങൾക്കിടയിലെ അർഥം വ്യക്തമാവാത്ത സൂക്തങ്ങളുടെ കുറ്റമറ്റ ആശയം വ്യക്തമാക്കുവാൻ വേദകാല ശേഷമുള്ള പണ്ഡിതന്മാർക്ക് സാധിച്ചില്ല. ഭാഷയിൽ വന്ന പരിവർത്തനം, ലിപിപരിഷ്കരണം, വേദ ശാഖകളുടെ തിരോധാനം എന്നിവയെല്ലാം വേദത്തിന്റെ യഥാർഥ സന്ദേശത്തെ കീഴ്മേൽ മറിച്ചു. എന്നാൽ, ആ പ്രതിസന്ധി ഘട്ടം തരണം ചെയ്യുവാൻ വേദത്തിന്റെ ഉത്തമാനുയായികൾക്ക് കഴിഞ്ഞില്ല. വേദ വാക്യങ്ങളെ തങ്ങളുടെ താൽപര്യത്തിനനുസരിച്ച് ദുർവ്യാഖ്യാനം ചെയ്യുകയും വളച്ചൊടിക്കുകയും ചെയ്തുകൊണ്ട് ഭരണാധികാരികളും പണ്ഡിതന്മാരും കവികളും ഈയവസരം നന്നായി ചൂഷണം ചെയ്യുകയാണുണ്ടായത്.

ബ്രാഹ്മണ കാലത്തിന് മുമ്പുതന്നെ ഇന്ത്യയിൽ വേരൂന്നിയ പൗരോഹിത്യം ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി വേദാർഥത്തെ യാജ്ഞിക മാർഗത്തിലൂടെ നയിച്ചു. ഇത് ഹൈന്ദവ ദർശനത്തിന്റെ, അധഃപതനത്തിന്റെ ആരംഭമായിരുന്നുവെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു.[9] തങ്ങളുടെ താൽപര്യ സംരക്ഷണാർഥം ഹൈന്ദവ മതഗ്രന്ഥങ്ങളുടെ ലേബലിൽ നിരവധി ഭാവനാ വിലാസങ്ങൾ പുരോഹിതന്മാർ പ്രചരിപ്പിച്ചു. ബ്രാഹ്മണങ്ങളിലെയും ഉപനിഷത്തുകളിലെയും കഥാശകലങ്ങളാണ് ഇത്തരം ആഖ്യാനങ്ങൾക്ക് പ്രേരകമായത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ. പില്ക്കാല വേദഗുരുക്കന്മാരുടെയും പഠിതാക്കളുടെയും ശ്രദ്ധ ഇത്തരം സങ്കല്പകഥകളിൽ കേന്ദ്രീകരിച്ചു. കാലാന്തരത്തിൽ ഈ കഥകൾ വേദദർശനത്തിന് മങ്ങലേല്പിച്ചു. പൗരോഹിത്യ പ്രഭൃതികൾ നടത്തിയ ഇത്തരം പ്രവർത്തനത്തെക്കുറിച്ച് ഡോ. സുകുമാർ അഴീക്കോട് രേഖപ്പെടുത്തുന്നു: *''ഇന്ദ്രൻ, സൂര്യൻ, വിഷ്ണു തുടങ്ങിയ വൈദിക ദേവതകളെക്കുറിച്ചുള്ള അനന്തരങ്ങളും ബുദ്ധിഭ്രമജനകങ്ങളുമായ കഥാഖ്യാനങ്ങളുടെ പെരുവെള്ളപ്പൊക്കത്തിൽപ്പെട്ട് വൈദിക സത്യത്തിന്റെ ആ തിളക്കമാർന്ന ശിരോരത്നം എങ്ങോ പോയ് മറഞ്ഞു. 'ഇതിഹാസ പുരാണങ്ങളെ കൊണ്ട് വേദാർഥത്തെ വിശദീകരിച്ച് കൊടുക്കണം' എന്ന തത്ത്വം അങ്ങനെ ഇവിടെ രൂഢമൂലമായി.''* (തത്ത്വമസി, പേ. 93)

ഇന്ന് ഹൈന്ദവാചാര്യൻമാർ പുരാണങ്ങൾക്കാണ് പ്രഥമസ്ഥാനം നല്കുന്നത്. പുരാണങ്ങൾക്ക് തെളിവിന്റെ പിൻബലത്തിനു വേണ്ടി ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും, ബ്രാഹ്മണങ്ങളിലെയും ഉപനിഷത്തിലെയും വാദത്തെ ബലപ്പെടുത്താൻ വേദങ്ങളെയുമാണ് അവലംബിച്ചു കാണുന്നത്. യഥാർഥത്തിൽ വേദങ്ങൾക്കായിരുന്നു പ്രഥമസ്ഥാനം നല്കേണ്ടിയിരുന്നത്. കാരണം, അവ ദൈവ വചനങ്ങളാണ്. ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും പുരാണങ്ങളുമെല്ലാം മഹർഷിമാർ നിർമിച്ച വേദവ്യാഖ്യാനങ്ങളാണ്. അതിനാൽ, അവ ഈശ്വര പ്രോക്തമായ വേദസന്ദേശങ്ങൾക്കോ കല്പനയ്ക്കോ പകരം നില്ക്കുന്നവയല്ല. വേദവചനങ്ങൾക്ക് എത്രകണ്ട് അനുകൂലമോ അത്ര മാത്രമേ അവ പ്രാമാണികമാവുകയുള്ളൂ.[10]



## വേദ നഷ്ടം

നഷ്ടപ്പെട്ട വേദത്തെ വീണ്ടെടുത്തതു പോലെ സീതയെ ഞാൻ കൊണ്ടുവരാം, എന്ന് രാമായണ(6:5)ത്തിൽ ഹനുമാൻ പറയുന്നു. ശാന്തിപർവത്തിൽ നാരദനും വിഷ്ണുവും തമ്മിൽ നടന്ന സംഭാഷണം ഭീഷ്മർ പുനരാവിഷ്കരിക്കുന്നത് ഇപ്രകാരമാണ്: *''വേദശ്രുതി നഷ്ടപ്പെട്ടപ്പോൾ ഞാനവയെ വീണ്ടെടുത്ത് കൊണ്ടുവന്നു. എന്നിട്ടവയെ ബ്രാഹ്മണങ്ങളും മന്ത്രങ്ങളും കൊണ്ട് പൂർണമാക്കി. ഇത് പണ്ട് കൃതയുഗത്തിലും ഞാൻ ചെയ്തതാണ്.''*[11]

മഹാഭാരത-രാമായണ കാലഘട്ടം മുതൽക്കേ, വേദഭാഗങ്ങൾ നഷ്ടപ്പെട്ടിരുന്നുവെന്ന് ഹൈന്ദവ സമൂഹം മനസ്സിലാക്കിയിരുന്നു. അന്നു മുതൽക്കേ, ബ്രാഹ്മണങ്ങളും മന്ത്രങ്ങളും കൊണ്ട് അവ പൂർണമാക്കുകയും ചെയ്തിരുന്നു. ബ്രാഹ്മണങ്ങൾ വേദവചനങ്ങളോ അവയ്ക്കു സമാനമോ അല്ലെന്നത് പ്രസിദ്ധമാണല്ലോ. നഷ്ടപ്പെട്ട വേദഭാഗങ്ങൾ വീണ്ടെടുത്ത് ബ്രാഹ്മണങ്ങളും മന്ത്രങ്ങളും കൊണ്ട് പൂർണമാക്കിയിരുന്നു എന്ന വിവരണത്തിൽ നിന്നും, നഷ്ടപ്പെട്ട വേദഭാഗങ്ങൾക്ക് പകരം ചേർത്തവ പൂർണമായും നേരത്തേ ഉണ്ടായിരുന്ന വേദവചനങ്ങൾ അല്ലെന്ന് വ്യക്തമാവുന്നു. ദൈവ വചനങ്ങളായ വേദഭാഗങ്ങൾ നഷ്ടപ്പെടുമ്പോൾ ബ്രാഹ്മണങ്ങൾ കൊണ്ട് അവ പൂർത്തിയാക്കിയിരുന്നു എന്ന പ്രസ്താവന, വേദങ്ങളിൽ കൂട്ടിച്ചേർക്കലും നടന്നിരുന്നു എന്നതിനുള്ള തെളിവാണ്. നഷ്ടപ്പെട്ട വേദമന്ത്രങ്ങളുടെ സ്ഥാനത്ത് ഋഷി വ്യാഖ്യാനങ്ങളായ ബ്രാഹ്മണ മന്ത്രങ്ങൾ ചേർത്തപ്പോൾ അവ്യക്തതകൾ ഉണ്ടാവുകയും വേദത്തിന്റെ അടിസ്ഥാന ദർശനം ചോർന്നുപോവുകയും ചെയ്തു.

ഈ വസ്തുത സുകുമാർ അഴീക്കോടും ഊന്നി പറഞ്ഞിട്ടുണ്ട്: *''സായണൻ ചൂണ്ടിക്കാണിച്ച പോലെ ഋക്കുകൾ സമാഹരിച്ചു കുറേക്കഴിഞ്ഞാണ് ബ്രാഹ്മണങ്ങൾ ഉടലെടുത്തത്. അവ അന്ന് വേദത്തിന്റെ അനുബന്ധമായി ചേർക്കപ്പെട്ടു. ഇവ വേദ മന്ത്രങ്ങൾക്കിടയിൽ കലർന്നു കൂടി അവയെ മിശ്രമാക്കിത്തീർത്തു. മന്ത്രവും ബ്രാഹ്മണവും ഏതെന്ന് വേർതിരിച്ചറിയാൻ കഴിയാതെ വന്ന ഒരു അർഥ കലാപത്തിന്റെ കാലഘട്ടം വേദചരിത്രത്തിൽ ഉണ്ടായിരുന്നുവെന്നതിന് പല തെളിവുകളുമുണ്ട്. യജുർവേദത്തിന് കൃഷ്ണം, ശുക്ളം എന്ന ഭേദ കല്പന ഉണ്ടായതിന്റെ കഥ ഒരുദാഹരണമാണ്. കൃഷ്ണ-ശുക്ള പദങ്ങൾക്ക് നിറമല്ല വിവക്ഷ. പരിശോധിച്ച് തെളിച്ചെടുത്തത് എന്ന് ശുക്ളത്തിന് വ്യാഖ്യാതാക്കൾ അർഥം പറയുന്നു. 'ബ്രാഹ്മണ ഭാഗങ്ങളുടെ കലർപ്പൊഴിവാക്കി' എന്നർഥം. ഋഗ്വേദത്തിന്റെ ഭാഷാ ഭൂമികയിൽ വെച്ച് സായണൻ തലപുകഞ്ഞാലോചിക്കുന്ന ഒരു പ്രശ്നം മന്ത്രത്തെ എങ്ങനെയാണ് ബ്രാഹ്മണത്തിൽ നിന്ന് വേർതിരിച്ചെടുക്കുക എന്നാണ്. കലർപ്പുണ്ടായിരുന്നെന്ന് ആചാര്യൻ സമ്മതിക്കുന്നു.''* (മാതൃഭൂമി ഓണപ്പതിപ്പ് - 1984 സെപ്തംബർ)

## നഷ്ട കാരണം

വേദങ്ങൾ നഷ്ടപ്പെടുവാനുള്ള പ്രധാന കാരണം അവ സുരക്ഷിതമായി സൂക്ഷിക്കുന്നതിൽ വന്ന അപാകതയാണ്. വേദങ്ങളുടെ പ്രചാരണക്കുറവും തലമുറകൾ കൈമാറുന്നതിൽ വരുത്തിയ അലംഭാവവുമെല്ലാം ഇതിൽ പെടുന്നു. വേദങ്ങൾ എഴുതി സൂക്ഷിക്കുന്നത് ആദ്യകാലത്ത് നിരോധിക്കുക പോലുമുണ്ടായി. വേദം കേൾക്കുന്ന ശൂദ്രന്റെ കാതിൽ ഈയം ഉരുക്കിയൊഴിക്കണമെന്ന് പ്രാക്തന പണ്ഡിതന്മാർ നിയമമുണ്ടാക്കി. ഇത്തരം അവസ്ഥകൾ കാരണമായി ഓരോ തലമുറയിലും വേദത്തിലെ മുഖ്യ പാഠങ്ങൾക്ക് മാറ്റങ്ങൾ

വന്നുകൊണ്ടേയിരുന്നു. കേട്ടുപഠിച്ച ആളിന്റെ ബുദ്ധിയുടെ നിലവാരം, മറവി തുടങ്ങിയവനിമിത്തമെല്ലാം ഇത് സംഭവിച്ചിട്ടുണ്ടാവാം.[12]

നൂറ്റാണ്ടുകളിലൂടെ വേദഗ്രന്ഥത്തിന്റെ മൂലത്തിൽ വന്ന സ്ഖലിതങ്ങളും പിഴവുകളും വേദത്തിന്റെ ശരിയായ സന്ദേശം മറച്ചുപിടിച്ചു. വേദഭാഗങ്ങൾ നഷ്ടപ്പെട്ടതോടൊപ്പംതന്നെ മറുഭാഗത്ത് വേദങ്ങൾ നശിപ്പിച്ചിട്ടുമുണ്ട്. ചിരന്തനമായ ഒരു മൗഖിക പാരമ്പര്യത്തിൽ നിന്ന് തിരഞ്ഞെടുത്ത് സംഹിതാ രൂപത്തിൽ ഋഗ്വേദത്തെ ക്രമപ്പെടുത്തിയപ്പോൾ ഒട്ടുവളരെ ഋക്കുകൾ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടാവാമെന്ന്, എൻ.വി. കൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നു.[13]

വേദനഷ്ടവും, പിന്നീടുള്ള വീണ്ടെടുക്കലും നിമിത്തം വേദമന്ത്രങ്ങൾ വർധിക്കുവാൻ ഇടയായി. എന്നാൽ സിദ്ധാന്ത ഭംഗം ഭയന്ന് അവയിൽ അധികവും അഗ്നിക്കിരയാക്കുകയാണുണ്ടായത്.

''*പ്രാചീന ഋഷിസത്രങ്ങൾ പ്രസിദ്ധമാണ്. അവിടെ വായിച്ചംഗീകരിച്ചവയേ പഠിപ്പിക്കാൻ അനുവദിച്ചിരുന്നുള്ളൂ. അല്ലാത്തവ യജ്ഞശാലയോടൊപ്പം അഗ്നിക്കിരയാക്കുകയായിരുന്നു പതിവെന്ന് ഡോ. സത്യപ്രകാശ് പറയുന്നു.*'' (നരേന്ദ്രഭൂഷൺ, വൈദിക സാഹിത്യ ചരിത്രം, പേ. 90)

ഇന്ന് നമുക്ക് ലഭ്യമായ വേദങ്ങൾ അത്തരം ഋഷിസത്രങ്ങൾ തിട്ടപ്പെടുത്തിയതാണ്. അവിടെ വെച്ച് അഗ്നിക്കിരയാക്കപ്പെട്ടതിൽ വേദങ്ങളുടെ മർമപ്രധാനമായ അധ്യാപനങ്ങളും ഉൾപ്പെട്ടിരിക്കാൻ സാധ്യതയേറെയാണ്.

## വേദ വ്യാഖ്യാനം

വേദ വ്യാഖ്യാതാക്കളായി നിരവധി പേരെ എണ്ണാമെങ്കിലും രണ്ടു പേരാണ് പ്രധാനപ്പെട്ടവർ-യാസ്കനും സായണനും. അവരിൽ ഏറ്റവും പ്രാധാന്യം ക്രിസ്ത്വബ്ദത്തിന് മുമ്പ് ജീവിച്ച യാസ്കമുനിയുടെ 'നിരുക്ത'ത്തിനാണ്. ഭാഷാമാറ്റം കൊണ്ടും വ്യാകരണ വ്യത്യാസം കൊണ്ടും പണ്ഡിതന്മാർക്ക് പോലും വേദാർഥം ദുർഗ്രഹമായിരുന്ന കാലത്താണ് യാസ്കൻ നിരുക്തം രചിച്ചത്. ആ ദുർഗ്രാഹ്യത നികത്തുന്നതിൽ ഒരു പരിധിവരെ യാസ്കാചാര്യരുടെ നിരുക്തത്തിന് വിജയിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും അവ പൂർണമായും കുറ്റമറ്റതാണെന്ന കാര്യത്തിൽ അഭിപ്രായ ഐക്യമില്ല.[14]

വേദഭാഷ്യകാരന്മാരിൽ ഏറെ പ്രസിദ്ധനായ മറ്റൊരാളാണ് സായണാചാര്യർ. വിജയ നഗര സാമ്രാജ്യത്തിന്റെ മന്ത്രിയായിരുന്നു അദ്ദേഹം. യാസ്കമുനിയുടെ ഭാഷ്യത്തെക്കാൾ പ്രചാരം നേടിയതാണ് സായണ ഭാഷ്യം. എന്നാൽ, അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളധികവും വേദത്തിന്റെ ശരിയായ അർഥം വെളിപ്പെടുത്തുന്നില്ലെന്ന് ദയാനന്ദ സരസ്വതി മുതൽ സുകുമാർ അഴീക്കോട് വരെയുള്ളവർ അഭിപ്രായപ്പെട്ടിട്ടുണ്ട്.[15]

പ്രമുഖ സംസ്കൃത പണ്ഡിതനും ഗവേഷകനുമായ ഡോ. എൻ.വി.പി. ഉണിത്തിരി എഴുതുന്നു: ''*(വിജയനഗര സാമ്രാജ്യത്തിന്റെ) മന്ത്രിപദത്തിൽ നിന്നു വിരമിച്ച ശേഷം അദ്ദേഹം (സായണാചാര്യർ) ശങ്കരാചാര്യ മഠങ്ങളിലൊന്നിന്റെ അധിപതിയായി. ഇന്ത്യയിൽ തന്റെ കാലത്ത് നിലനിന്ന ഒരേയൊരു ഹൈന്ദവ സാമ്രാജ്യം ഭരിച്ചുകൊണ്ടിരുന്ന രാഷ്ട്രീയ നേതാവായിരുന്നു സായണൻ എന്നോർക്കുമ്പോൾ ആ വ്യാഖ്യാനങ്ങളിലെ അർഥകല്പനകളുടെ മുഖ്യലക്ഷ്യം എന്തായിരുന്നുവെന്നതിനെപ്പറ്റി നമുക്കൊരു സൂചന കിട്ടും. താൻ പ്രതിനിധാനം ചെയ്യുന്ന ഹൈന്ദവ സവർണ മേധാവി ഭരണവർഗത്തിന്റെ താൽപര്യ സംരക്ഷണത്തിനുതകുന്ന യജ്ഞകർമങ്ങളോട് ജനങ്ങൾക്കിടയിൽ ആരാധനാ മനോഭാവം ഉളവാകത്തക്ക വിധത്തിൽ പ്രസ്തുത കർമാനുഷ്ഠാനങ്ങളുമായി ബന്ധപ്പെടുത്തിയാണ് അദ്ദേഹം എല്ലാ വേദങ്ങൾക്കും ഭാഷ്യം രചിച്ചത്. ഋഗ്വേദത്തെയെന്നപോലെ അഥർവ വേദത്തെയും പലയിടത്തും വളച്ചൊടിക്കാൻ വ്യാഖ്യാതാവ് നിർബന്ധിതനാവും; അതാണ് സംഭവിച്ചതും.*'' (സംസ്കൃത സാഹിത്യ ചരിത്രം, വാള്യം 1, പേ. 155, 156, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1990)



## നരാശംസ

വേദങ്ങളിലെ പ്രധാനപ്പെട്ട ഒരു സംജ്ഞയാണ് നരാശംസ. നരാശംസയെക്കുറിച്ച് പണ്ഡിതന്മാരുടെ വിശകലനം പൂർണമായും ഐകരൂപ്യമുള്ളവയല്ല. മറ്റ് സംജ്ഞകളെക്കാൾ ഇതിന്റെ അർഥ കല്പനയിലും വ്യാഖ്യാനത്തിലും അവർ ചില അവ്യക്തതകൾ സൃഷ്ടിച്ചതായി കാണാം. പ്രമുഖ വേദ പണ്ഡിതനായ വി.കെ. നാരായണ ഭട്ടതിരി എഴുതുന്നു;

''*നരൈഃ പ്രശസ്യഃ ഭവതി ഇതി നരാശംസഃ-എവനാണോ നരന്മാരാൽ സ്തുതിക്കപ്പെടുന്നത് അവൻ നരാശംസനാകുന്നു. പ്രപഞ്ചത്തിന് പ്രവാഹ നിത്യത്വത്തെ ഉണ്ടാക്കുന്ന ഈശ്വരന്റെ സ്വരൂപം ഇന്നവിധമാണെന്ന് പറയുവാൻ സാധിക്കില്ല. എന്നാൽ ഒന്നു മാത്രം പറയാം. നരന്മാരാൽ ഏതെല്ലാം വിധത്തിൽ സ്തുതിക്കപ്പെടുന്നുവോ ആ വിധത്തിലെല്ലാം ആ ഈശ്വരന് സ്വരൂപങ്ങൾ ഉണ്ട് എന്നു മാത്രം പറയാം. നരൻ എന്ന ശബ്ദത്തിന് വേദത്തിൽ മനുഷ്യൻ എന്ന് മാത്രമേ അർഥമാക്കാവൂ എന്നില്ല. മരുത്തുക്കൾ, വേദങ്ങൾ എന്നർഥത്തിൽ 'നര' ശബ്ദത്തെ സായണൻ വളരെ യോജിപ്പോടുകൂടി വ്യാഖ്യാനിച്ചിട്ടുണ്ട്.*'' (വേദസന്ദേശം, പേ: 109. 110, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1993)

വി.കെ. നാരായണ ഭട്ടതിരിയുടെ വിശദീകരണം രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു: ഒന്ന്: നരാശംസ എന്ന ശബ്ദത്തിന്, നരന്മാരാൽ സ്തുതിക്കപ്പെടുന്ന മനുഷ്യൻ എന്ന അർഥം പ്രചാരത്തിലുണ്ട്. രണ്ട്: നരാശംസയ്ക്ക് മരുത്തുക്കൾ, വേദങ്ങൾ എന്നീ അർഥങ്ങളാണ് സായണാചാര്യർ നല്കിയത്.

നരാശംസ എന്ന സംജ്ഞയ്ക്ക് പൗരാണിക മതഗ്രന്ഥങ്ങളിൽ സ്ഥാനമുണ്ട്. വേദങ്ങളിലെ നരാശംസയും സെന്ദവസ്ത(ജന്ദ്)യിലെ നര്യാസൻഹയും ഒന്നുതന്നെയാണെന്ന് ഭാരതീയ വേദപണ്ഡിതന്മാർ തുറന്നു സമ്മതിച്ചിട്ടുണ്ട്.[16]

പ്രമുഖ വേദ പണ്ഡിതനായ ജസ്റ്റിസ് ഗംഗാപ്രസാദ് വേദ ഗവേഷകനായ ഹാഗിനെ ഉദ്ധരിച്ച് എഴുതുന്നു: ''*യാസ്ക നിരുക്തം 8:6-ലെ നരാശംസയും ജന്ദിലെ ഒരു ദൈവദൂതന്റെ പേരായ നര്യോസൻഹയും സമാനമാണ്. ഈ നര്യോസൻഹ അഹുരമസ്ദയുടെ സന്ദേശ വാഹകനായി സെന്ദവസ്തയിൽ (വെന്ദിദാദ്      ) കാണുംപോലെ അഗ്നിയെയും പൂഷനെയും വേദസൂക്തങ്ങളിലും കാണാം. ഈ വാക്കിന്, മനുഷ്യരാൽ സ്തുതിക്കപ്പെടുന്നവൻ എന്നേ അർഥമുള്ളൂ. പ്രശസ്തൻ എന്ന് താൽപര്യം.*'' (ഉദ്ധരണം: മതങ്ങളുടെ ഉദ്ഭവകഥ, പേ. 104)

മുൻ ഉദ്ധരണികളിൽ നിന്ന് നരാശംസയും നര്യാസൻഹയും ഒരാളാണെന്നും ദൈവത്തിന്റെ സന്ദേശ വാഹകനാണെന്നും ഒരു വിഭാഗം ഭാരതീയ വേദപണ്ഡിതന്മാർ അംഗീ

കരിക്കുന്നതായി വ്യക്തമാവുന്നു. 'മനുഷ്യരാൽ സ്തുതിക്കപ്പെടുന്നവൻ' എന്ന് അർഥമുള്ള നാമമാണ് നരാശംസ. ഇത് ഒരു ദൈവദൂതന്റെ പേരാണ്. ഈ വസ്തുതകൾ മറച്ചുവെക്കാൻ സായണാചാര്യർ നരാശംസയ്ക്ക് നല്കിയ പുതിയ വ്യാഖ്യാനമാണ് മരുത്തുക്കൾ, വേദങ്ങൾ എന്നിവ. അതുവരെ 'മനുഷ്യരാൽ സ്തുതിക്കപ്പെടുന്നവൻ' എന്നായിരുന്നു. മനുഷ്യരാൽ സ്തുതിക്കപ്പെടുന്നത് മരുത്തുക്കൾ എന്ന ദേവതകളോ വേദങ്ങളോ ആണെന്ന് വരുത്തിയപ്പോൾ സായണാചാര്യരെ പോലുള്ളവർക്ക് എല്ലാം എളുപ്പമായി. നരന്മാരാൽ സ്തുതിക്കപ്പെടുന്ന ദൈവദൂതനാണ് നരാശംസ എന്ന് വ്യക്തമായാൽ വേദപണ്ഡിതർക്ക് അതൊരു സങ്കീർണ പ്രശ്നമാവും.

നരന്മാരാൽ സ്തുതിക്കപ്പെടുന്നവൻ- നരാശംസ- എന്ന് അർഥമുള്ള പേരോടു കൂടിയ ദൈവദൂതൻ ആരാണ്? അദ്ദേഹത്തിന്റെ പ്രത്യേകതയെന്ത്? വേദപണ്ഡിതന്മാർക്ക് മനുഷ്യരാൽ സ്തുതിക്കപ്പെടുന്ന ദൈവത്തിന്റെ സന്ദേശവാഹകനെക്കുറിച്ച് പറയുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്?

ഹിന്ദുമത ചരിത്രത്തിൽ അത്തരം ഒരു ദൈവദൂതനെക്കുറിച്ച് പരാമർശമില്ലേ? ഇത്തരം സംശയങ്ങൾക്കുള്ള മറുപടിക്കായി വേദങ്ങളിൽ നരാശംസയെക്കുറിച്ച് വന്ന പരാമർശങ്ങൾ ഉദ്ധരിക്കാം:

1. *''നരാശംസസ്സുഷുദതീമംയജ്ഞമദാഭ്യഃ*
*കവിഹി മധുഹസത്യഃ.''* (ഋഗ്വേദം 5-5-2)

*(മനുഷ്യരാൽ സ്തുത്യനായ നരാശംസനെന്നു പേരായ അഗ്നി ഈ യജ്ഞത്തെ നന്നായി പ്രേരിപ്പിക്കുന്നു. [കൊണ്ടുനടത്തുന്നു.] അവിടന്ന് ആരാലും ഹിംസിക്കപ്പെടാൻ പറ്റാത്തവനും മേധാവിയും മധുരമായ സോമം കൈയിലേന്തിയവനുമാണല്ലോ.)*

2. *''ശുചിഃ പാവകോ അദ്ഭുതോ മധ്വായജ്ഞമ്മിമിക്ഷതി*
*നരാശംസ സ്ത്രിരാദിവോ ദേവോ ദേവേഷ്ഠയജ്ഞിയഃ.''* (ഋഗ്വേദം 1-142-3)

*(ദേവന്മാരുടെ ഇടയിൽ തിളങ്ങുന്നവനും അശുദ്ധമായതിനെ ശുദ്ധമാക്കുന്നവനും മുമ്പുണ്ടാവാത്ത മട്ടിൽ എന്നും പുത്തനായി, ആശ്ചര്യഭൂതനായി ഉളവാകുന്നവനുമായ നരാശംസനെന്ന അഗ്നി [നരന്മാരായ ഋത്വിക്കുകളാൽ സ്തുതിക്കപ്പെടുന്നവൻ] ദ്യുലോകത്തിൽ നിന്നാഗമിച്ച്, മധുര രസത്തോട് കൂടിയ യജ്ഞത്തെ മൂന്നു പ്രാവശ്യം [തന്റെ നാളങ്ങളാകുന്ന നാവുകൾ കൊണ്ട്] നക്കുന്നു, ആസ്വദിക്കുന്നു. [നരാശംസൻ യജ്ഞാഭിമാനി ദേവൻ]).*

ഋഗ്വേദത്തിൽ നരാശംസയെക്കുറിച്ച് സൂചിപ്പിച്ച രണ്ട് സൂക്തങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഇവയിൽ നരാശംസയുടെ പ്രത്യേകതയായി പറഞ്ഞവ എടുത്തെഴുതാം.

ഒന്ന്: മനുഷ്യരാൽ സ്തുതിക്കപ്പെടുന്നവൻ. എക്കാലത്തുമുള്ള ജനതയുടെ പ്രശംസയ്ക്ക് അർഹനായവൻ.

രണ്ട്: ആരാലും ഹിംസിക്കപ്പെടാത്ത നേതാവ്. നേതാവായിരുന്നിട്ടും കടുത്ത ശത്രുക്കളുണ്ടാവുകയും, അവർ വധിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടും കൊല്ലപ്പെടാത്ത മഹാൻ.

മൂന്ന്: അശുദ്ധമായതിനെ ശുദ്ധമാക്കുന്നവൻ. ദുർമാർഗത്തിലും അനാചാരത്തിലും മുഴുകിയ ജനതയെ സത്പഥത്തിലേക്ക് ക്ഷണിച്ച് അവരെ ശുദ്ധീകരിക്കുന്ന നരാശംസ.

നാല്: എന്നും പുതുമയോടെ നിലനില്ക്കുന്നവൻ. ലോകാവസാനം വരെയുള്ള



സന്ദേശ വാഹകനായി അംഗീകാരം നേടിയ നരാശംസ.

ഋഗ്വേദ സൂക്തങ്ങളിൽ വന്ന, നരന്മാരാൽ സ്തുതിക്കപ്പെടുന്ന നരാശംസയുടെ പ്രത്യേകതയാണ് മുകളിൽ വിവരിച്ചത്. എന്നാൽ, വേദത്തിൽ പറഞ്ഞ ഈ സവിശേഷതകൾ സായണാചാര്യർ വ്യാഖ്യാനിച്ച നരാശംസയ്ക്കില്ല. അതിനാൽ, നരാശംസ എന്നതിന്റെ ഉദ്ദേശ്യം വേദങ്ങളോ മരുത്തുക്കളോ അല്ല.

നരാശംസയുടെ ശരിയായ താൽപര്യം വ്യക്തമാവുന്നതോടെ വേദവിജ്ഞാനത്തിൽ അന്വേഷണത്തിന്റെ പുതിയ മേഖലകൾ തുറക്കപ്പെടും. ഇത് ഹിന്ദുമതത്തിന്റെ ഗതി മാറ്റുവാനും ആര്യാവർത്തത്തിന്റെ ആത്മീയ ശാഖയെ ശരിയായ ദിശയിൽ എത്തിക്കുവാനും കാരണമാവും. ഈ ഗതിമാറ്റത്തെ തടഞ്ഞുനിർത്തുവാനാണ്, സായണാചാര്യർ നരാശംസയ്ക്ക് പുതിയ വ്യാഖ്യാനം നല്കിയത്. വേദങ്ങളിലെ സാങ്കേതിക ശബ്ദങ്ങളെ ദുർവ്യാഖ്യാനിച്ചും അതത് കാലത്തെ ജനങ്ങളെ ആകർഷിക്കുന്ന പുതിയ സിദ്ധാന്തങ്ങൾ- അവതാരവാദം, വിഗ്രഹാരാധന, പുനർജൻമം, അദ്വൈതം- രൂപീകരിച്ചും വേദങ്ങളിലെ ഈശ്വരസന്ദേശം മറച്ചു വെക്കുന്നതിൽ ഓരോ കാലത്തേയും പണ്ഡിതന്മാർ പൂർണമായും വിജയിച്ചതു കൊണ്ടാണ് പ്രാചീന വേദമതത്തിന് ഇന്നത്തെ ഹിന്ദുമതമാവാൻ കഴിഞ്ഞത്.

## കുറിപ്പുകൾ


1. വേദ ബന്ധു, അർഥ വിജ്ഞാനം, പേ. 76, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 1988.
2. ഋഗ്വേദ സംഹിത, വാല്യം 1, പേ. 10, വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി, 1955.
3. ഋഗ്വേദ സംഹിത, വാല്യം 1, പേ. 12.
4. കെ.സി. പിള്ള, സംസ്കൃത സാഹിത്യ ചരിത്രം, പേ. 18, ഡി.സി. ബുക്സ്, കോട്ടയം 1996.
5. പ്രൊഫ. കെ.എ. ജലീൽ, ലിപികളും മാനവ സംസ്കാരവും, പേ. 224, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.
6. ഋഗ്വേദ പ്രവേശിക, പേ. 69.
7. നരേന്ദ്രഭൂഷൺ, വൈദിക സാഹിത്യ ചരിത്രം, പേ. 19, കേരള സാഹിത്യ അക്കാദമി തൃശൂർ, 1990.
8. ഋഗ്വേദ പ്രവേശിക, പേ. 71.
9. ഡോ. സുകുമാർ അഴീക്കോട്, തത്ത്വമസി, പേ. 91, ക്ലാസിക് ബുക്ട്രസ്റ്റ്, കോഴിക്കോട്, 1984.
10. ദയാനന്ദ സരസ്വതി, വിവ. നരേന്ദ്രഭൂഷൺ, വേദ പര്യടനം, പേ. 112, വൈദിക സാഹിത്യ പരിഷത്ത്, ചെങ്ങന്നൂർ- 1973
11. വൈദിക സാഹിത്യ ചരിത്രം, പേ. 54.
12. എം.കെ. മാധവൻ നായർ, സാമവേദം, ആമുഖത്തിൽ നിന്ന്, പേ. , വിദ്യാർഥി മിത്രം ബുക്സ്, കോട്ടയം, 1975.
13. ഋഗ്വേദം ഭാഷാഭാഷ്യം, വാല്യം 2, പേ. 9. അവതാരികയിൽ നിന്ന്.
14. ഡോ. എൽ.എ. രവിവർമ. വേദാർഥ വിചാരം, അവതാരികയിൽ നിന്ന്, പേ. ,
15. വേദപര്യടനം, പേ. 99, തത്ത്വമസി പേ. 95, 96
16. ജസ്റ്റിസ് ഗംഗാ പ്രസാദ്. വിവ. നരേന്ദ്രഭൂഷൺ, മതങ്ങളുടെ ഉദ്ഭവ കഥ, പേ. 103, നിത്യഭാരതി ബുക്സ്, ചെങ്ങന്നൂർ, 1989.

9

# ഹിന്ദുമതത്തിന്റെ ആവിർഭാവം

**ഹി**ന്ദുമതത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളാണ് വേദങ്ങൾ. ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവ ഈശ്വര വചനങ്ങളായ വേദങ്ങൾക്ക് വിവിധ കാലങ്ങളിൽ പണ്ഡിതന്മാർ നല്കിയ വ്യത്യസ്ത രീതിയിലുള്ള വിശദീകരണങ്ങളാണ്. അവയ്ക്ക് വേദങ്ങളുടെ സ്ഥാനമില്ല. കാരണം, വേദങ്ങൾ ഈശ്വരപ്രോക്തമാണ്.

ഉപനിഷദ് വചനങ്ങൾ ഭാരതീയ ദാർശനികരുടെ വാക്യങ്ങളാണ്. അവരുടെ ചിന്തയും ഭാവനയുമാണ്. പ്രമുഖ പണ്ഡിതനും മുൻ രാഷ്ട്രപതിയുമായ ഡോ. രാധാകൃഷ്ണൻ എഴുതുന്നു: *''ഉപനിഷത്തുകൾ വിചാരം ചെയ്തു സ്ഥാപിച്ച മഹാൻമാരായ ചിന്തകൻമാരെപ്പറ്റി നിർഭാഗ്യവശാൽ നമുക്കൊരു വിവരവുമില്ല. അവർ ആത്മപ്രശസ്തിയിൽ അശ്രദ്ധരായിരുന്നു. സത്യത്തെ പ്രചരിപ്പിക്കുന്നതിലായിരുന്നു അവരുടെ ഔത്സുക്യം. സ്വന്തമായ അഭിപ്രായങ്ങൾ കൂടി അവർ അവതരിപ്പിച്ചത് തങ്ങൾക്കാരാധ്യരായ ദേവന്മാരുടെയും വേദകാലത്തെ നേതാക്കൻമാരുടെയും പേരിലാണ്.''* (ഭാരതീയ ദർശനം, വാല്യം 1, പേ. 120, വിവ. ടി. നാരായണൻ നമ്പീശൻ, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1975)

കേരളത്തിലെ സമകാലിക വേദാന്തികളിൽ അദ്വിതീയനായ മൃഡാനന്ദ സ്വാമി വിലയിരുത്തുന്നു: *''ഉപനിഷത്തുകളിലെ തത്ത്വചിന്ത ആധ്യാത്മിക മണ്ഡലത്തിൽ മനുഷ്യന് കണ്ടുപിടിക്കാൻ സാധിച്ചിട്ടുള്ളവയിൽ വെച്ച് ഏറ്റവും മഹത്തരമായിട്ടുള്ളതാണ്. അതുകൊണ്ടാണ് അതിന് വേദാന്തം എന്ന് പേരുവന്നത്. വേദങ്ങളുടെ അവസാന ഭാഗമെന്നതു പോലെ വേദത്തിന്റെ അറിവിന്റെ അന്തം- അറ്റം- എന്നു കൂടി അതിന്നർഥമുണ്ട്. ബുദ്ധിയാകുന്ന ചിറകിന്റെ സഹായത്തോടു കൂടി മേലോട്ടു മേലോട്ടു പറന്നാൽ എത്തിച്ചേരാവുന്ന പരമോന്നത പഥത്തിലാണ് ഉപനിഷത്തുകളിലെ തത്ത്വചിന്ത വിഹരിക്കുന്നത്.''* (സംസ്കൃത സാഹിത്യ ചരിത്രം, വാല്യം 1, പേ. 202, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1990)

ഉപനിഷത്തുകൾ വേദത്തിന്റെ വ്യാഖ്യാനമായോ പൂരകമായോ മനുഷ്യരാൽ വിര



ചിതമായ അനുബന്ധങ്ങളാണ്. അവയുടെ രചയിതാക്കൾ ആര് എന്ന കാര്യം അജ്ഞാതമാകുന്നു. ഉപനിഷത്തിന് രൂപം നല്കിയ ചിന്തകൻമാർ ''തങ്ങളുടെ സിദ്ധാന്തങ്ങൾ ദേവന്മാരുടെ പേരിലായിരുന്നു അവതരിപ്പിച്ചത്'' എന്ന രാധാകൃഷ്ണന്റെ പ്രസ്താവനയും ''ആധ്യാത്മിക മണ്ഡലത്തിൽ മനുഷ്യന് കണ്ടുപിടിക്കാൻ സാധിച്ചിട്ടുള്ളവയിൽ വെച്ച് ഏറ്റവും മഹത്തരമാണെ''ന്ന മൃഡാനന്ദസ്വാമിയുടെ പ്രസ്താവനയും ഉപനിഷത്തിലെ ദർശനം മനുഷ്യചിന്തയാണെന്നതിന്റെ തെളിവാണ്. യഥാർഥത്തിൽ ഹൈന്ദവ ധർമം ദൈവികമാണെന്ന് വിലയിരുത്തുവാനുള്ള ഏക സ്രോതസ്സ് വേദങ്ങളാണ്. ഹൈന്ദവ സാഹിത്യത്തിൽ ശ്രുതിയുടെ ഗണത്തിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന വേദങ്ങൾ ഇന്നവിടെ ഇല്ലാത്തവിധം പുറം തള്ളപ്പെട്ടിരിക്കുന്നു. പകരം സമർപ്പിക്കുന്നത്, വേദങ്ങളിലെ ദിവ്യവെളിപാടുകളെ ചോദ്യം ചെയ്യുകയും വേദദർശനത്തിൽ അപര്യാപ്തത കണ്ടെത്തി പുതിയവ ആവിഷ്കരിക്കുകയും ചെയ്ത ഉപനിഷത്തുകളെയാണ്.[1]

വേദങ്ങൾക്ക് പകരം ഉപനിഷത്തുകളെ പ്രതിഷ്ഠിച്ചത് ഒരു നിർണിത കാലത്തല്ല; നൂറ്റാണ്ടുകളിലൂടെയുള്ള ആസൂത്രിതമായ പ്രവർത്തനത്തിലൂടെയാണ്. വേദങ്ങളോട് ഉപനിഷത്തുകൾ പുലർത്തിയ നിഷേധാത്മക സമീപനത്തെക്കുറിച്ച് ഡോ. രാധാകൃഷ്ണൻ തന്നെ പറയട്ടെ: ''ഉപനിഷത്തുകളിലെ വീക്ഷണം വേദങ്ങളുടെ പരിശുദ്ധ സ്വഭാവത്തിന് അനുയോജ്യമായിരുന്നില്ല. പിന്നീട് വന്ന ഹേതുവാദികളായ ചിന്തകൻമാരെപ്പോലെ, ഉപനിഷത്തുകൾ വേദ പ്രാമാണ്യത്തെ സമീപിച്ചിരുന്നത് ഇരട്ട വീക്ഷണത്തോടെയാണ്.'' (ഭാരതീയ ദർശനം, വാല്യം 1, പേ. 125)

വേദങ്ങളെക്കാൾ ഉപനിഷത്തുകൾക്ക് പ്രാമുഖ്യം കല്പിച്ച പ്രമുഖരിൽ ശങ്കരാചാര്യരും ഉൾപ്പെടും: *''ശ്രുതി(വേദം)യുടെ നൂറ് പ്രസ്താവനകൾകൊണ്ടും അഗ്നി ശീതളമാവുകയില്ല''* എന്ന ശങ്കരാചാര്യരുടെ പ്രസ്താവന[2] വേദത്തെ ഹൈന്ദവ ദാർശനിക രംഗത്തു നിന്ന് പിൻവലിപ്പിക്കുവാൻ ആസൂത്രിതമായി നടത്തിയ നീക്കത്തിന്റെ ഭാഗമായി കരുതണം. അദ്വൈത സിദ്ധാന്തത്തിന്റെ പ്രചാരണത്തോടെയാണ് വേദങ്ങൾക്ക് തിരിച്ചടി നേരിട്ടത് എന്ന ചരിത്ര വസ്തുതയും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്.

വേദദർശനങ്ങൾക്കെതിരെ വളർന്നുവന്ന ഉപനിഷത്തുകളിലെ നവീന സിദ്ധാന്തങ്ങൾ ദാർശനിക മണ്ഡലത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. അവ ഭാരതീയരുടെ വിശ്വാസാചാരങ്ങളിൽ സ്വാധീനം ചെലുത്തി. ദൈവ വിശ്വാസം, മരണാനന്തരജീവിത ദർശനം, മതചടങ്ങുകൾ എന്നിവയെ തീർത്തും വിപരീതമായ ഒരു കോണിലാണ് എത്തിച്ചത്. വേദങ്ങൾക്ക് പകരം ഉപനിഷത്തുകൾ ആധിപത്യം ചെലുത്തിയ ഈ കാലത്താണ് ഹിന്ദുമതത്തിൽ വഴിത്തിരിവുണ്ടായത്. വേദങ്ങൾ രൂപപ്പെടുത്തിയ സംസ്കാരത്തെ തെറ്റിദ്ധരിപ്പിക്കുകയും സമൂഹത്തെ ആകർഷിക്കുന്ന ലൗകിക സംസ്കാരത്തിന് അവർ അടിത്തറ പാകുകയും ചെയ്തു. അതോടെ വേദദർശനത്തിന്റെ തിരോധാനമാണ് ഫലത്തിൽ സംഭവിച്ചത്.

പിന്നീട് ഭാരതീയരുടെ ആത്മീയ ജീവിതത്തിൽ വമ്പിച്ച അധഃപതനമുണ്ടായി. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായിരുന്ന ദൈവവിശ്വാസം ബഹുദൈവാരാധന, വിഗ്രഹാരാധന, അവതാരവാദം, അദ്വൈത സിദ്ധാന്തം എന്നിങ്ങനെ നാലായി പിരിഞ്ഞു. മരണാനന്തര ജീവിതം ഈ ഭൂമിയിൽ തന്നെയുള്ള കർമസിദ്ധാന്തപരമായ പുനർജന്മമായി. അതുവരെ നിലവിലുണ്ടായിരുന്ന പരലോക വിശ്വാസവും നരക- സ്വർഗങ്ങളും

മിഥ്യയും മായാലോകങ്ങളുമായി. വേദത്തിന്റെ പിൻഗാമികൾ ഈശ്വരവിശ്വാസികളാണോ എന്നു പോലും തെറ്റിദ്ധരിക്കുന്നിടത്തോളം ഹിന്ദുമതവും ദർശനവും സങ്കീർണമായി. പ്രമുഖ പണ്ഡിതനായ വി.കെ. നാരായണ ഭട്ടതിരി എഴുതുന്നു: *''ഭാരതീയരുടെ അധഃപതന കാരണങ്ങളിൽ ഒന്ന് അവരുടെ വേദോപേക്ഷയാണ്. ഈ വേദോപേക്ഷ ബുദ്ധമതത്തിന് മുമ്പുതന്നെ ആരംഭിച്ചിരുന്നു. ഇങ്ങനെ ആരംഭിച്ച വേദോപേക്ഷയുടെ വർധനയ്ക്ക് വളം കൊടുത്തത് വേദാന്തികളുമാണ്.''* (വേദാർഥ വിചാരം, പേ. 31, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1984)

ഭാരതീയ മനസ്സിൽ നിന്നും വേദത്തെ കുടിയിറക്കിയത് ഉപനിഷത് കർത്താക്കളാണ്. ദൈവിക ദർശനത്തിന്റെ ചട്ടക്കൂട്ടിൽ നിന്നും സ്വതന്ത്രമാവാൻ വേണ്ടി ഉപനിഷത് ചിന്തകൻമാർ തങ്ങൾ കൈകാര്യം ചെയ്തിരുന്ന ഭൂതകാലത്തിന്റെ രൂപം മാറ്റി പുതിയ പരിവർത്തനങ്ങൾ വരുത്തി.[3] പുരോഹിതന്മാരുടെ ആശീർവാദത്തോടെ നടത്തിയ ഇത്തരം പരിഷ്കരണങ്ങൾ ഹൈന്ദവ ദർശനത്തിന്റെ അടിസ്ഥാനം വേദങ്ങളെക്കാൾ വേദേതര ഗ്രന്ഥങ്ങളാണെന്ന സങ്കല്പം ദൃഢമാക്കി. തന്മൂലം വലിയൊരു വിഭാഗം വേദങ്ങളുടെ സ്ഥാനം ഉപനിഷത്തുകൾക്കാണ് നല്കിയത്. ആധുനിക ഹിന്ദുമത പണ്ഡിതന്മാരിൽ പ്രമുഖനായ സ്വാമി രംഗനാഥാനന്ദ എഴുതുന്നു: *''ജാതി- മത- ദേശ നിരപേക്ഷമായി മനുഷ്യനെ ഈ പരമ സത്യം കണ്ടെത്താനുള്ള പ്രയത്നത്തിൽ സദാ തുണയായിനിന്ന പവിത്രഗ്രന്ഥങ്ങൾ ഉപനിഷത്തുകൾ മാത്രമാണ്. അതുകൊണ്ട് ഭാരതീയ പാരമ്പര്യത്തിൽ അവ മാത്രമാണ് ശ്രുതിയെന്ന് വിളിക്കുന്നത്.''* (ഉപനിഷത്തുകളുടെ സന്ദേശം, പേ. 11)

ഇത് ഹിന്ദുമത പണ്ഡിതന്മാരുടെയും വിശ്വാസികളുടെയും മനസ്സിൽനിന്ന് വേദം തീർത്തും അപ്രത്യക്ഷമായതിനുള്ള ഉദാഹരണമാണ്. വേദദർശനത്തിന് പ്രാധാന്യമുണ്ടായിരുന്ന കാലം വരെയുള്ള ഹിന്ദുമതത്തെ വൈദിക മതം, വേദമതം, പ്രാചീന ആര്യ മതം എന്നെല്ലാമാണ് ഹിന്ദുമത പണ്ഡിതന്മാരും ചരിത്രകാരന്മാരും വിളിക്കുന്നത്. ഇതിനു ശേഷമാണ് ഇന്നു നാം അറിയുന്ന വിധത്തിലുള്ള ഹിന്ദുമതം രൂപംകൊണ്ടത്.

'വൈദിക മത'ത്തിൽ നിന്നും 'ഹിന്ദുമത'ത്തിലേക്കുള്ള പരിവർത്തനം വേദദർശനങ്ങളിൽ നിന്നുള്ള ആദർശ മാറ്റം മാത്രമായിരുന്നില്ല; ഇന്ത്യയിലെ ആര്യേതരരുടെ ആചാരങ്ങളും ആഘോഷങ്ങളും ഹിന്ദുമതത്തിൽ ലയിപ്പിക്കുന്നത് കൂടിയായിരുന്നു. അവരുടെ ഗോത്ര സംസ്കാരപരമായ നാട്ടാചാരങ്ങൾ, ബലികർമം, ആഘോഷം എന്നിവ ഹിന്ദുമതാനുയായികൾ പിന്തുടർന്നു. വൃക്ഷങ്ങൾ, മൃഗങ്ങൾ, സർപ്പങ്ങൾ, സാങ്കല്പികങ്ങളായ ഭൂതങ്ങൾ, പ്രേതങ്ങൾ എന്നിവ ഹൈന്ദവരുടെ ആരാധ്യന്മാരായി. അവയുടെ പ്രീതിക്കായി നടത്തിയിരുന്ന ആടിനെയും കോഴിയെയും കുരുതി കൊടുക്കൽ, വെളിച്ചപ്പെടൽ, മന്ത്രവാദങ്ങൾ എന്നിവ ഹിന്ദുമതത്തിലെ പ്രധാന ആഘോഷങ്ങളായി.[4] അതോടെ വൈദിക മതവും പുതുതായി രൂപംകൊണ്ട ഹിന്ദുമതവും തമ്മിൽ മൗലികമായ വ്യതിയാനങ്ങളുണ്ടായി. ആരംഭത്തിൽ രണ്ടായി അറിയപ്പെട്ടിരുന്നുവെങ്കിലും നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ രണ്ടും ഹിന്ദുമതമായി അറിയപ്പെട്ടു.

വൈദികമതം ഹിന്ദുമതമായി മാറിയതിനെക്കുറിച്ച് ഡോ. രാധാകൃഷ്ണൻ എഴുതുന്നു:



*''പ്രാചീന വൈദിക ധർമം പുതിയ ഹിന്ദുമതത്തിലേക്ക് ക്രമത്തിൽ പരിവർത്തനം ചെയ്തുവരുന്ന പ്രക്രിയ നമുക്ക് ഇതിഹാസ പുരാണങ്ങളിൽ കാണാൻ കഴിയും. ശാക്തം, പാശുപതം അല്ലെങ്കിൽ ശൈവം, പാഞ്ചരാത്രം എന്നീ പദ്ധതികൾ ആഗമ വർഗത്തിൽപ്പെട്ടവയും അതുകൊണ്ടുതന്നെ അവൈദികങ്ങളുമാണ്. അവയെല്ലാം ഹിന്ദുമതത്തിലേക്ക് വന്നുചേരുന്നു. ക്ഷേത്രങ്ങളിൽ വിഗ്രഹാരാധനയും വിശുദ്ധ സ്ഥലങ്ങളിലേക്ക് തീർഥയാത്രകളും ക്രമേണ നടപ്പിൽ വന്നതായി നാം കാണുന്നു''* (ഭാരതീയ ദർശനം വാള്യം 1, പേ. 447). ഹിന്ദുമതത്തിൽ ഇന്ന് നിലവിലുള്ള മിക്ക ആചാരങ്ങളും ആഘോഷങ്ങളും വിവിധ കാലത്ത് ദത്തെടുത്തവയാണ്. വേദകല്പനയല്ലാത്ത ഇത്തരം ആചാരങ്ങളെ ഹിന്ദുമതത്തിന്റെ ഭാഗമാക്കാനാണ് അവയ്ക്ക് യോജിച്ച കഥകളും തത്ത്വങ്ങളും പുരോഹിതന്മാർ നിർമിച്ചത്. ഇങ്ങനെ വിവിധ കാലങ്ങളിൽ ഹിന്ദുമതത്തിൽ കൂട്ടിച്ചേർത്തവയാണ് അദ്വൈത ചിന്ത മുതൽ സതി വരെയുള്ള ആചാരങ്ങൾ.

പ്രാചീന കാലത്തെ ഹിന്ദുമതാനുയായികൾ ഏകദൈവ വിശ്വാസികളായിരുന്നു. അവർക്ക് ക്ഷേത്രങ്ങൾ ഉണ്ടായിരുന്നില്ല; യജ്ഞശാലകളായിരുന്നു അവർ നിർമിച്ചത്.[5] ബുദ്ധ-ജൈന മതങ്ങളെ ഹിന്ദുമതത്തിലേക്ക് ആകർഷിക്കുവാനാണ് അവരുടെ മതാചാരങ്ങൾ ഹിന്ദു മതത്തിൽ നടപ്പിലാക്കിയത്. ആചാര്യ നരേന്ദ്രഭൂഷൺ ഈ വസ്തുത തുറന്ന് അംഗീകരിക്കുന്നു: ''ഹിന്ദു മതം ബുദ്ധനെ സ്വാംശീകരിക്കുവാൻ കഴിയുന്നത്ര പരിശ്രമിച്ചിട്ടുണ്ട്. ഹിന്ദുക്കളുടെ അവതാരങ്ങളിൽ ബുദ്ധന് സ്ഥാനമുണ്ട്. ജയദേവ കവി ഗീതാഗോവിന്ദത്തിൽ ശ്രീകൃഷ്ണനെ ബുദ്ധശരീരനായി സ്തുതിച്ചത് ഇതിന്റെ ഭാഗമാണ്. ബുദ്ധമതത്തിന്റെ നാശമല്ല; ലയനമാണ് ഭാരതത്തിൽ സംഭവിച്ചത്. ബുദ്ധമതം ഹിന്ദുമതത്തിൽ അലിഞ്ഞുചേർന്നത് പതിനൊന്നാം നൂറ്റാണ്ടിന് ശേഷം മൂന്നു നാലു ശതകങ്ങൾ കൊണ്ടാണ്.[6]

ബുദ്ധമതവും ജൈനമതവും ഹിന്ദുമതത്തിൽ അലിഞ്ഞുചേർന്നത് രക്തരൂഷിത വിപ്ലവത്തിലൂടെയായിരുന്നു. ഹിന്ദുക്കളുടെ 24 അവതാരങ്ങളിൽ ബുദ്ധന്ന് സ്ഥാനം കിട്ടിയത്, ഇന്ത്യയിൽനിന്ന് ബുദ്ധമതം പിഴുതെറിഞ്ഞതിന് പകരമാണ്. ബുദ്ധ- ജൈന മതങ്ങൾക്കെതിരെ ഹൈന്ദവ പൗരോഹിത്യം മുഴക്കിയ മുദ്രാവാക്യങ്ങളാണ് കൊടുങ്ങല്ലൂർ ഭരണിക്കും ചേർത്തല പൂരത്തിനും ഉയർന്നു കേൾക്കുന്ന തെറിപ്പാട്ടുകൾ. മഞ്ഞപ്പൊടി വിതറിയും മൃഗബലി നടത്തിയും പടയണി തുള്ളിയും അവർ ബുദ്ധമതത്തിന്റെ സ്വാധീനശക്തിയുടെ വേരറുത്തു. ബൗദ്ധ ക്ഷേത്രങ്ങളെല്ലാം ഹിന്ദുക്ഷേത്രങ്ങളാക്കി. തൃശൂരിലെ വടക്കുംനാഥ ക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം തുടങ്ങി കേരളത്തിലെ പഴയ ക്ഷേത്രങ്ങൾ മിക്കതും അക്കൂട്ടത്തിൽ പെടുന്നു.[7] ''*കേരളത്തിന്റെ കടലോര പ്രദേശത്ത് കണക്കറ്റ ബുദ്ധവിഹാരങ്ങൾ ഉണ്ടായിരുന്നു. അവ നശിപ്പിക്കുന്നതിലേക്കായി ബ്രാഹ്മണ വൈദികർ ഒരു വിഭാഗം ആളുകളെ പരിവർത്തനം ചെയ്തു ഒരുക്കിയെടുത്തു. ഏകവും ഘോരവുമായ അരനൂറ്റാണ്ടു കാലം ഇവരുടെ ആക്രമണം നീണ്ടുനിന്നു. അവരുടെ നേതാവ് വില്ല്വമംഗലത്ത് സ്വാമിയായിരുന്നു. സ്വാമിയാരുടെ നേതൃത്വത്തിൽ ജൈത്രയാത്ര കൊടുങ്ങല്ലൂരിൽ നിന്ന് ആരംഭിച്ചു. കണ്ണിൽ കണ്ട വിഹാരങ്ങളെല്ലാം ചുട്ടുചാമ്പലാക്കി. എന്തെല്ലാം ആക്രമണ മാർഗങ്ങളാണ് അവർ അവലംബിച്ചത്. പടയണി തുള്ളിയും തീവെച്ച് നശിപ്പിച്ചും മദ്യാഭിഷേകവും ജന്തു ഹിംസയും നടത്തിയും ബൗദ്ധവിഹാരങ്ങളെ ഹിന്ദു ക്ഷേത്രങ്ങളായി രൂപാ*

*ന്തരപ്പെടുത്തിയിട്ടുള്ള വസ്തുത വി. നാഗമയ്യ എഴുതിയ തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ പ്രസ്താവിച്ചിട്ടുണ്ട്.''* (എൻ.ആർ. കൃഷ്ണൻ, ഈഴവർ അന്നും ഇന്നും, പേ. 41, 42, കറന്റ് ബുക്സ്, തൃശൂർ, 1967)

കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലൊട്ടാകെ ബുദ്ധ-ജൈന മതങ്ങൾ പീഡിപ്പിക്കപ്പെട്ടു. അവസാനം ചൈന, തായ്‌ലന്റ്, ബർമ, ശ്രീലങ്ക, ജപ്പാൻ തുടങ്ങിയ രാഷ്ട്രങ്ങളിൽ അഭയം തേടുകയായിരുന്നു. സംബന്ധ മൂർത്തിയെന്ന ബ്രാഹ്മണ പുരോഹിതന്റെ നേതൃത്വത്തിൽ അരങ്ങേറിയ കൂട്ടക്കൊലയുടെ ചരിത്രം മാത്രം മതി ഇന്ത്യയിൽ അവശേഷിച്ച ബുദ്ധമതാനുയായികൾ ഹിന്ദുമതത്തിൽ എങ്ങനെയാണ് അലിഞ്ഞുചേർന്നതെന്നറിയാൻ. സംബന്ധമൂർത്തിയുടെ നിർദേശപ്രകാരം എണ്ണായിരം ബുദ്ധഭിക്ഷുക്കളെയാണ് മധുരയിലെ വൈഗാ നദീതീരത്തു വെച്ച് കുത്തിനിർത്തിയ ശൂലങ്ങളിൽ ജീവനോടെ കയറ്റി കൊന്നത്. ഈ കൂട്ടക്കൊലയുടെ സ്മാരകമായി 'കഴുവേറ്റിത്തിരുവിക' എന്നപേരിൽ മധുരയിലെ ബ്രാഹ്മണർ ഇന്നും ഒരാഘോഷം നടത്തുന്നു.[8]

ജൈനമതാനുയായികൾക്കെതിരെയുണ്ടായ ക്രൂരതകളും ചെറുതല്ല. തമിഴകത്തെ ശൈവ-ബ്രാഹ്മണ മേധാവിത്വത്തിന്റെ അപ്പോസ്തലനായിരുന്ന സംബന്ധരുമായി കൂൻപാണ്ഡ്യന്റെ ഭരണകാലത്ത് നടന്ന വാദപ്രതിവാദത്തിൽ ജൈനന്മാർ പരാജയപ്പെട്ടു. എന്നാൽ, പരാജയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ജൈന മതം ഉപേക്ഷിക്കാനോ ഹിന്ദുമതം സ്വീകരിക്കാനോ അവർ തയ്യാറായില്ല. ഇതിൽ ക്രുദ്ധനായ കൂൻപാണ്ഡ്യൻ ആയിരക്കണക്കിന് ജൈനന്മാരെ കഴുവിലേറ്റി. മധുര മീനാക്ഷിക്ഷേത്രത്തിലെ ചുമർചിത്രങ്ങളിൽ ക്രൂരമായ ഈ നരബലിയുടെ സ്മരണകളുണർത്തുന്ന നിരവധി ചുമർചിത്രങ്ങളുണ്ട്.[9]

ബുദ്ധ- ജൈന മതങ്ങളുടെ പതന ശേഷം ഹിന്ദുമതത്തിൽ നിരവധി പുതിയ ആചാരങ്ങൾ നിലവിൽവരികയും പഴയവ പലതും പുറംതള്ളപ്പെടുകയും ചെയ്തു. വ്യത്യസ്തങ്ങളായ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും സമന്വയിക്കാനും പൗരോഹിത്യത്തിനു വേണ്ടി അവയെ സജീവമാക്കുവാനും നടത്തിയ ശ്രമങ്ങളാണ് വേദദർശനത്തെ കുഴിച്ചുമൂടിയത്.

ഇത്തരം പ്രവണതകളെയും അബദ്ധങ്ങളെയും പൗരോഹിത്യം വേദദർശനമാക്കി മാറ്റാൻ പിന്നീട് ശ്രമിക്കുകയുണ്ടായി. ഇപ്പോഴുമതുണ്ട്. കെട്ടിച്ചമച്ച സിദ്ധാന്തങ്ങൾക്ക് വേദ പ്രാമാണ്യമുണ്ടെന്ന് വാദിച്ച് 'ഈശ്വരപ്രോക്ത'മാക്കുക! ഹിന്ദുമത പണ്ഡിതന്മാരുടെ ഈ അപ്രമാദിത്യ വാദത്തെക്കുറിച്ച് ഡോ. രാധാകൃഷ്ണൻ എഴുതുന്നു: *''വിവിധ സമ്പ്രദായക്കാരായ വിമർശകന്മാരും വ്യാഖ്യാകാരന്മാരും തങ്ങളുടെ അഭിപ്രായങ്ങൾക്ക് വേദത്തിന്റെ അംഗീകരണമുണ്ടെന്ന് അവകാശപ്പെടുന്നു. അംഗീകരണം സ്വേച്ഛയാ വഴങ്ങുന്നില്ലെങ്കിൽ അതിനായി നിർബന്ധം ചെലുത്തുന്ന കാര്യത്തിൽ തങ്ങളുടെ കല്പനാ സാമർഥ്യം മുഴുവൻ പ്രയോഗിക്കുന്നു. പില്ക്കാലത്ത് നടന്ന വാദപ്രതിവാദങ്ങളുടെ വെളിച്ചത്തിൽ അവർ വേദഭാഷയ്ക്കിണക്കി തങ്ങൾക്കറിവു കുറഞ്ഞതും തീരെ അറിഞ്ഞുകൂടാത്തതുമായ വിഷയങ്ങൾക്കു കൂടി അനുമതി തേടുന്നു.''* (ഭാരതീയ ദർശനം, വാള്യം 2, പേ. 5, 6)

ഹിന്ദുമതത്തിൽ നൂറ്റാണ്ടുകളോളം നീണ്ടുനിന്ന വാദപ്രതിവാദത്തിൽ വേദവിമർശനങ്ങൾക്കായിരുന്നു വിജയം എന്നതിൽ പക്ഷാന്തരമില്ല. കാലക്രമത്തിൽ വേദവിരുദ്ധമായ സിദ്ധാന്തങ്ങൾ വേദദർശനമാണെന്ന ഏകകണ്ഠമായ അഭിപ്രായം ഉട



ലെടുത്തു. ബഹുദൈവത്വം, വിഗ്രഹാരാധന, അവതാരവാദം, അദ്വൈതം, പുനർജന്മ സിദ്ധാന്തം തുടങ്ങിയവയെല്ലാം വേദവിമർശന ദർശനങ്ങളായി രംഗത്തു വരികയും അവസാനം വേദദർശനമായി വാഴ്ത്തപ്പെട്ടവയുമാണ്! സ്വാമി രംഗനാഥാനന്ദ എഴുതുന്നു: *''വേദങ്ങളുടെ കർമ കാണ്ഡത്തിൽ കാണുന്ന വൈദിക ദൈവ ശാസ്ത്രത്തെ ഉപനിഷത്തുകളും ഗീതയും വിമർശിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. സംഹിതകളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ദേവതാ ഗണം, അനുഷ്ഠാനങ്ങൾക്ക് കല്പിക്കുന്ന അമിത പ്രാധാന്യം, 'അമും യജ; അമും ജയ' എന്നതു പോലെയുള്ള പ്രസ്താവനകൾ, അവയിൽ കാണുന്ന സന്തുഷ്ടമായ സ്വർഗങ്ങൾ എന്നിവയെല്ലാം വിമർശന വിധേയമാക്കിയിരിക്കുന്നു.''* (ഋഗ്വേദം ഭാഷാ ഭാഷ്യം, എട്ടാം വാള്യത്തിന്റെ അവതാരിക, പേ. 791, ഡി.സി. ബുക്സ്, കോട്ടയം, 1995)

വേദത്തിലെ ദൈവശാസ്ത്രത്തെയും പരലോക വിശ്വാസത്തിന്റെ ഭാഗമായ സ്വർഗത്തെയും, ഉപനിഷത്തും ഗീതയും വിമർശന വിധേയമാക്കിയെന്ന് ഈ പ്രസ്താവന സമ്മതിക്കുന്നു. ബഹുദൈവത്വം, വിഗ്രഹാരാധന, അവതാരവാദം, അദ്വൈതം എന്നീ വേദേതര ശാസ്ത്രങ്ങൾ ഉടലെടുത്തത് വേദദൈവ സങ്കല്പത്തെ പരാജയപ്പെടുത്തിയ ശേഷമാണ്. പരലോക വിശ്വാസത്തിന്റെ ഭാഗമായ പഴയ സ്വർഗ വിശ്വാസത്തെ അപഹസിച്ചതും വേദേതര ദർശനമായ പുനർജന്മ സിദ്ധാന്തം പ്രതിഷ്ഠിക്കുവാനായിരുന്നുവെന്ന് വ്യക്തം.

## കുറിപ്പുകൾ

1. സ്വാമി രംഗനാഥാനന്ദ, വിവ. പ്രൊഫ. വി. മുരളീധര മേനോൻ, ഉപനിഷത്തുകളുടെ സന്ദേശം, പേ. 325, ശ്രീരാമകൃഷ്ണമഠം, തൃശൂർ, 1994.
2. ഉപനിഷത്തുകളുടെ സന്ദേശം, പേ. 10.
3. ഭാരതീയ ദർശനം, വാള്യം 1, പേ. 115.
4. കെ. ദാമോദരൻ, ഭാരതീയ ചിന്ത, പേ. 271, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1992.
5. ആചാര്യ നരേന്ദ്രഭൂഷൺ, ദേവതകളുടെ വൈദിക സങ്കല്പം, ഭാഗം 2, പേ. 122, വൈദിക സാഹിത്യ പരിഷത്ത്, ചെങ്ങന്നൂർ. 1990
6. ദേവതകളുടെ വൈദിക സങ്കല്പം, ഭാഗം 2, പേ. 123, 124.
7. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്ര പഠനങ്ങൾ, പേ. 163, നാഷനൽ ബുക്സ്റ്റാൾ, കോട്ടയം, 1987.
8. ഈഴവർ അന്നും ഇന്നും, പേ. 41.
9. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, പേ. 248, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984.